ॐ

# ശ്രീ തളി മഹാദേവക്ഷേത്രം
# അങ്ങാടിപ്പുറം

*ഗ്രന്ഥകർത്താവ്:*
**വിജയശ്രീ ബാലൻ പൂതേരി**

**പ്രസാധകർ**

**കേരള ക്ഷേത്ര സംരക്ഷണ സമിതി**

**രജി. നമ്പർ: 142/77**

**ശ്രീ തളി മഹാദേവ ക്ഷേത്രം ദേവസ്വം**
മലപ്പുറം ജില്ല

**വില: ₹ 30/-**

**ശ്രീ തളി മഹാദേവ ക്ഷേത്രം, അങ്ങാടിപ്പുറം**

ഗ്രന്ഥകർത്താവ് : **വിജയശ്രീ ബാലൻ പൂതേരി**
**പൂതേരി ബുക്സ്**
പി.ഒ. കരിപ്പൂർ, വഴി കൊണ്ടോട്ടി
മലപ്പുറം ജില്ല, പിൻ- 673638
ഫോൺ: 9846343449, 9497617246

പ്രസാധകർ : **കേരള ക്ഷേത്ര സംരക്ഷണ സമിതി**

**രജി. നമ്പർ: 142/77**

**ശ്രീ തളി മഹാദേവ ക്ഷേത്രം ദേവസ്വം**
പി.ഒ. അങ്ങാടിപ്പുറം
മലപ്പുറം ജില്ല
പിൻ- 679 321
ഫോൺ: 0493-3257808
talitempleang@gmail.com
www.talikshethram.org.in

1-ാം പതിപ്പ് : 2018 ജനുവരി

ലേഔട്ട് : റോളക്സ് ഗ്രാഫിക്സ്, കോഴിക്കോട്

അച്ചടി : പ്രിന്റോർട്സ് ഓഫ്സെറ്റ് പ്രസ്
ഫറോക്ക്, ചുങ്കം
ഫോൺ: 0495 3249693

വില : ₹ 30/-

# രണ്ടു വാക്ക്

അങ്ങാടിപ്പുറം ശ്രീ തളി മഹാദേവ ക്ഷേത്രം കേരളത്തിലെ പ്രസിദ്ധ തളി ക്ഷേത്രങ്ങളിൽ ഒന്നാണ്. നൂറ്റാണ്ടുകളായി തകർന്നു കിടന്ന ശ്രീ തളി മഹാദേവ ക്ഷേത്രത്തിന്റെ പുനരുദ്ധാരണ ചരിത്രം ആലസ്യത്തിലാണ്ടുകിടന്ന ഹൈന്ദവ ജനതയുടെ നവോത്ഥാനത്തിന്റെ ചരിത്രംകൂടിയാണ്. കേരളഗാന്ധി കേളപ്പജിയുടെ നേതൃത്വത്തിൽ നടന്ന തളി ക്ഷേത്രത്തിലെ ആരാധനാ സ്വാതന്ത്ര്യസമരം ചരിത്രത്തിന്റെ താളുകളിൽ തങ്കലിപികളാൽ തുന്നിച്ചേർത്ത ഒന്നാണ്.

അങ്ങാടിപ്പുറം ശ്രീ തളി മഹാദേവ ക്ഷേത്രത്തിന്റെ പുനരുദ്ധാരണം നടന്നിട്ട് അര നൂറ്റാണ്ടോളമായെങ്കിലും ഇപ്പോഴാണ് ക്ഷേത്ര ചരിത്രം പ്രസിദ്ധീകരിക്കാൻ സൗഭാഗ്യം ലഭിച്ചത്. ക്ഷേത്രഭാരവാഹികൾ, ചരിത്രരേഖകൾ, പത്രമാധ്യമങ്ങൾ, ഭക്തജനങ്ങൾ എന്നിവരിൽനിന്നു ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ഗ്രന്ഥം തയ്യാറാക്കിയിട്ടുള്ളത്. ഈ ഗ്രന്ഥരചനയ്ക്ക് ശ്രീമഹാദേവന്റെ അനുഗ്രഹം ലഭിച്ചിട്ടുണ്ടെന്നാണ് ഈ ലേഖകൻ വിശ്വസിക്കുന്നത്. വേണ്ടസമയത്ത് ആവശ്യമായ രേഖകൾ ലഭിക്കുകയും പുസ്തകരചനയ്ക്കും പ്രസിദ്ധീകരണത്തിനുമായി സഹായികൾ എത്തിച്ചേരുകയും ചെയ്തു.

പ്രസിദ്ധമായ അങ്ങാടിപ്പുറം തളി ശ്രീ മഹാദേവ ക്ഷേത്രത്തിന്റെ ചരിത്രമെഴുതാൻ എന്നെ ചുമതലപ്പെടുത്തിയ ഭാരവാഹികളോടും ആവശ്യമായ വിവരങ്ങൾ തന്നവരോടും പുസ്തകരചനയിലും പ്രസിദ്ധീകരണത്തിലും സഹായിച്ചവരോടും കൃതജ്ഞത അറിയിച്ചുകൊണ്ട് ശ്രീ തളി മഹാദേവന്റെ തൃപ്പാദങ്ങളിൽ ഈ ഉപഹാരം സമർപ്പിച്ചുകൊള്ളുന്നു.

ഗുരുസ്മരണയിൽ

കരിപ്പൂർ **വിജയശ്രീ ബാലൻ പൂതേരി**
12.12.2017

# പ്രസാധകക്കുറിപ്പ്

ടിപ്പുവിന്റെ പടയോട്ടക്കാലത്തും 1921ലെ മാപ്പിളലഹളക്കാലത്തും മലബാറിലെ നൂറുകണക്കിന് ക്ഷേത്രങ്ങൾ തകർക്കപ്പെടുകയും അവയിൽ പലതും പിൽക്കാലത്ത് പള്ളികളായി രൂപാന്തരപ്പെടുകയും ചെയ്തിട്ടുണ്ട് എന്നത് ഒരു ചരിത്രവസ്തുതയാണ്. എന്നാൽ ബാഹ്യമായുണ്ടായ ഇത്തരം ആക്രമണങ്ങൾ മാത്രമല്ല, അഭ്യന്തര കാരണങ്ങളും ക്ഷേത്രങ്ങലുടെ അധഃപതനത്തിനു ഇടയാക്കി. കുറേ ശതകങ്ങളായി നാം നമ്മുടെ ക്ഷേത്രങ്ങളുടെ മഹത്വം എന്താണെന്നും എത്രയാണെന്നും മറന്നുപോയിരിക്കുന്നു. നമ്മുടെ അവഗണനകൊണ്ടാണ് അധികം ക്ഷേത്രങ്ങൾക്കും ജീർണത സംഭവിച്ചത്. കേരളത്തിൽ കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രവും അതിനോടനുബന്ധിച്ചു വളർന്നുവന്ന കലാസാംസ്കാരിക പ്രസ്ഥാനങ്ങളും ക്ഷേത്രങ്ങളെ അവജ്ഞയോടെ കാണുകയും ഒരു ക്ഷേത്രം നശിച്ചാൽ അത്രയും അന്ധവിശ്വാസം നശിച്ചുവെന്ന് പ്രചരിപ്പിക്കുകയും ചെയ്തു. ഇതോടൊപ്പം യുവജനങ്ങളുടെ ഇടയിൽ വളർന്നുവന്ന നിരീശ്വരവാദവും ക്ഷേത്രങ്ങളുടെ തകർച്ചയ്ക്ക് ആക്കം കൂട്ടി. സാമ്പത്തിക പരിഷ്കാരങ്ങളുടെ മറവിൽ ക്ഷേത്രസ്വത്തുക്കൾ അന്യാധീനപ്പെടുകയും നിത്യനിദാനകാര്യങ്ങൾ പോലും നടത്തുവാൻ കഴിയാതെ പല ക്ഷേത്രങ്ങളും പൂട്ടിയിടപ്പെടുകയും ചെയ്തു. സംസ്ഥാനതലത്തിൽ ദേവസ്വം ബോർഡുകളുടെയും ദേവസ്വം വകുപ്പിന്റെയും ഭരണം നിരീശ്വരവാദികളും ക്ഷേത്രവിശ്വാസം തൊട്ടുതെറിച്ചിട്ടില്ലാത്തവരുമായ രാഷ്ട്രീയക്കാരുടെ കൈകളിലമർന്നു. ഒരു സംഘടിതസമാജത്തിന് മാത്രമെ ക്ഷേത്രങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയൂവെന്ന നിലവന്ന അവസരത്തിലാണ് സ്വാതന്ത്ര്യസമരസേനാനിയും സർവോദയനേതാവുമായിരുന്ന സ്വർഗ്ഗീയ കേളപ്പജി ഈ രംഗത്തേയ്ക്ക് കടന്നുവന്നത്.

1966ൽ കോഴിക്കോട് കേന്ദ്രമാക്കി അദ്ദേഹം 'മലബാർ പ്രദേശ് ക്ഷേത്രസംരക്ഷണസമിതി'യെന്ന സംഘടനയ്ക്ക് രൂപം നൽകി.

ഈ സംഘടനയുടെ അധ്യക്ഷനായിരുന്ന കേളപ്പജിയുടെ നേതൃത്വത്തിൽ 1968ൽ അങ്ങാടിപ്പുറത്ത് നടന്ന ഐതിഹാസികമായ തളി ക്ഷേത്രസമരമാണ് സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഹിന്ദു നവോത്ഥാനപ്രവർത്തനങ്ങൾക്കും ഹിന്ദു ഐക്യത്തിനും ശക്തി പകർന്ന ചരിത്രസംഭവമെന്ന നിലയിൽ ഏറ്റവും ശ്രദ്ധേയമായത്.

കേരള ക്ഷേത്രസംരക്ഷണ സമിതിയുടെ മുൻ സംസ്ഥാനവൈസ്പ്രസിഡണ്ടും ദീർഘകാലം തളി ക്ഷേത്രഭരണസമിതിയുടെ സെക്രട്ടറിയും പത്രപ്രവർത്തകനുമായിരുന്ന ദിവംഗതനായ ശ്രീ. വി.കെ. ബാലചന്ദ്രൻ തളി ക്ഷേത്രസമരത്തെ അവലംബിച്ചെഴുതിയ ഒരു ലേഖനത്തിൽ ഇങ്ങനെ പറയുന്നു.

"ധർമ്മത്തിന് ഗ്ലാനി സംഭവിക്കുമ്പോൾ താൻ അവതരിക്കുമെന്ന് ഭഗവാൻ ഗീതയിൽ പറയുന്നുണ്ട്. തളിയിൽ ഭഗവാൻ സമരത്തിന്റെ രൂപത്തിൽ അവതരിച്ചുവെന്നാണെന്റെ വിശ്വാസം. നാസ്തികരുടെയും ഹിന്ദുവിരുദ്ധരുടെയും രാഷ്ട്രീയഭരണത്തിൽ സുരക്ഷിതമല്ലാതെ ദൈന്യാവസ്ഥയിൽ കഴിഞ്ഞ ക്ഷേത്രങ്ങളുടെ സമുദ്ധാരകനായി ജീവിതത്തിന്റെ സായാഹ്നവേളയിൽ കേളപ്പജിയെ രംഗത്തിറക്കിയതും ഭഗവാനായിരുന്നു. ഭക്തജനങ്ങളുടെ ദൃഢവിശ്വാസവും ഭക്തിയും കണ്ടു സന്തുഷ്ടനായ തളിയിലെ മഹാദേവൻ നൂറ്റാണ്ടുകളുടെ തപസ്സിൽ നിന്നുണർന്നതോടെ ഹിന്ദു ഉയിർത്തെഴുന്നേൽപ്പിന്റെ കഥയാരംഭിച്ചു. പലപ്പോഴും തളിക്ഷേത്രസമരം ഒരു നിമിത്തവും അവിടെ ജീർണ്ണത കഴുകിക്കളഞ്ഞ് പുത്തൻ ഉടുപ്പണിഞ്ഞ ഇന്നത്തെ ശ്രീകോവിൽ കേരളത്തിൽ ക്ഷേത്രവിശ്വാസത്തിന്റെയും ദൈവഭക്തിയുടെയും പ്രതീകമാണെന്നെനിക്കു തോന്നിയിട്ടുണ്ട്. ശാസ്ത്രത്തിന്റെ വളർച്ചക്ക് നിരീശ്വരത്വത്തിന്റെയും ഭൗതികവിജ്ഞാനത്തിന്റെയും പരിവേഷം ചാർത്തിയിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ ദൈവവിശ്വാസികൾ സർക്കാരിനോടു പട പൊരുതി വിപ്ലവത്തിലൂടെ ഒരു ക്ഷേത്രം സ്ഥലം വീണ്ടെടുത്ത കഥ വാസ്തവത്തിൽ അത്ഭുതകരവും അവിശ്വസനീയവുമല്ലെ? തളി ക്ഷേത്രസമരവിജയം ദൈവം ഇന്നും ഇവിടെ ക്ഷേത്രങ്ങളിൽ സജീവമായി വിരാജിക്കുന്നു എന്ന യാഥാർത്ഥ്യത്തിന്റെ പ്രത്യക്ഷോദാഹരണമാണ്. ഈ നിലയിൽ വിലയിരുത്തുമ്പോൾ ഐതിഹാസികമായിത്തീർന്ന സമരം ഭഗവാന്റെ ലീലകളായി വ്യാഖ്യാനിക്കാനാണെനിക്കിഷ്ടം. സമരത്തിന് നേതൃത്വം നൽകിയ നേതാക്കന്മാരും രണ്ടും കൽപ്പിച്ച് രംഗത്തിറങ്ങിയ ആബാലവൃദ്ധം ജനങ്ങളും ക്ഷേത്രങ്ങൾക്കുവേണ്ടിയുള്ള പോരാട്ടത്തിൽ ഭഗവാന്റെ ഉപകരണങ്ങൾ മാത്രമായിരുന്നു എന്നാണെന്റെ വിശ്വാസം."



നിരീശ്വരവാദികളായ മാർക്സിസ്റ്റുകാരും അവർ നിയന്ത്രിക്കുന്ന മുസ്ലീംമതമൗലികവാദികളും കൈകോർത്തു പിടിച്ചുകൊണ്ട് ഹൈന്ദവജനതയുടെ ആരാധനാസ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുവാൻ നടത്തിയ ശ്രമം ഇവിടെ പരാജയപ്പെടുകയാണുണ്ടായത്. അതിന്റെ ഓർമ പുതുക്കിക്കൊണ്ട് എല്ലാ വർഷവും നവംബർ 25 ആരാധനാസ്വാതന്ത്ര്യദിനമായി തളി ക്ഷേത്രത്തിൽ ആചരിച്ചു വരുന്നു.

തളി ക്ഷേത്രസമരചരിത്രത്തെ അവലംബിച്ച് ശ്രീ ബാലൻ പൂതേരി എഴുതിയ ഈ പുസ്തകം സഹൃദയസമക്ഷം സമർപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. ഞങ്ങളുടെ സ്നേഹപൂർണമായ നിർബന്ധത്തിന് വഴങ്ങിയാണ് അദ്ദേഹം ഈ സദുദ്യമത്തിനു തയ്യാറായി മുന്നോട്ടു വന്നത്. അദ്ദേഹത്തോട് ഞങ്ങൾക്കുള്ള കൃതജ്ഞതയും കടപ്പാടും സ്നേഹാദരങ്ങളും ഈയവസരത്തിൽ പ്രത്യേകം അറിയച്ചുകൊള്ളുന്നു.

അങ്ങാടിപ്പുറം
22.12.2017

**എൻ.എം. കദംബൻ നമ്പൂതിരിപ്പാട്**
പ്രസിഡണ്ട്
തളി മഹാദേവ ക്ഷേത്ര ഭരണസമിതി
അങ്ങാടിപ്പുറം

# വിഷയവിവരം


| | | |
|---|---|---|
| 1. | ക്ഷേത്രങ്ങൾ | 17 |
| 2. | പതിനെട്ടര തളികൾ | 20 |
| 3. | അങ്ങാടിപ്പുറത്തെ പൗരാണിക തളിക്ഷേത്രം | 24 |
| 4. | ക്ഷേത്രങ്ങളുടെ അധഃപതനം | 25 |
| 5. | ക്ഷേത്ര സംരക്ഷണ സമിതിയുടെ തുടക്കം | 27 |
| 6. | അങ്ങാടിപ്പുറം തളിക്ഷേത്ര പുനരുദ്ധാരണത്തിന്റെ തുടക്കം | 30 |
| 7. | ഐതിഹാസികമായ തളിസമരം | 31 |
| 8. | കേളപ്പജിയും തളി സമരവും | 32 |
| 9. | ക്ഷേത്ര സ്ഥലത്തെ ശുചീകരണം | 34 |
| 10. | പോലീസ് കാവലിൽ ഭജന | 36 |
| 11. | നിരോധനാജ്ഞയും അറസ്റ്റും | 38 |
| 12. | സത്യഗ്രഹ സമരം | 39 |
| 13. | സമരം സംസ്ഥാന വ്യാപകമാകുന്നു. | 42 |
| 14. | ഇ.എം.എസ്സിന്റെയും എ.കെ.ജിയുടെയും കുപ്രസിദ്ധ പ്രസംഗങ്ങൾ | 48 |
| 15. | സമരം പുതിയ ഘട്ടത്തിലേക്ക് | 50 |
| 16. | കേളപ്പജിയുടെ ഉപവാസം | 55 |
| 17. | പോലീസ് കാവലിൽ മതിൽ നിർമ്മാണം | 58 |
| 18. | ഉപവാസ സമരം പുതിയ ഘട്ടത്തിലേക്ക് | 65 |
| 19. | ഹിന്ദുക്കളുടെ സംഘടിത ശക്തിയെ വെല്ലുവിളിക്കരുത് | 69 |
| 20. | തളിക്ഷേത്ര പ്രശ്നത്തിൽ സർക്കാരിന് വിവേകം ഉദിക്കട്ടെ | 72 |
| 21. | ചരിത്ര പ്രസിദ്ധമായ കോടതിവിധി | 78 |
| 22. | തളി സമരത്തിന്റെ സ്വാധീനം | 85 |
| 23. | ക്ഷേത്ര നിർമ്മാണം | 86 |
| 24. | തളിക്ഷേത്രം | 91 |
| 25. | പൂജകളും നിവേദ്യങ്ങളും | 93 |
| 26. | തീവയ്പ്പും ശക്തമായ പ്രതിഷേധങ്ങളും | 94 |
| 27. | ദഹനപ്രായശ്ചിത്തവും ദ്രവ്യകലശവും | 105 |
| 28. | മഹാരുദ്രയജ്ഞം | 106 |
| 29. | തളിക്ഷേത്ര സാരഥികൾ | 109 |




*തളി ക്ഷേത്രം – 1968ന് മുമ്പ്*



*തളി ക്ഷേത്രം – ഇന്ന്*


കേളപ്പജി



പി. മാധവൻ


ചിന്മയാനന്ദ സ്വാമി


വി.എം. കൊറാത്ത്


സി.പി. ജനാർദനൻ


വി.കെ. ബാലചന്ദ്രൻമാസ്റ്റർ



അഡ്വ. ടി. നാരായണൻ നമ്പ്യാർ





അണ്ടലാടി ശങ്കരൻ നമ്പൂതിരിപ്പാട്
(ക്ഷേത്രം തന്ത്രി)

ടി. ഭാസ്കരൻ അടികൾ




നാരായണാലയം



നവംബർ 25ന് നടക്കുന്ന ലളിതാസഹസ്രസനാമ അർച്ചന



തളി ക്ഷേത്രത്തിൽ നിത്യേനയുള്ള പ്രഭാതഭക്ഷണവിതരണം


# ഭരണസമിതി



എൻ.എം. കദംബൻ നമ്പൂതിരിപ്പാട്
(പ്രസിഡണ്ട്)



കെ.പി. ദാസൻ
(വൈസ് പ്രസിഡണ്ട്)



കെ. നാരായണൻകുട്ടി
(സെക്രട്ടറി)



ടി.പി. സുധീഷ്
(ജോ. സെക്രട്ടറി)



എ. രാമചന്ദ്രൻ
(ട്രഷറർ)

## അംഗങ്ങൾ



സി.ടി. വിശ്വനാഥൻ



എം. ഭാസ്കരൻ



തങ്കം രാമചന്ദ്രൻ

# ജീവനക്കാർ



ടി.പി. സുധീഷ്
(സൂപ്രണ്ട്)




സി. പ്രതീഷ്
(ക്ലർക്ക്)



പി. ബിന്ദു
(ക്ലർക്ക്)



കെ. പ്രശാന്ത്
(ക്ലർക്ക്)



വി.കെ. രാമകൃഷ്ണൻ
(കലവറ)



കെ. കൃഷ്ണൻ കുട്ടി
(സെക്യൂരിറ്റി)



എ. കേശവദാസ്
(സെക്യൂരിറ്റി)



വി.കെ. സജിത്ത് നമ്പൂതിരി
(ശാന്തി)



എം. ഉദയകുമാർ
(കഴകം)



കെ. കാർത്ത്യായനി
(അടിച്ചുതളി)




*മൂന്നാമത് മഹാരുദ്രയജ്ഞവും മഹാശിവരാത്രി ആഘോഷവും നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു*



*താംബൂല പ്രശ്നം*

## 1. ക്ഷേത്രങ്ങൾ

വ്യക്തികളുടെയും കുടുംബത്തിന്റെയും സമാജത്തിന്റെയും ഭൗതികവും ആദ്ധ്യാത്മികവുമായ എല്ലാവിധ ഐശ്വര്യങ്ങൾക്കും അഭിവൃദ്ധികൾക്കും വേണ്ടിയാണ് ക്ഷേത്രങ്ങൾ നിർമ്മിച്ചിരിക്കുന്നത്. ആത്മീയ ശാസ്ത്രം, തന്ത്രശാസ്ത്രം, മന്ത്രശാസ്ത്രം, തച്ചുശാസ്ത്രം, ഗണിതശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, യോഗശാസ്ത്രം, വാസ്തുവിദ്യ എന്നിവയെല്ലാം സമന്വയിപ്പിച്ചാണ് ക്ഷേത്രങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. ഓരോ പ്രദേശത്തിന്റെയും സംസ്കാരികവും സാമൂഹ്യവുമായ ജീവിതരീതിക്ക് അനുയോജ്യമായ വിധത്തിലാണ് ക്ഷേത്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. ഈ ക്ഷേത്രങ്ങൾ അതത് ദേശക്കാരുടെ ആത്മചൈതന്യവുമായി ഒരു ബന്ധം സൃഷ്ടിക്കുന്നു. ഓരോ വ്യക്തിയുടെയും, അതിലൂടെ സമൂഹത്തിന്റെയും സമഗ്രമായ വികാസമാണ് ക്ഷേത്രം ലക്ഷ്യമാക്കുന്നത്.

ഭൂമിയിലെവിടെയും ജലമുണ്ട്. എന്നാൽ അവയെല്ലാം നമ്മുടെ ആവശ്യത്തിനായി ലഭിക്കുന്നില്ല. ശാസ്ത്രീയമായി സ്ഥാനനിർണ്ണയം ചെയ്തു കുഴിക്കുന്ന കിണറുകളിൽനിന്ന് ആവശ്യമായ ജലം ലഭിക്കുന്നു. അതുപോലെ പ്രപഞ്ചത്തിലെങ്ങും നിറഞ്ഞുനിൽക്കുന്ന ഈശ്വരചൈതന്യത്തെ ശാസ്ത്രീയമായ രീതിയിൽ വിശിഷ്ടങ്ങളായ മന്ത്രങ്ങളുടെ സഹായത്താൽ പ്രതിഷ്ഠിച്ചിട്ടുള്ള ജീവനുള്ള കേന്ദ്രങ്ങളാണ് ക്ഷേത്രങ്ങൾ. ക്ഷേത്രത്തിലെ വിഗ്രഹങ്ങൾ വെറും പ്രതീക്ഷകൾ മാത്രമല്ല. " വിശേഷേണ ഗ്രാഹ്യതി ഇതി വിഗ്രഹം" അതായത് വിശേഷരൂപത്തിൽ ഈശ്വരത്വം നമ്മെ ഗ്രഹിപ്പിക്കുന്നതാണ് വിഗ്രഹങ്ങൾ. ക്ഷേത്രങ്ങളിലെ ബിംബങ്ങൾക്ക് ചൈതന്യമുള്ളതായി ശാസ്ത്രീയ പരീക്ഷണങ്ങൾ വഴി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

ക്ഷേത്ര സങ്കൽപ്പം പൗരാണികമായ ഒന്നാണ്. വേദശാസ്ത്രങ്ങളിലും പുരാണേതിഹാസങ്ങളിലും വിഗ്രഹാരാധനയെ സംബ

ന്ധിച്ച പ്രമാണങ്ങൾ വേണ്ടുവോളം കാണാവുന്നതാണ്. രാമായണത്തിൽ ശ്രീരാമൻ തന്നെ രാമേശ്വരത്ത് ശിവ പ്രതിഷ്ഠ നടത്തിയതായി കാണാം. ക്ഷേത്രം നിർമ്മിച്ച് അതിൽ എന്റെ വിഗ്രഹം പ്രതിഷ്ഠിച്ച് പൂജായോഗ്യങ്ങളായ പുഷ്പങ്ങളുള്ള മനോജ്ഞങ്ങളായ പൂന്തോട്ടങ്ങളും നിത്യപൂജ, വിശേഷാൽ പൂജ, പുണ്യകാലങ്ങളിൽ ഉത്സവം എന്നിവയ്ക്കാവശ്യമായ ദ്രവ്യത്തെയും, ക്ഷേത്രങ്ങൾക്കായി സമർപ്പിക്കുന്നത് ഉത്തമമാകുന്നുവെന്ന് ഭാഗവതത്തിൽ ശ്രീകൃഷ്ണൻ വ്യക്തമാക്കുന്നു. ചെയ്യുന്നവനും ചെയ്യിക്കുന്നവനും ചെയ്യുന്നതിൽ സന്തോഷിക്കുന്നവനും ക്ഷേത്ര പ്രതിഷ്ഠാദികളിൽ ആരെല്ലാം എന്തെല്ലാം വിധത്തിൽ ഭാഗഭാക്കുകളാകുന്നുവോ അവർക്കൊക്കെയും അതിന്റെ ഫലം സിദ്ധിക്കുമെന്ന് ഭാഗവതം വ്യക്തമാക്കുന്നു.

ഈശ്വരനാകുന്ന ജീവന്റെ ശരീരമായിട്ടാണ് ഈ പ്രപഞ്ചത്തെ ഹൈന്ദവ ശാസ്ത്രങ്ങൾ കണക്കാക്കുന്നത്. ഈശ്വര ചൈതന്യം പ്രപഞ്ചത്തിലുള്ള എല്ലാ ജീവജാലങ്ങളിലും പ്രതിഫലിക്കുന്നു. ഒരേ വൈദ്യുത പ്രവാഹം വിവിധ വൈദ്യുത ഉപകരണങ്ങളിൽ വിവിധ തരത്തിൽ പ്രതിഫലിക്കുന്നതുപോലെ ഒരേ ഈശ്വരചൈതന്യം വിവിധ പ്രപഞ്ച വസ്തുക്കളിൽ വിവിധ തരത്തിൽ പ്രതിഫലിക്കുന്നു. തൂണിലും തുരുമ്പിലും മണ്ണിലും വിണ്ണിലും ദൈവമിരിക്കുന്നവെന്ന് പറയുന്നതിതുകൊണ്ടാണ്.

"ഈശാവാസ്യമിദം സർവ്വം" എന്ന ശ്ലോകത്തിലൂടെ അഖില വിശ്വ ബ്രഹ്മാണ്ഡത്തിൽ കാണുകയും കേൾക്കുകയും ചെയ്യുന്ന ചരാചര വസ്തുക്കളെല്ലാം അവയെല്ലാറ്റിന്റെയും സർവ്വ ആധാരവും സർവ്വ നിയന്താവും സർവാധിപതിയും സർവ്വശക്തിമാനും സർവ്വജ്ഞനും സർവ കല്യാണസ്വരൂപനുമായ പരമേശ്വരങ്കൽ വ്യാപ്തമായിരിക്കുന്നു എന്ന് ഈശാവാസ്യോപനിഷത് വ്യക്തമാക്കുന്നു. കല്ലായും മരമായും പുഴുവായും മൃഗമായും 84 ലക്ഷം ജന്മങ്ങൾ കഴിഞ്ഞ ശേഷമാണ് മനുഷ്യജന്മം ലഭിക്കുന്നത് എന്ന് ഹൈന്ദവ ശാസ്ത്രങ്ങൾ വ്യക്തമാക്കുന്നു. മനുഷ്യനിൽ കുടികൊള്ളുന്ന ഈശ്വര ചൈതന്യം അതിന്റെ പരിപൂർണ്ണതയിലെത്തിയിട്ടില്ല. പൂർണ്ണതയിൽ എത്തിയാൽ അത് ബ്രഹ്മത്തിൽ ലയിച്ചുചേരും. ഇതിനെയാണ് മോക്ഷം എന്നു പറയുന്നത്. ഓരോ മനുഷ്യനിലും ഒളിഞ്ഞുകിടക്കുന്ന ഈശ്വരചൈന്യത്തെ കഠിനമായ സാധനാമാർഗ്ഗത്തിൽക്കൂടി ഉയർത്തിയെടുത്ത് പരമപദത്തിലെത്തിക്കുന്ന പദ്ധതി ഹൈന്ദവ ശാസ്ത്രങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. എന്നാൽ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഇത് അപ്രാപ്യമാണ്. അതിനുള്ള ഒരു പരിഹാരമാണ് ക്ഷേത്രം. പ്രപഞ്ചത്തിലുള്ള എല്ലാ വസ്തുക്കളും പഞ്ചഭൂതങ്ങളാൽ നിർമ്മിതമാകുന്നു. പ്രപഞ്ചത്തിന്റെയും മനുഷ്യശരീരത്തിന്റെയും മാതൃകയിലാണ് ക്ഷേത്രങ്ങളും നിർമ്മിച്ചിട്ടുള്ളത്. "ഇദം ശരീരം കൗന്തേയ, ക്ഷേത്രമിത്യഭിധീയതേ." ഈ ദേഹം ക്ഷേത്രവും, ആത്മാവ് ഈശ്വരനുമാണെന്നറിയുക എന്ന് ഭഗവാൻ ശ്രീകൃഷ്ണൻ ഗീതയിൽ വ്യക്തമാക്കുന്നു.



മനുഷ്യന് സ്ഥൂലശരീരത്തിനു പുറമേ ഒരു സൂക്ഷ്മശരീരം കൂടിയുണ്ട്. ഇവയെല്ലാം ക്ഷേത്രശരീരത്തിലും അടങ്ങിയിരിക്കുന്നു. ദേവന്റെ ശിരസ്സാണ് ശ്രീകോവിൽ. ശ്രീകോവിലിൽ ഷഡാധാരവിധി പ്രകാരം ദേവ വിഗ്രഹം പ്രതിഷ്ഠിച്ചിരിക്കും. ഇത് ദേവന്റെ സൂക്ഷ്മ ശരീരമാണ്. മന്ത്രസാധനയാൽ നേടിയ ഈശ്വര ചൈതന്യത്തിന്റെ ഒരംശം ദേവബിംബത്തിൽ നിക്ഷേപിക്കുന്നു. ഇതോടെ ബിംബത്തിന് ചൈതന്യം കൈവരുന്നു. പിന്നീട് നിത്യപൂജയാലും ഉത്സവാദിക്രിയകളാലും ഈ ചൈതന്യത്തെ പരിപോഷിപ്പിക്കുന്നു. ഒരു ഭക്തൻ ഭക്തിനിർഭമായ മനസ്സോടെ ദേവനെ പ്രാർത്ഥിക്കുന്ന അവസരത്തിൽ ക്ഷേത്ര ശരീരത്തിലെ മന്ത്രസ്പന്ദനങ്ങളും ഭക്തന്റെ ഹൃദയത്തിലെ സ്പന്ദനങ്ങളും തമ്മിൽ താദാത്മ്യം പ്രാപിക്കുന്നു. ഇതോടെ ഭക്തന്റെ ആഗ്രഹം സഫലമാകുന്നു. ഇതിനെയാണ് ഈശ്വരാനുഗ്രഹം എന്നു പറയുന്നത്.

ശ്രീകോവിലിനു ചുറ്റും ചെറിയ ബലിക്കല്ലുകൾ വരെയുള്ള അകത്തെ പ്രദക്ഷിണ വഴിയാണ് ദേവന്റെ മുഖം. ഇന്ദ്രൻ, അഗ്നി, യമൻ, നിരൃതി, വരുണൻ, വായു, ചന്ദ്രൻ, ഈശാനൻ, ബ്രഹ്മാവ്, അനന്തൻ എന്നീ ദിക്പാലകൻമാരുടെ ബലിക്കല്ലുകൾ കാണാം. തെക്കുവശത്തെ യമന്റെ ബലിക്കല്ലിനടുത്ത് 9 ചെറിയ ബലിക്കല്ലുകൾ കൂടി കാണാം. ഇത് ബ്രഹ്മി, മഹേശ്വരി, കുമാരി, വൈഷ്ണവി, വരാഹി, ഇന്ദ്രാണി, ചാമുണ്ഡി എന്നീ സപ്തമാതൃക്കളും വീരഭദ്രനും ഗണപതിയുമാണ്. ദിക്പാലകൻമാർ മനസ്സിന്റെ അതിർത്തിദേവതകളാണ്. ശ്രീകോവിലിന്റെ മുൻവശത്ത് കാണുന്ന മുഖമണ്ഡപമാണ് ദേവന്റെ കഴുത്ത്. ഇവിടെ വച്ചാണ് വേദ മന്ത്രോച്ചാരണവും മറ്റും നടക്കുന്നത്. കൈകാലുകളുടെ സ്ഥാനത്താണ് നാലമ്പലം.

ഇവിടെ കന്നിമൂലയിൽ ഗണപതിയെയും മറ്റും പ്രതിഷ്ഠിച്ചിരിക്കുന്നു. ഇതിനു പുറമെയുള്ള പ്രദക്ഷിണവഴിയാണ് ദേവന്റെ വയറ്. വിള ക്കുമാടവും ഇവിടെയാണ്. ഉപദേവതകളുടെ പ്രതിഷ്ഠകളും വലിയ ബലിക്കല്ലും ഇവിടെ കാണാം. ധ്വജസ്തംഭം ദേവന്റെ നട്ടെല്ലാണ്. പുറത്തെ മതിൽക്കെട്ടുകൾ ദേവന്റെ മുട്ടുകളും കണങ്കാലുകളുമാണ്. ദേവന്റെ പാദമാണ് ഗോപുരം.

അനേകായിരം വരുന്ന സാധാരണക്കാർക്ക് കഠിനവും ദുഷ്കര വുമായ മാർഗ്ഗങ്ങളിലൂടെ കടന്നുപോകാതെ വളരെ എളുപ്പത്തിൽ പരമപദത്തിലെത്തുന്നതിനുള്ള പദ്ധതിയാണ് ക്ഷേത്രങ്ങൾ. നമ്മുടെ പൂർവ്വികർ നൽകിയ ഏറ്റവും വലിയ സംഭാവനയാണിത്. കുടും ബക്ഷേത്രങ്ങൾ കുടുംബത്തിന്റെയും ഗ്രാമക്ഷേത്രങ്ങൾ ഗ്രാമത്തി ന്റെയും ദേശക്ഷേത്രങ്ങൾ ദേശത്തിന്റെയും ഉന്നതിക്കുവേണ്ടിയാ ണ് നിർമ്മിച്ചിട്ടുള്ളത്. ഇവയുടെ അധഃപതനം കുടുംബത്തിന്റെയും ഗ്രാമത്തിന്റെയും ദേശത്തിന്റെയും അധഃപതനത്തിൽ മാത്രമേ കലാ ശിക്കുകയുള്ളൂ. വ്യക്തിയുടെയും കുടുംബത്തിന്റെയും സമാജത്തി ന്റെയും ഉന്നതിക്കുവേണ്ടിയുള്ള ക്ഷേത്രങ്ങളുടെ ഉദ്ധാരണത്തിൽ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

## 2. പതിനെട്ടര തളികൾ

പൗരാണിക കേരള ചരിത്രത്തിൽ സംഘകാല ചേരന്മാരുടെ ഭരണത്തിനുശേഷം ക്ഷേത്രാധിഷ്ഠിതമായി തളിയാതിരിമാർ ഭരണം നടത്തിയിരുന്നു. മുപ്പത്തിരണ്ട് മലയാള ഗ്രാമങ്ങളിൽ ഓരോന്നിനും ഓരോ ഗ്രാമണി ഉണ്ടായിരുന്നുവെന്നും അവയുടെ നായകനായി രുന്നു തളിയാതിരിയെന്നും പറയപ്പെടുന്നു. പതിനെട്ടരത്തളികൾ എന്നറിയപ്പെടുന്ന ക്ഷേത്രങ്ങൾ ഭരണസിരാകേന്ദ്രങ്ങളായിരുന്നു വെന്നും പറയുന്നു. കൊടുങ്ങല്ലൂരിൽ നാല് തളികൾ ഉണ്ടായിരു ന്നുവെന്നും അവ പെരുമാക്കന്മാരുടെ ശക്തികേന്ദ്രങ്ങളായിരുന്നു വെന്നും ഐതിഹ്യങ്ങളുണ്ട്.

കൊടുങ്ങല്ലൂരിലെ ഓരോ ഗ്രാമത്തിനും ഓരോ തമ്പ്രാക്കൾ ഉണ്ടായിരുന്നതിൽ ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ കുടുംബവും കുറു മാത്തൂർ തമ്പ്രാക്കളുടെ കുടുംബവും ഇന്നും നിലനിൽക്കുന്നു. ശൈവർ ശിവക്ഷേത്രങ്ങളുള്ള സ്ഥലങ്ങളെ 'സ്ഥലി'കൾ എന്നാ



ണ് വിളിച്ചിരുന്നത്. പവിത്രങ്ങളായ ഈ സ്ഥലികൾക്ക് കൈലാസ ത്തിന്റെ സ്ഥാനമാണുള്ളത്. സ്ഥലി എന്ന സംസ്കൃതപദത്തിന്റെ തമിഴ് രൂപമാണ് തളി. പിൽക്കാലത്ത് ദിവ്യസ്ഥലം എന്ന അർത്ഥ ത്തിൽ വിഷ്ണുക്ഷേത്രങ്ങൾക്കും തളിയെന്ന് പറയുന്ന രീതി ഉണ്ടാ യിരുന്നു.

പതിനെട്ടര തളികൾ എന്നാണ് പറഞ്ഞുവരുന്നത് എങ്കിലും തളി കൾ 18 ൽ കൂടുതൽ ഉണ്ട്. കേരളത്തിന്റെ വടക്കേ അറ്റത്തുള്ള നീലേശ്വരത്തെ ശ്രീ നീലകണ്ഠേശം തളിക്ഷേത്രമാണ് വടക്കേ അറ്റത്തെ തളിക്ഷേത്രമെന്നു പറയാം. അടുത്തതായി വരുന്നത് ഏഴി മലയിലെ രാമന്തളി ശങ്കരനാരായണ ക്ഷേത്രമാണ്. കണ്ണൂർ ജില്ല യിലെ തളിപ്പറമ്പിൽ സ്ഥിതി ചെയ്യുന്ന രാജരാജേശ്വരക്ഷേത്രം പ്രസി ദ്ധമായ ഒരു തളിക്ഷേത്രമാണ്. സംഘസാഹിത്യത്തിൽ പരാമർശി ക്കുന്ന കേരളത്തിലെ ഏക തളിക്ഷേത്രം ഇതാണ്.

തളിപ്പറമ്പ് കണ്ണൂർ റൂട്ടിൽ ധർമ്മശാലയ്ക്കടുത്ത് മേൽത്തളി, കീഴ്ത്തളി ക്ഷേത്രങ്ങൾ കാണാം. ഇതിൽ മേൽത്തളി ക്ഷേത്രം ടിപ്പു വിന്റെ ആക്രമണത്തിൽനിന്നു മോചിതമായിട്ടുണ്ടെങ്കിലും കീഴ്ത്തളി ക്ഷേത്രത്തിൽ പുനരുദ്ധാരണം നടന്നുവരുന്നതേയുള്ളൂ. കോഴി ക്കോട് ജില്ലയിൽ കൊയിലാണ്ടിക്കടുത്തുള്ള പന്തലായനിക്കൊ ല്ലത്തെ തളിക്ഷേത്രം പുനരുദ്ധരിച്ചുവരുന്നു. കുറ്റ്യാടിക്കടുത്ത തളി ക്ഷേത്രവും പുനരുദ്ധരിച്ചുവരുന്നു.

സാമൂതിരിയുടെ ആസ്ഥാനമായ കോഴിക്കോട്ടെ തളിക്ഷേത്രം പൗരാണിക പ്രൗഢിയോടെ ഇന്നും വിരാജിക്കുന്നു. സാമൂഹിക മായും സാംസ്കാരികമായും സാഹിത്യപരമായും ഈ തളിക്ഷേ ത്രത്തിനു വലിയ പ്രാധാന്യമുണ്ട്. പട്ടത്താനം എന്നറിയപ്പെടുന്ന സാഹിത്യ സദസ്സ് ഇന്നും ഇവിടെ നടന്നുവരുന്നു. കോഴിക്കോട് ജില്ലയിലെ മാങ്കാവിൽ തളിക്കുന്ന് ശിവക്ഷേത്രവും പ്രൗഢി വീണ്ടെ ടുത്തുകൊണ്ടിരിക്കുന്നു.

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകരയ്ക്കടുത്ത അഴിഞ്ഞിലം തളിക്ഷേത്രം ഇന്ന് പ്രൗഢിയോടെ വിരാജിക്കുന്നു. തകർന്നുമണ്ണ ടിഞ്ഞ് അന്യാധീനപ്പെട്ടുപോയ ഈ സ്ഥലത്ത് മനോഹരവും പ്രൗഢ വുമായ തളിക്ഷേത്രം പടുത്തുയർത്തുന്നതിൽ പ്രൊഫസർ വി.ജി. കെ. നായർ വഹിച്ച പങ്ക് അവിസ്മരണീയമാണ്. അഴിഞ്ഞിലം തളി ക്ഷേത്രത്തിന് വിഷ്ണുക്ഷേത്രം എന്ന പ്രത്യേകതയും ഉണ്ട്.

മലപ്പുറം ജില്ലയിൽ വേങ്ങരയ്ക്കടുത്ത് കണ്ണാട്ടിപ്പടിയിലെ തളി ക്ഷേത്രം ഇടക്കാലത്തെ അധഃപതനത്തിൽനിന്ന് ഉയർന്നുവന്നിരിക്കുന്നു. മലപ്പുറം ജില്ലയിൽ പുലാമന്തോളിനടുത്ത് കുരുവമ്പലം തളിക്ഷേത്രം സ്ഥിതിചെയ്യുന്നു.

അങ്ങാടിപ്പുറം തളിക്ഷേത്രത്തിന്റെ ചരിത്രഗ്രന്ഥമായതിനാൽ അതിനെക്കുറിച്ച് കൂടുതൽ പ്രതിപാദിക്കുന്നില്ല. പെരിന്തൽമണ്ണ-ചെർപ്പുളശ്ശേരി റൂട്ടിൽ ആലിപ്പറമ്പിൽ, ആലിപ്പറമ്പ് തളിക്ഷേത്രം സ്ഥിതിചെയ്യുന്നു. മലപ്പുറം ജില്ലയിലെ പൊന്നാനിക്കടുത്ത കാഞ്ഞിരമുക്കിൽ കാഞ്ഞിരംമുക്ക് തളിക്ഷേത്രം സ്ഥിതിചെയ്യുന്നു.

പാലക്കാട് ജില്ലയിൽ പള്ളിപ്പുറത്ത് കൊടിക്കുന്ന് ഹൈസ്കൂളിനടുത്തായി കൈതമുക്കിൽ തളിക്ഷേത്രം സ്ഥിതിചെയ്യുന്നു. പാലക്കാട് ജില്ലയിൽ പട്ടാമ്പി-പെരിന്തൽമണ്ണ റൂട്ടിൽ മരുതൂരിൽ തളി ക്ഷേത്രം സ്ഥിതിചെയ്യുന്നു. പട്ടാമ്പിക്കടുത്ത് ഓങ്ങല്ലൂർ തളിക്ഷേത്രം സ്ഥിതിചെയ്യുന്നു. തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരിക്കടുത്ത് മായന്നൂരിൽ കൊണ്ടാഴിത്തളിക്ഷേത്രം സ്ഥിതിചെയ്യുന്നു. വടക്കാഞ്ചേരിക്കടുത്ത് തളിയിൽ നൊട്ടമ്പുറം തളിക്ഷേത്രവും സ്ഥിതിചെയ്യുന്നു.

തൃശ്ശൂർ ജില്ലയിൽ ചേലക്കരയ്ക്കടുത്ത് വെങ്ങാനെല്ലൂരിൽ വെങ്ങാനെല്ലൂർ തളിക്ഷേത്രം സ്ഥിതിചെയ്യുന്നു. തൃശ്ശൂർ ജില്ലയിൽ കാഞ്ഞാണിക്കടുത്ത് പറമ്പുന്തളിക്ഷേത്രം സ്ഥിതിചെയ്യുന്നു. കൊടുങ്ങല്ലൂരിലെ മേൽത്തളിക്ഷേത്രം തൃക്കുലശേഖരപുരം ക്ഷേത്രത്തിലേക്ക് മാറ്റി പ്രതിഷ്ഠിച്ചു. കീഴ്ത്തളിക്ഷേത്രം കൊടുങ്ങല്ലൂരിൽ മേത്തലയെന്ന സ്ഥലത്താണ്. കൊടുങ്ങല്ലൂരിലെ ശൃംഗപുരത്തെ ശിവക്ഷേത്രമാണ് ചിങ്ങാർത്തളി എന്ന പേരിൽ അറിയപ്പെടുന്നത്. നെടിയതളി കൊടുങ്ങല്ലൂരിൽ കോതപ്പറമ്പിനടുത്ത് സ്ഥിതിചെയ്യുന്നു. കൊടുങ്ങല്ലൂരിൽ തൃക്കുലശേഖരപുരം മുന്നിലായി അരത്തളിക്ഷേത്രം ഉണ്ടായിരുന്നതായി പറയപ്പെടുന്നു.

എറണാകുളം ജില്ലയിൽ ചേന്ദമംഗലത്തിനടുത്ത് കുന്നത്ത് തളി ക്ഷേത്രം സ്ഥിതിചെയ്യുന്നു. അങ്കമാലിക്കടുത്ത് തിരുവെള്ളാമൽ തളി ക്ഷേത്രത്തിനടുത്ത് തിരുവന്തളിക്ഷേത്രം സ്ഥിതിചെയ്യുന്നു. കോട്ടയം ജില്ലയിൽ കടുത്തുരുത്തിയിൽ കടുത്തുരുത്തി തളി ക്ഷേത്രം സ്ഥിതിചെയ്യുന്നു. കോട്ടയത്ത് താഴത്തങ്ങാടിയിൽ താഴത്തങ്ങാടി തളിക്ഷേത്രം സ്ഥിതിചെയ്യുന്നു. തിരുവല്ലയ്ക്കടുത്ത് കൊരട്ടിയിൽ തളിക്ഷേത്രം ഉണ്ടായിരുന്നു. ഇത് തൃക്കുരുട്ടി ക്ഷേത്രമെന്ന് കരുതുന്നു. തിരുവനന്തപുരത്ത് കരമനയിൽ കരമനത്തളി ക്ഷേത്രം സ്ഥിതിചെയ്യുന്നു. തമിഴ്നാട്ടിലെ തിരുവട്ടാറിൽ തിരുവട്ടാർ തളിക്ഷേത്രം സ്ഥിതിചെയ്യുന്നു.



തളിക്ഷേത്രങ്ങളുടെ കൂട്ടത്തിൽ അരത്തളിക്ഷേത്രങ്ങളുമുണ്ട്. അരത്തളിയെന്ന് പറയുമെങ്കിലും ക്ഷേത്രസംവിധാനം നോക്കിയാൽ മുഴുത്തളികളുമായി ഈ അരത്തളിക്ക് യാതൊരു വ്യത്യാസവും ഇല്ല. അതിനാൽ അരത്തളിയെന്ന പേരും സ്ഥാനവും വന്നതെങ്ങനെയെന്നു വ്യക്തമല്ല. അരത്തളിയെന്നത് പട്ടാമ്പി താലൂക്കിലെ കൈതമുക്കിലെ കൈത്തളിയാണെന്ന് ഡോ. പ്രിയദർശൻ ലാൽ ക്ഷേത്രശക്തിയിൽ 2013 ഫെബ്രുവരി ലക്കത്തിൽ വ്യക്തമാക്കുന്നുണ്ടെങ്കിലും ശുകപുരം ദക്ഷിണാമൂർത്തി ക്ഷേത്ര ചരിത്രത്തിൽ കൊടുങ്ങല്ലൂരിൽ തൃക്കുലശേഖരപുരം ക്ഷേത്രത്തിന് മുന്നിലായി അരത്തളിക്ഷേത്രം ഉണ്ടായിരുന്നതായി പറയുന്നു.

നീലേശ്വരത്തിന് കിഴക്കുഭാഗത്തുള്ള പരപ്പ തളിയിൽ മഹാവിഷ്ണുവാണ് കുടികൊള്ളുന്നത്. കണ്ണൂർ ജില്ലയിലെ കല്യാശ്ശേരിയിലെ കണ്ടം തളിക്ഷേത്രത്തിൽ പാർത്ഥസാരഥിയാണ് കുടികൊള്ളുന്നത്. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിക്കടുത്ത തളിക്കരയിലെ തളിക്ഷേത്രത്തിൽ സുബ്രഹ്മണ്യസ്വാമിയാണ് കുടികൊള്ളുന്നത്. കോഴിക്കോട് ജില്ലയിലെ അഴിഞ്ഞിലം തളിക്ഷേത്രത്തിൽ മഹാവിഷ്ണുവാണ് കുടികൊള്ളുന്നതെന്ന് നേരത്തേ വ്യക്തമാക്കിയിട്ടുണ്ടല്ലോ. ഇതിൽനിന്നെല്ലാം തളിക്ഷേത്രങ്ങളിൽ ശ്രീമഹാദേവൻ മാത്രമല്ല കുടികൊള്ളുന്നതെന്ന് വ്യക്തമാകുന്നു.

തളിക്ഷേത്രങ്ങൾ അനവധി ഉണ്ടെങ്കിലും പതിനെട്ടരയ്ക്ക് പല പ്രത്യേകകളുമുണ്ട്. പതിനെട്ടരക്കാവുകൾ, പതിനെട്ടര തട്ടകം എന്നെല്ലാം പറഞ്ഞുവരുന്നു. അതുപോലെ പതിനെട്ടര കവികൾ, പതിനെട്ടര ഗ്രാമങ്ങൾ, പതിനെട്ടര നാടുകൾ എന്നെല്ലാം നാം പറഞ്ഞുവരുന്നു. പതിനെട്ടര എന്നു പറയുന്നിടത്തെല്ലാം എണ്ണത്തിൽ പത്തൊൻപതുണ്ട്. അതിനാൽ വലിയ പ്രാധാന്യം പതിനെട്ടര തളികൾക്കുണ്ടെന്ന് നമുക്ക് മനസ്സിലാക്കാം.

# 3. അങ്ങാടിപ്പുറത്തെ പൗരാണിക തളിക്ഷേത്രം

പൗരാണിക തളിക്ഷേത്രങ്ങളുടെ കൂട്ടത്തിൽ അങ്ങാടിപ്പുറം തളി ക്ഷേത്രത്തിന് വലിയ പ്രാധാന്യമാണുള്ളത്. അങ്ങാടിപ്പുറം തളി ക്ഷേത്രത്തിന്റെ ധ്വജസ്തംഭത്തിന്റെ മുകളിൽ കയറി നോക്കിയാൽ കോഴിക്കോട് തളിയുടെ ധ്വജസ്തംഭം ദർശിക്കാൻ കഴിഞ്ഞിരുന്നുവെന്നു പഴയ കാരണവന്മാർ പറയുമായിരുന്നു. ഒരു കാലത്തും നശിക്കാത്ത അവശിഷ്ടമായ ചൈതന്യകലകൾ അന്തർലീനമായ ഈ സങ്കേതം മറ്റു ശിവാലയങ്ങളിൽനിന്നു വളരെ വ്യത്യസ്തമായിരുന്നു.

അങ്ങാടിപ്പുറം ശ്രീ തിരുമാന്ധാംകുന്ന് ക്ഷേത്രം പൂരപ്പറമ്പിന്റെ കിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന അൽപ്പാക്കുളം മുതൽ അങ്ങാടിപ്പുറം-കുറ്റിപ്പുറം റോഡിൽ കോട്ടപ്പറമ്പുവരെ വ്യാപിച്ചുകിടക്കുന്ന ഒരു ക്ഷേത്രസമുച്ചയമായിരുന്നു അങ്ങാടിപ്പുറം തളിക്ഷേത്രം. അൽപ്പാക്കുളത്തിനടുത്തായിരുന്നു ക്ഷേത്രത്തിന്റെ ഗോപുരം. കോട്ടപ്പറമ്പിൽ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ അടുത്ത കാലം വരെ ഉണ്ടായിരുന്നു. ഈ മഹാക്ഷേത്രത്തിന്റെ നേരെ നടന്നിരിക്കാനിടയുള്ള ധ്വംസനത്തെക്കുറിച്ചോ ക്ഷേത്രം തകർക്കപ്പെട്ട കാലത്തെക്കുറിച്ചോ ആധികാരികമായി നിർണ്ണയിക്കാൻ രേഖകളൊന്നും ഇല്ല.

കേരളത്തിൽ തളിയാതിരിമാരുടെ ഭരണം അവസാനിച്ചതോടെ തളിക്ഷേത്രത്തിന്റെ പ്രാധാന്യവും കുറഞ്ഞുവന്നു. അങ്ങാടിപ്പുറം ഒരു കാലത്ത് വള്ളുവനാടിന്റെ തലസ്ഥാനവും വള്ളുവനാട്ടുകര രാജാക്കന്മാരുടെ ആസ്ഥാനവുമായിരുന്നു. തിരുമാന്ധാംകുന്ന് ഭഗവതി, വെള്ളാട്ടിരി രാജവംശത്തിന്റെ കുലദേവതയാണ്.

1760–1810 കാലഘട്ടത്തിൽ ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് നടന്ന ക്ഷേത്ര ധ്വംസനങ്ങളുടെ കൂട്ടത്തിൽ അങ്ങാടിപ്പുറം തളി ക്ഷേത്രവും ആക്രമണത്തിന് ഇരയായി. ക്ഷേത്ര പൂജാരിയുടെ അന്തർജ്ജനം, കഴകക്കാരൻ തുടങ്ങിയവരെ വധിച്ച് ടിപ്പുവും സംഘവും ക്ഷേത്രം കൊള്ളയടിച്ച് ക്ഷേത്രം തകർക്കുകയാണുണ്ടായത്. ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ കൊണ്ട് കോട്ടപ്പറമ്പിൽ ഒരു കോട്ട കെട്ടുവാൻ ശ്രമിച്ചെങ്കിലും വിജയിക്കാൻ ആയില്ല.

കോട്ടപ്പറമ്പ് എ.എം.എൽ.പി. സ്കൂൾ സ്ഥിതിചെയ്യുന്നതിന് വടക്കുഭാഗത്തായി ക്ഷേത്രത്തിലെ ബലിക്കല്ലും മറ്റവശിഷ്ടങ്ങളും



അടുത്ത കാലം വരെ ഉണ്ടായിരുന്നു. ക്ഷേത്രം തകർത്തെങ്കിലും ശിവലിംഗം യാതൊരു കേടുപാടുകളും കൂടാതെ നൂറ്റാണ്ടുകളോളം കാട്ടിനുള്ളിൽ അവഗണിക്കപ്പെട്ടു കിടക്കുകയാണുണ്ടായത്.

അതിവിശാലമായ ഭൂസ്വത്തുക്കളോടു കൂടിയതായിരുന്നു തളി ക്ഷേത്രം. ക്ഷേത്ര പരിസരത്തെ പറമ്പുകൾ തളിയിൽതൊടി എന്ന പേരിൽ ആണ് രേഖകളിൽ ഇപ്പോഴും അറിയപ്പെടുന്നത്. ക്ഷേത്രത്തിന്റെ വടക്കുകിഴക്കുഭാഗത്ത് ഇപ്പോഴത്തെ പാലക്കാട്-കോഴിക്കോട് നാഷണൽ ഹൈവേ(N H 213)യിലായിരുന്നു ക്ഷേത്രത്തിലെ തീർത്ഥക്കിണർ ഉണ്ടായിരുന്നത്. 500 മീറ്ററോളം കിഴക്കായി തിരുമാന്ധാംകുന്ന് പൂരപ്പറമ്പിന്റെ കിഴക്കുഭാഗത്തായി റോഡരികിൽ കാണുന്ന കരിങ്കൽ പടവുകളോടുകൂടിയ അൽപ്പാക്കുളം തളിക്ഷേത്രത്തിന്റെ തീർത്ഥക്കുളമായിരുന്നു. ഇപ്പോൾ പ്രസ്തുത കുളം ഹൈന്ദവ ശാക്തീകരണത്തിന്റെ വിജയസ്തംഭമായി പരിലസിക്കുന്നു.

# 4. ക്ഷേത്രങ്ങളുടെ അധഃപതനം

കേരളം പൗരാണിക കാലം മുതൽക്കേ സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായി ഉയർന്ന നിലവാരം പുലർത്തിയിരുന്നു. പരശുരാമൻ മഴുവെറിഞ്ഞ് കടലിൽനിന്നു വീണ്ടെടുത്തതാണ് കേരളമെന്നു വിശ്വസിച്ചുവരുന്നു. ഭൂമിശാസ്ത്രപരമായി പരിശോധിച്ചാൽ കേരളം കടൽ നീങ്ങി ഉണ്ടായതാണെന്നു മനസ്സിലാക്കാൻ കഴിയും.

കേരളം ഭരിച്ച മഹാബലിയുടെ സൽഭരണത്തിന്റെ സ്മരണകൾ ഇന്നും നമ്മുടെ നാട്ടിൽ നിറഞ്ഞുനിൽക്കുന്നു. കള്ളവും ചതിയും പൊളിവചനവും ഇല്ലാത്ത മാനുഷർ എല്ലാവരും ഒന്നുപോലെ കഴിഞ്ഞ ആ സുവർണ്ണകാലത്തെ ഇന്നും നാം ഓർക്കുന്നു. കേരളത്തിന്റെ സമുദ്ധാരകനായ ശ്രീ പരശുരാമൻ കേരളത്തിന്റെയും കേരളീയരുടെയും ഐശ്വര്യ അഭിവൃദ്ധിക്കായി 108 ദുർഗ്ഗാക്ഷേത്രങ്ങളും 108 ശിവക്ഷേത്രങ്ങളും സ്ഥാപിച്ചതായും കേരളത്തിന്റെ സംരക്ഷണത്തിനായി 108 ശാസ്താക്ഷേത്രങ്ങൾ പ്രതിഷ്ഠിച്ചതായും ഐതിഹ്യങ്ങൾ വ്യക്തമാക്കുന്നു. കേരളത്തിലെ ഭരണാധികാരികൾ

ക്ഷേത്ര നിർമ്മാണത്തിനും ക്ഷേത്രസംരക്ഷണത്തിനും വലിയ പ്രാധാന്യമാണ് നൽകിയിരുന്നത്.

കലാ സാംസ്കാരിക, സാഹിത്യ വികസനത്തിൽ ക്ഷേത്രങ്ങൾ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. കേരളീയരുടെ ഭൗതികവും ആദ്ധ്യാത്മികവുമായ വികസനത്തിൽ ക്ഷേത്രങ്ങൾ വഹിച്ച പങ്ക് അവസ്മരണീയമാണ്. ഇടക്കാലത്ത് ക്ഷേത്രങ്ങളുടെ നാശത്തിനും ഹിന്ദുസമാജത്തിന്റെ അനൈക്യത്തിനും ഹിന്ദുക്കളുടെ അധഃപതനത്തിനുമുള്ള കാരണങ്ങൾ പലതാണ്. അവയിൽ ചിലത് നമുക്കൊന്നു പരിശോധിക്കാം.

ടിപ്പുവിന്റെയും ഹൈദരലിയുടെയും പടയോട്ടം ഹൈന്ദവ ക്ഷേത്രങ്ങളുടെ നശീകരണത്തിന് ഇടയാക്കിയിരുന്നു. 1921-ലെ മലബാർ കലാപവും മറ്റു കലാപങ്ങളും മലബാറിനെ ക്ഷേത്രങ്ങളുടെ ശവപ്പറമ്പാക്കി മാറ്റിയിരുന്നു.

ഭൂപരിഷ്കരണ നിയമത്തിന്റെ ഫലമായി കുടിയാൻമാരുടെ കൈവശമുണ്ടായിരുന്ന ക്ഷേത്ര സ്വത്തുക്കൾ നഷ്ടപ്പെട്ടു. അതിനാൽ പല ക്ഷേത്രങ്ങളുടെയും നിത്യനിദാന ചെലവുകൾ നടത്താൻ കഴിയാതെയായി. ക്ഷേത്രങ്ങൾക്ക് നഷ്ടപ്പെട്ട ഭൂമിക്കു വർഷാശനം നൽകാൻ വ്യവസ്ഥ ഉണ്ടായിരുന്നുവെങ്കിലും അതെല്ലാം നാമമാത്രമായിരുന്നു. അതുകൊണ്ട് ക്ഷേത്രകാര്യങ്ങൾ വേണ്ട രീതിയിൽ നടത്തിക്കൊണ്ടുപോകാൻ കഴിയാതെയായി.

തിരുവിതാംകൂറിൽ ക്ഷേത്രഭരണത്തിന് ദേവസ്വം ബോർഡ് ഉണ്ടായിരുന്നെങ്കിലും മലബാറിൽ അതുണ്ടായിരുന്നില്ല. പഴയ മദിരാശി ഗവൺമെന്റിന്റെ കാലത്തുള്ള ഹിന്ദു സ്ഥാപന വകുപ്പ് എന്ന ഒന്നേ ഇവിടെ ഉണ്ടായിരുന്നുള്ളൂ. എന്നാൽ വലിയ വരുമാനമുള്ള വലിയ ക്ഷേത്രങ്ങൾ മാത്രമേ ഇതിന്റെ പരിധിയിൽ വന്നിരുന്നുള്ളൂ. ഭൂരിപക്ഷം വരുന്ന ഇടത്തരം ക്ഷേത്രങ്ങൾ നടത്താൻ കഴിയാതെ ഊരാളന്മാർക്ക് കയ്യൊഴിയേണ്ടിവന്നു. അതിനാൽ അവയെല്ലാം തീർത്തും അനാസ്ഥയിലായി. ഈ ദുരവസ്ഥയ്ക്ക് ഒരു അറുതി വരുത്താൻ ക്ഷേത്രത്തെ സ്നേഹിക്കുന്നവർ ആഗ്രഹിച്ചു.



## 5. ക്ഷേത്ര സംരക്ഷണ സമിതിയുടെ തുടക്കം

ഭൂപരിഷ്കരണത്തെ തുടർന്ന് ക്ഷേത്രങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ള പ്രതിസന്ധിയെക്കുറിച്ചു വിശദമായി പ്രതിപാദിക്കുന്ന ഒരു ലേഖനം ശ്രീ ടി. നാരായണൻ നമ്പ്യാർ ശ്രീ വി.എം. കൊറാത്തിന് അയച്ചു കൊടുത്ത് മാതൃഭൂമിയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിന് വായനക്കാരിൽനിന്നു നല്ല പ്രതികരണമാണ് ലഭിച്ചത്. ഈ ലേഖനം കേളപ്പജിയുടെ ശ്രദ്ധയിൽപ്പെട്ടു. ശ്രീ വി. എം. കൊറാത്തിനെ അദ്ദേഹം ഗാന്ധിഗൃഹത്തിലേക്ക് വിളിച്ചുവരുത്തി. തറമ്മൽ കൃഷ്ണനും അവിടെ ഉണ്ടായിരുന്നു. ഇക്കാര്യത്തെക്കുറിച്ചു നമുക്ക് എന്തെങ്കിലും ചെയ്യണമെന്ന് കേളപ്പജി അഭിപ്രായപ്പെട്ടു. ഇതിൽ സഹകരിക്കാവുന്ന ഒരു ഡസനോളം ആളുകളുടെ പേരുകൾ കേളപ്പജി നിർദ്ദേശിക്കുകയും ചെയ്തു. മറ്റു ചിലരുടെ പേരുകൾ തറമ്മൽ കൃഷ്ണനും നൽകി. താമസിയാതെ ഒരു യോഗം വി.എം. കൊറാത്ത് വിളിച്ചുകൂട്ടി. കേളപ്പജിയുടെ അദ്ധ്യക്ഷതയിലാണ് യോഗം നടന്നത്. ടി. നാരായണൻ നമ്പ്യാരാണ് വിഷയം അവതരിപ്പിച്ചത്. ക്ഷേത്രങ്ങളുടെ പ്രശ്നം കൈകാര്യം ചെയ്യുന്നതിന് ഒരു സംഘടന വേണമെന്നും കേളപ്പജി മുന്നിട്ടിറങ്ങിയാൽ ഫലപ്രദമായി വല്ലതും ചെയ്യാനാവുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. തനിക്ക് പ്രായമായെങ്കിലും ഈ സംരംഭത്തിൽ തന്നാലാവുന്നതു ചെയ്യാൻ താനൊരുക്കമാണെന്ന് കേളപ്പജി അറിയിച്ചു. ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽനിന്നു ദേവസ്വങ്ങളെ ഒഴിവാക്കാതിരുന്നത് കടുത്ത അനീതിയാണെന്നും അങ്ങനെ ചെയ്യാതിരുന്നത് ക്ഷേത്രകാര്യത്തിൽ സർക്കാരിന് ഒട്ടും താൽപ്പര്യമില്ലാത്തതിനാലാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അതിൽ അത്ഭുതപ്പെടാനില്ല.

നിരീശ്വരനും നിർമതസ്ഥനുമായ ഇ.എം.എസിന്റെ കമ്മ്യൂണിസ്റ്റ് സർക്കാർ ആയിരുന്നല്ലോ നിയമം കൊണ്ടുവന്നത്. ഒരു ക്ഷേത്രം നശിച്ചാൽ അത്രയും അന്ധവിശ്വാസം കുറയും എന്ന് പരസ്യമായി പറഞ്ഞയാളാണ് ഇ.എം.എസ്. ദേവസ്വങ്ങളുടെ സ്വത്ത് നഷ്ടപ്പെട്ടാൽ ക്ഷേത്രങ്ങൾ അതു മുഖേന നശിച്ചുകൊള്ളും എന്നാവും അവരുടെ കണക്കുകൂട്ടൽ. സ്വത്തുക്കൾ നഷ്ടപ്പെട്ട ക്ഷേത്രങ്ങളെ ഊരാളന്മാരും കൈവിടേണ്ട സാഹചര്യത്തിൽ ക്ഷേത്ര വിശ്വാസികൾ

തന്നെ അവയുടെ സംരക്ഷണച്ചുമതല ഏറ്റെടുക്കണം. ക്ഷേത്രങ്ങൾ ആരാധകരുടേതാണ്. അവ നിലനിർത്തേണ്ടതും അവർതന്നെ.

സർക്കാരിനെയോ ഊരാളന്മാരെയോ ആശ്രയിക്കാതെത്തന്നെ ക്ഷേത്രങ്ങളുടെ ഭരണ നിർവ്വഹണത്തിന് ഒരു സംവിധാനമുണ്ടാക്കണമെന്ന് കേളപ്പജി അഭിപ്രായപ്പെട്ടു. യോഗത്തിൽ പങ്കെടുത്തവർക്കെല്ലാം കേളപ്പജിയുടെ പ്രസംഗം വലിയ ആശ്വാസമുണ്ടാക്കി. അദ്ദേഹത്തിന്റെ നേതൃത്വവും മാർഗ്ഗദർശനവും ഉണ്ടെങ്കിൽ പുതിയ സംരംഭം വിജയിക്കുമെന്ന ഉറച്ച വിശ്വാസം അവർക്കുണ്ടായിരുന്നു. തുടർന്നുനടന്ന ചർച്ചയിൽ പങ്കെടുത്തവരെല്ലാം ഈ ശുഭപ്രതീക്ഷ പ്രകടിപ്പിക്കുകയുണ്ടായി. ക്ഷേത്ര സംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനായി ഒരു സംഘടന വേണമെന്ന അഭിപ്രായവും പലരിൽനിന്നും ഉണ്ടായി. ഈ യോഗത്തിൽ വച്ചാണ് മലബാർ ക്ഷേത്ര സംരക്ഷണ സമിതി രൂപീകരിച്ചത്.

കെ. കേളപ്പജി (പ്രസിഡന്റ്), ടി. നാരായണൻ നമ്പ്യാർ, തറമ്മൽ കൃഷ്ണൻ (വൈസ് പ്രസിഡന്റുമാർ), വി.എം. കൊറാത്ത് (ജനറൽ സെക്രട്ടറി), ടി.കെ. കുഞ്ഞനന്തൻ (ജോ. സെക്രട്ടറി), കെ.വി. അച്യുതൻ നായർ (ഖജാൻജി) എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു. ജില്ലയുടെ വിവിധ സ്ഥലങ്ങളിൽനിന്നുള്ളവർക്ക് പ്രാതിനിധ്യമുള്ള ഒരു പ്രവർത്തക സമിതിയും രൂപവൽക്കരിച്ചു. സമിതിയുടെ പ്രവർത്തനത്തിന്റെ പ്രാരംഭമെന്ന നിലയിൽ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനും സംരക്ഷണത്തിനും ജനങ്ങളെ സന്നദ്ധരാക്കുന്നതിനായി വിവിധ സ്ഥലങ്ങളിൽ പ്രചാരണ യോഗങ്ങൾ സംഘടിപ്പിക്കണമെന്ന് പ്രവർത്തക സമിതി നിശ്ചയിക്കുകയും വി.എം. കൊറാത്തിനെയും കുഞ്ഞനന്തനെയും അതിന് ചുമതലപ്പെടുത്തുകയും ചെയ്തു.

വി.എം. കൊറാത്ത് അന്ന് മാതൃഭൂമിയുടെ അസിസ്റ്റന്റ് എഡിറ്ററായിരുന്നു. അതിനാൽ പൊതുപ്രവർത്തനത്തിന് സമയവും സൗകര്യവും കുറവായിരുന്നു. ആഴ്ചയിൽ ഒരു ദിവസം മാത്രമേ ഇതിന് ലഭിച്ചിരുന്നുള്ളൂ. അതിനാൽ കുഞ്ഞനന്തനാണ് കാര്യമായി പ്രവർത്തിച്ചിരുന്നത്. വടക്കേ മലബാറിലാണ് കാര്യമായി ക്ഷേത്ര സംരക്ഷണ സമിതിയുടെ പ്രവർത്തനങ്ങൾ നടന്നത്. അവിടെ നാരായണൻ നമ്പ്യാർ കുഞ്ഞനന്തനുവേണ്ടി സൗകര്യങ്ങൾ ചെയ്തുകൊടുത്തു. ചില യോഗങ്ങളിൽ അദ്ദേഹം പങ്കെടുക്കുകയും ചെയ്തു.



വളരെ പ്രധാനപ്പെട്ട കാര്യങ്ങൾക്കു മാത്രം കേളപ്പജിയെ ബുദ്ധിമുട്ടിച്ചാൽ മതിയെന്ന് നമ്പ്യാർ പ്രത്യേകം പറഞ്ഞിരുന്നു.

കേളപ്പജി തന്നെ ചെല്ലണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പല സ്ഥലങ്ങളിൽനിന്നും കത്തുകൾ കിട്ടിക്കൊണ്ടിരുന്നു. അവിടെയൊക്കെ പോകണമെന്നത് അദ്ദേഹത്തിനു നിർബന്ധമായിരുന്നു. ചെന്നുകണ്ട ക്ഷേത്രങ്ങളിൽ മിക്കവയുടെയും സ്ഥിതി പരിതാപകരമായിരുന്നു. ശ്രീകോവിലുകൾ കൂടി പൊട്ടിപ്പൊളിഞ്ഞ് ചോർന്നൊലിച്ചു കിടന്നിരുന്നു. പലതിനും നിത്യപൂജയ്ക്കുപോലും വഴിയില്ലായിരുന്നു. ഒരു കാലത്ത് ഓരോ ദേശത്തെയും ഭക്തജനങ്ങൾക്ക് സാന്ത്വനമരുളിയ ക്ഷേത്രങ്ങളുടെ ഈ ദുരവസ്ഥ കേളപ്പജിയെ തെല്ലൊന്നുമല്ല വേദനിപ്പിച്ചത്. സർക്കാരിൽനിന്നോ ഊരാളന്മാരിൽനിന്നോ ഒരു സഹായവും പ്രതീക്ഷിക്കാനില്ല. അതിനാൽ ക്ഷേത്രങ്ങളുടെ ജീർണോദ്ധാരണത്തിന് ഭക്തർ തന്നെ മുന്നിട്ടിറങ്ങുകയേ നിവൃത്തിയുള്ളൂ എന്നാണ് കേളപ്പജിക്ക് എല്ലാവരോടും പറയാനുണ്ടായിരുന്നത്

## ഒരു മാതൃകാ പ്രവർത്തനം

ഇങ്ങനെയുള്ള യാത്രകൾക്കിടയിലാണ് വയനാട്ടിൽ ബത്തേരിയിലെ ഗണപതിവട്ടം ക്ഷേത്രത്തിന്റെ പുനർനിർമ്മാണ പ്രവർത്തനം കേളപ്പജി കാണാനിടയായത്. കോഴിക്കോട്ടിനടുത്ത് കൊളത്തൂർ ആശ്രമത്തിലെ ഗുരുവരാനന്ദ സ്വാമികളുടെ മേൽനോട്ടത്തിലാണ് അതു നടക്കുന്നതെന്നറിഞ്ഞപ്പോൾ കേളപ്പജിക്ക് സ്വാമിയെ നേരിട്ടു കാണണമെന്ന് നിർബന്ധമായി. ഒരു ദിവസം കൊളത്തൂരിൽ പോയി. ആശ്രമവും തൊട്ടടുത്തു തന്നെ പുനർനിർമ്മാണം നടത്തിയ മഹാക്ഷേത്രവും കണ്ടു. പൂർണ്ണമായും തകർന്നു കിടന്നിരുന്ന ഈ ക്ഷേത്രമാണ് സ്വാമിയുടെ പരിശ്രമഫലമായി ആദ്യം നവീകരിക്കപ്പെട്ടത്. പിന്നീട് ഗണപതിവട്ടം ഉൾപ്പെടെ പല ക്ഷേത്രങ്ങളുടെയും നിർമ്മാണത്തിന് സ്വാമി നേതൃത്വം വഹിച്ചിട്ടുണ്ട്. കൊളത്തൂരിൽ ക്ഷേത്രത്തിനു പുറമേ ഒരു പ്രൈമറി സ്കൂളും ഹെൽത്ത് സെന്ററും സ്വാമിയുടെ ശ്രമം കൊണ്ടുതന്നെയാണ് ഉണ്ടായത്. ഗതാഗതസൗകര്യമില്ലാത്ത ഈ പ്രദേശത്തെ, നഗരവുമായി ബന്ധിപ്പിക്കുന്ന ഒരു റോഡ് നിർമ്മിച്ചു കിട്ടുന്നതിനുള്ള യജ്ഞത്തിലാണ് അദ്ദേഹമിപ്പോൾ.

സാധാരണ സന്യാസിമാരിൽനിന്നു വ്യത്യസ്തനാണ് ഗുരുവരാനന്ദജി. ആദ്ധ്യാത്മികചര്യയോടൊപ്പം സാമൂഹ്യ സേവനവും നടത്തുന്ന ഒരു കർമ്മയോഗി. ഒറ്റയ്ക്ക് ഇത്രയധികം കാര്യങ്ങൾ ചെയ്യാൻ അങ്ങേയ്ക്ക് എങ്ങനെ സാധിച്ചു എന്ന കേളപ്പജിയുടെ ചോദ്യത്തിന് സ്വാമിയുടെ മറുപടി ഇതായിരുന്നു. "നാം എല്ലാം തുടങ്ങിവയ്ക്കാറേ ഉള്ളൂ. പിന്നെ മറ്റുള്ളവർ അത് ഏറ്റെടുത്തു നടത്തിക്കൊള്ളും. കൊളത്തൂർ സന്ദർശനം കേളപ്പജിയെ ആവേശഭരിതനാക്കി. ഒരാൾക്ക് ഇത്രയെല്ലാം ചെയ്യാനാകുമെങ്കിൽ സമിതിക്ക് നാട്ടിലെ ജീർണ്ണിച്ച ക്ഷേത്രങ്ങളുടെ പുനർനിർമ്മാണം നടത്തുക അത്ര ശ്രമകരമല്ല. (ഓർമ്മയുടെ നിലാവ് എന്ന തന്റെ ആത്മകഥയിൽ ശ്രീ. വി.എം. കൊറാത്ത് ഇവയെല്ലാം വളരെ വിശദമായി വിവരിക്കുന്നുണ്ട്.)

## 6. അങ്ങാടിപ്പുറം തളിക്ഷേത്ര പുനരുദ്ധാരണത്തിന്റെ തുടക്കം

അങ്ങാടിപ്പുറം പത്തിരിയാലിക്കൽ ജംഗ്ഷന്റെ (അങ്ങാടിപ്പുറം ജംഗഷ്ൻ) തെക്കുവശത്ത് ഉയർന്ന ഭാഗത്ത് കാഞ്ഞിരക്കാടിന്റെ മദ്ധ്യഭാഗത്തായി ലക്ഷണയുക്തമായ ഒരു ശിവലിംഗം അവഗണിക്കപ്പെട്ടുകിടന്നിരുന്നു. 1924–ൽ മുളയത്ത് ലക്ഷ്മി അമ്മയുടെ മകൻ വേലായുധൻ കാടുപടലങ്ങൾ വെട്ടിമാറ്റി വിളക്ക് വെച്ചു. മൂന്ന് ദിവസം അദ്ദേഹം തുടർച്ചയായി ആരാധന നടത്തി. പിന്നീട് ആരുടെയും സഹകരണം ഇല്ലാത്തതു കാരണം ആരാധന തുടർന്നു പോകാൻ ആയില്ല.

ക്ഷേത്രത്തിന്റെ തെക്കുപടിഞ്ഞാറ് ഭാഗം അര ഏക്കർ സ്ഥലം പളിഞ്ഞക്കാട്ടിൽ അപ്പുക്കുട്ടൻ നായരുടെ കൈവശത്തിലായിരുന്നു. കാടുപിടിച്ച ആ സ്ഥലം പുല്ലൂർശ്ശങ്ങാട്ടിൽ കുഞ്ഞാപ്പുവിന് നിസ്സാര വിലയ്ക്ക് വിറ്റു. രാമസിംഹൻ വധക്കേസിലെ ഒരു പ്രധാന പ്രതിയായ കുഞ്ഞാപ്പു മരക്കച്ചവടക്കാരനായിരുന്നു. ഈ സ്ഥലത്ത് അദ്ദേഹം ഒരു ഷെഡ് ഉണ്ടാക്കി അതിൽ ഓഫീസായി ഉപയോഗിച്ചുവന്നിരുന്നു. പിന്നീടത് ഒരു വിഷവൈദ്യശാലയാക്കി. ഈ സമയത്താണ് തളി പ്രക്ഷോഭം ആരംഭിച്ചത്. ക്ഷേത്ര സമരം ആരംഭിച്ചപ്പോൾ വിഷവൈദ്യശാലയുടെ ബോർഡ് മാറ്റി ഒറ്റ ദിവസം കൊണ്ട് നിസ്ക്കാരപ്പള്ളി എന്ന ബോർഡ് വച്ചു. ഇന്ന് തളി ക്ഷേത്രത്തിനോട് അടുത്തായി കാണുന്ന അതിബൃഹത്തായ മുസ്ലിം പള്ളിയായി അതു പിന്നീട് പരിണമിച്ചു.



1967ൽ സുപ്രസിദ്ധ നടനും ശിവഭക്തനുമായ കോച്ചാട്ടിൽ ബാലകൃഷ്ണമേനോന്റെ നേതൃത്വത്തിൽ ക്ഷേത്ര പുനരുദ്ധാരണത്തിനുള്ള ശ്രമം ആരംഭിച്ചു. റവന്യു വകുപ്പിലെ ചില ഉദ്യോഗസ്ഥരും അദ്ദേഹത്തിന് വേണ്ട സഹകരണങ്ങൾ നൽകി. സർക്കാരിലേക്ക് അപേക്ഷ നൽകിയാൽ താമസം കൂടാതെ ക്ഷേത്രസ്ഥലം വിട്ടുകിട്ടുമെന്ന് അവർ വിശ്വസിച്ചു. ഒരു വേലിയെങ്കിലും കെട്ടി ക്ഷേത്രസ്ഥലം ശുചീകരിച്ച് ഭഗവാനെ മലീമസമായ അന്തരീക്ഷത്തിൽ നിന്നു രക്ഷപ്പെടുത്തി നിത്യവും വിളക്കു വെയ്ക്കണമെന്ന ആഗ്രഹമേ ഉണ്ടായിരുന്നുള്ളൂ. ഭക്തജനങ്ങൾ സഹകരിക്കുകയാണെങ്കിൽ ഒരു ചെറിയ ശ്രീകോവിൽ കെട്ടി മാസത്തിൽ ഒരു പൂജ നടത്താം എന്ന് ആഗ്രഹിച്ചു. പി. രാവുണ്ണി നായർ പ്രസിഡന്റായും സി.കെ. വേണുഗോപാൽ സെക്രട്ടറിയായും ടി. ഗോപാലകൃഷ്ണൻ ഖജാൻജി ആയും ക്ഷേത്ര പുനരുദ്ധാരണ സമിതി രൂപീകരിച്ചു.

ക്ഷേത്ര കമ്മിറ്റി ക്ഷേത്ര സ്ഥലം വിട്ടുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷിച്ച് അനുകൂലമായ മറുപടിക്കായി കാത്തിരുന്നു. എന്നാൽ കളക്ടറും ഗവൺമെന്റും മൗനം പാലിക്കുകയാണുണ്ടായത്.

## 7. ഐതിഹാസികമായ തളിസമരം

നൂറ്റാണ്ടുകളായി ആലസ്യത്തിൽ ആണ്ടുകിടന്ന ഹൈന്ദവ ജനതയെ തട്ടിയുണർത്തി കർമ്മോത്സുകരാക്കിയ ഐതിഹാസിക സമരമാണ് കേരളഗാന്ധി കേളപ്പജിയുടെ നേതൃത്വത്തിൽ നടന്ന തളിയിലെ ആരാധനാ സ്വാതന്ത്ര്യസമരം. സംഘടിത മുസ്ലിം ശക്തിയെയും അധികാരവർഗ്ഗത്തെയും മുട്ടുകുത്തിച്ച് അശരണരും ആലംബഹീനരും അസംഘടിതരുമായ ഹൈന്ദവ ജനതയെ കർമ്മോത്സുകരാക്കാൻ ഈ സമരംകൊണ്ടു സാധിച്ചു. തകർന്നുകിടന്ന ആയിരക്കണക്കിന് ക്ഷേത്രങ്ങളാണ് തളി സമരത്തോടെ സമുദ്ധരിക്കപ്പെട്ടത്.

ക്ഷേത്രങ്ങൾ അന്ധവിശ്വാസങ്ങളുടെ കേന്ദ്രങ്ങളാണെന്നും ക്ഷേത്രം തകർത്ത് കപ്പ നട്ടാൽ അത്രയും അന്ധവിശ്വാസം ഇല്ലാതാകും എന്നുമാണ് നിരീശ്വരവാദികളായ കമ്മ്യൂണിസ്റ്റുകാർ പ്രചരിപ്പിച്ചത്. എന്നാൽ ക്ഷേത്രങ്ങൾ അന്ധവിശ്വാസത്തിന്റെ കേന്ദ്രങ്ങളല്ല, വ്യക്തികളുടെയും കുടുംബത്തിന്റെയും രാഷ്ട്രത്തിന്റെയും അഭ്യുന്നതിക്കുള്ള ചൈതന്യകേന്ദ്രങ്ങളാണെന്ന് ആധുനിക ലോകത്തിനു കാണിച്ചുകൊടുക്കാൻ തളി സമരത്തിലൂടെ ഹിന്ദുക്കൾക്ക് സാധിച്ചു. ഇന്ന് ഏറ്റവും വികസനം നടക്കുന്നത് ക്ഷേത്രങ്ങളിലാണെന്നു മനസ്സിലാക്കിയ നിരീശ്വരവാദികൾ ക്ഷേത്ര ഭണ്ഡാരത്തിൽ കണ്ണുവെച്ച് ക്ഷേത്രഭരണത്തിൽ കടന്നുകൂടാൻ പരിശ്രമിക്കുകയാണ്. ദേവസ്വം ബോർഡുകളിൽ കൈകടത്താനുള്ള മത്സരത്തിലാണ് രാഷ്ട്രീയ പാർട്ടികൾ. ഇങ്ങനെ ഒരു മാറ്റം സമൂഹത്തിൽ ഉണ്ടാവാൻ കാരണം തളി സമരത്തിന്റെ വിജയമാണ്.

## 8. കേളപ്പജിയും തളി സമരവും

അങ്ങാടിപ്പുറത്ത് ഒരു വിവാഹകർമ്മത്തിൽ പങ്കെടുക്കുവാനെത്തിയ കേളപ്പജി തളിക്ഷേത്ര സ്ഥലം കാണണമെന്ന് ആവശ്യപ്പെട്ടു. തളിയിലെ അതിമനോഹരവും ചൈതന്യപൂർണ്ണവുമായ ശിവലിംഗം കേളപ്പജിയുടെ ശ്രദ്ധയിൽപ്പെട്ടു. മഹാനായ കേളപ്പജിക്ക് ഈ കാഴ്ച തികച്ചും ഹൃദയഭേദകമായി തോന്നി. നിമിഷങ്ങളോളം ശിവലിംഗം അദ്ദേഹം നിർന്നിമേഷനായി നോക്കി. തുടർന്ന് ഒരു മാസ്മര ശക്തി അനുഭവപ്പെട്ടതുപോലെ തോന്നി.

1966-ൽ മലബാറിലെ ക്ഷേത്ര സംരക്ഷണത്തിന് പദ്ധതിക്കു രൂപം നൽകിയ ശേഷം കേളപ്പജി ജീർണ്ണാവസ്ഥയിൽ സ്ഥിതി ചെയ്തിരുന്ന പല ക്ഷേത്രങ്ങളും സന്ദർശിച്ചുകാണും. തളിയിൽ തപസ്സിൽനിന്ന് മെല്ലെ ഉണർന്നുകൊണ്ടിരിക്കുന്ന ഭഗവാൻ അദ്ദേഹത്തെ പിടിച്ചു കുലുക്കി. ക്ഷേത്രസ്ഥലം വീണ്ടെടുത്ത് ഇവിടെയൊരു മഹാക്ഷേത്രം നിർമ്മിക്കണമെന്ന് അദ്ദേഹം അപ്പോൾത്തന്നെ തീരുമാനിച്ചു കഴിഞ്ഞിരുന്നു. പിന്നീട് ദൂരവ്യാപകമായ സംഭവങ്ങൾക്കു കളമൊരുക്കിയ ഈ ക്ഷേത്ര സന്ദർശനമാണ് തളിക്ഷേത്ര ജീർണ്ണോദ്ധാരണ ശ്രമങ്ങൾക്കുള്ള നേതൃത്വം കേളപ്പജിയുടെ തോളിലെത്തിച്ചത്. അദ്ദേഹമാകട്ടെ യാതൊരു സംശയവും



കൂടാതെ ദൃഢനിശ്ചയത്തോടെ പ്രസ്തുത ചുമതല ഏറ്റെടുക്കുകയും ചെയ്തു എന്ന് വി.കെ. ബാലചന്ദ്രൻ മാസ്റ്റർ അനുസ്മരിക്കുകയുണ്ടായി.

അങ്ങാടിപ്പുറത്തുനിന്നു കോഴിക്കോട്ട് തിരിച്ചെത്തിയ കേളപ്പജി മലബാർ ക്ഷേത്ര സംരക്ഷണ സമിതിയിലെ സെക്രട്ടറി വി.എം. കൊറാത്തിനോട് ക്ഷേത്ര സംരക്ഷണ സമിതി പ്രവർത്തക കമ്മിറ്റിയുടെ ഒരു യോഗം വിളിച്ചു കൂട്ടാനും പ്രാദേശിക കമ്മിറ്റി ഭാരവാഹികളെ അതിലേക്കു ക്ഷണിക്കുവാനും നിർദ്ദേശിച്ചു. 1968 ഒക്ടോബറിൽ ആയിരുന്നു അത്. നവരാത്രി കാലത്ത് ശ്രീ ശിവലിംഗ സന്നിധിയിൽ മൂന്ന് ദിവസം ആരാധനയും ഭജനയും നടത്തണമെന്ന് കേളപ്പജി താൽപര്യപ്പെട്ടതനുസരിച്ച് ശ്രീ. വി.എം കൊറാത്ത് അങ്ങനെ ചെയ്യുവാൻ നിശ്ചയിച്ചു. കേളപ്പജിയുടെ നിർദ്ദേശ പ്രകാരം വി.എം. കൊറാത്തും കുഞ്ഞനന്തനും അങ്ങാടിപ്പുറത്തെത്തി. പ്രദേശത്തെ പ്രമുഖ വ്യക്തികളായ പി. രാവുണ്ണി നായർ, വി.കെ. ബാലചന്ദ്രൻ, എ.കെ. ശേഷു അയ്യർ, പി. രാഘവൻ നായർ, ഡോ. എം. എസ്. നായർ തുടങ്ങിയവരെ വിളിച്ചു കൂട്ടി ഒരു കമ്മിറ്റി രൂപീകരിച്ചു.

കേളപ്പജി കമ്മിറ്റി അംഗങ്ങളെ കോഴിക്കോട്ടേക്കു വിളിച്ച് നവരാത്രികാലത്ത് തളിക്ഷേത്ര സ്ഥലത്തു ഭജന നടത്തണമെന്ന് ആവശ്യപ്പെട്ടു. പ്രാദേശികമായി ക്ഷേത്ര ജീർണ്ണോദ്ധാരണത്തിന് ജനപിന്തുണ ലഭിക്കുമോ എന്ന കാര്യം ഈ അവസരത്തിൽ സ്പഷ്ടമാകുമെന്നായിരുന്നു പരിചയസമ്പന്നനായ കേളപ്പജിയുടെ വിശ്വാസം. നീതിക്കും സത്യത്തിനും വേണ്ടി നിർഭയനായും നിസ്സംഗനായും പൊരുതിയ ചരിത്രമാണ് കേളപ്പജിയുടെ ജീവിതം. കേളപ്പജിയുടെ അവസാന സമരം ഈ തളിക്ഷേത്രത്തിലേതായിരുന്നു. കേളപ്പജിയുടെ അഭിപ്രായത്തിൽ ഇത് ഹിന്ദുക്കൾക്കുവേണ്ടിയുള്ള ഒരു സമരമായിരുന്നില്ല. ആരാധനാസ്വാതന്ത്ര്യം നാട്ടിലെ എല്ലാ ജനങ്ങളുടെയും ജന്മാവകാശമാണ്. അതിന് ഹിന്ദുവിന്റെ ആരാധനാ സ്വാതന്ത്ര്യമെന്നോ മുസൽമാന്റെ ആരാധനാ സ്വാതന്ത്ര്യമെന്നോ വ്യത്യാസമില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. എന്നാൽ തളിയിലെ ആരാധനാ സ്വാതന്ത്ര്യസമരം കേളപ്പന്റെ മുസ്ലിം സമുദായ വൈരത്തിന്റെ ഫലമായിട്ടുണ്ടായതാണെന്ന് എതിരാളികൾ പറഞ്ഞു. കേളപ്പനുണ്ടോ അത് കൂട്ടാക്കുന്നു!

## 9. ക്ഷേത്ര സ്ഥലത്തെ ശുചീകരണം

1968 ഒക്ടോബർ 30-ാം തിയ്യതി ദുർഗ്ഗാഷ്ടമി ദിവസം രാവിലെ ക്ഷേത്ര സംരക്ഷണ സമിതി അംഗങ്ങളും പ്രവർത്തകരും ഭക്തജനങ്ങളും ഭജനയ്ക്ക് വേദി ഒരുക്കുവാൻ ക്ഷേത്രസ്ഥലത്ത് പ്രവേശിച്ചു. പീഠത്തിലെ മീൻകൊട്ടകൾ എടുത്തു മാറ്റി. ചപ്പുചവറുകൾ കൂട്ടിയിട്ട് തീയിട്ടു. കാഞ്ഞിരക്കാട്ടിൽ സർവ്വത്ര വ്യാപിച്ചിരുന്ന അമേദ്യവും വൃത്തികേടുകളും സാഹസപ്പെട്ടു നീക്കം ചെയ്ത് സ്ഥലം അടിച്ചു വാരി വൃത്തിയാക്കി. ഭഗവാന്റെ പീഠവും വിഗ്രഹവും പല തവണ വെള്ളമൊഴിച്ച് ശുചിയാക്കി. കേളപ്പജിയും വി.എം. കൊറാത്തും കുഞ്ഞനന്തനും എല്ലാ പ്രവർത്തകർക്കും പ്രചോദനമേകി. അപ്പോഴേക്കും കുറെ മുസ്ലീങ്ങൾ ചുറ്റും കൂടി. താമസിയാതെ പെരിന്തൽമണ്ണയിലെ സർക്കിൾ ഇൻസ്പെക്ടറും കുറെ പോലീസുകാരും കൂടി സ്ഥലത്തെത്തി. സർക്കിൾ ഇൻസ്പെക്ടർ കേളപ്പജിയോട് സ്ഥലം സർക്കാർ അധീനതയിൽ ഉള്ളതാണെന്നും അവിടെ പ്രവേശിക്കരുതെന്നും അഭ്യർത്ഥിച്ചു. എല്ലാവരും പിരിഞ്ഞു പോകണമെന്നും കലക്ടറുടെ അനുവാദത്തിന് അപേക്ഷിക്കണമെന്നും വ്യക്തമാക്കി. ജില്ലാ കലക്ടറിൽനിന്ന് അനുവാദം ലഭിച്ച ശേഷമേ ഈ പ്രദേശത്ത് പ്രവേശിക്കാവൂ എന്ന് അദ്ദേഹം നിർദ്ദേശിച്ചു.

"ഇത് ക്ഷേത്രസ്ഥലമാണ്. ഭഗവാന്റെ ക്ഷേത്രം ഹിന്ദുക്കൾക്ക് ആരാധനക്കുള്ളതാണ്. ഇവിടെ ആരാധന നടത്തുവാൻ ഹിന്ദുക്കൾക്ക് ആരുടെയും അനുവാദം ആവശ്യമില്ല" എന്ന് ക്ഷേത്രസമിതി പ്രവർത്തകർ മറുപടി നൽകി. തൊട്ടടുത്ത് ഒരു മുസ്ലിം പള്ളി ഉണ്ട്. ഹിന്ദുക്കൾ ഭജന നടത്തിയാൽ അവിടെ പ്രാർത്ഥനയ്ക്ക് തടസ്സം നേരിടും. മാത്രമല്ല, മുസൽമാൻമാർക്ക് ക്ഷേത്ര പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ എതിർപ്പുമുണ്ട് എന്ന് പോലീസ് ഇൻസ്പെക്ടർ രാജശേഖരൻ നായർ വ്യക്തമാക്കി. പോലീസ് ചൂണ്ടിക്കാട്ടിയ നിസ്ക്കാരപ്പള്ളി യഥാർത്ഥത്തിൽ പുല്ലൂർശ്ശങ്ങാട്ടിൽ കുഞ്ഞാപ്പു എന്ന മുസ്ലിം പ്രമാണിയുടെ വിഷവൈദ്യശാല മാത്രമാണ്. തളി ക്ഷേത്ര സമരകാലത്താണ് ഇത് ഒരു നിസ്കാരപ്പള്ളിയാക്കി മാറ്റിയത്.



### തളി ക്ഷേത്രപുനർനിർമ്മിതി

ഓർമ്മകളിലൂടെ..................

കായക്കുണ്ടിൽ നീലി

നെറ്റിയിൽ സദാ ചന്ദനകുറിയോ
ഭസ്മകുറിയോ ചാർത്തി
പത്തിരിയാലിക്കലിൽ
(ഇന്നത്തെ തളി ക്ഷേത്ര ജംഗ്ഷൻ)
പകലന്തിയോളം
നീലിയുടെ സാന്നിധ്യം 60കളിലും
70കളിലും നിറഞ്ഞു നിന്നിരുന്നു.

1968 ഒക്റ്റോബർ 30നു
രാവിലെ ഒരു കൂട്ടം
ചെറുപ്പക്കാർ അനാഥമായി
കിടന്നിരുന്ന ശിവലിംഗത്തിന്റെ
ചുറ്റും കൈക്കോട്ടും കൊട്ടകളുമായി
ശുചീകരണം തുടങ്ങിയപ്പോൾ
ആരോടും പറയാതെ, ചോദിക്കാതെ,
80 വയസ്സോളം പ്രായമുണ്ടായിരുന്ന
അവർ ചൂലും മുറവും കൊണ്ടുവന്നു
യുവാക്കൾക്കൊപ്പം ഉറക്കെ ഉറക്കെ
ശിവപഞ്ചാക്ഷരി മന്ത്രങ്ങൾ
ഉരുവിട്ടുകൊണ്ട് കർസേവയിൽ
ഭാഗഭാക്കായി. കാടും പടലും ഒരു
വിധം വെട്ടിയൊതിക്കിയപ്പോൾ രണ്ട്
കുട്ട പശുവിൻ ചാണകം കൊണ്ടുവന്നു
ആ പരിസരമെല്ലാം മെഴുകി വൃത്തിയാക്കി.
ആ തൃസന്ധ്യക്ക് സന്നിധിയിൽ വിളക്ക്
തെളിയിച്ചപ്പോൾ നീലി ഉറക്കെ പ്രാർത്ഥിച്ചു.



നീലിയുടെ ചാരിതാർത്ഥ്യം!

സ്റ്റാഫ് റിപ്പോർട്ടർ

അങ്ങാടിപ്പുറം, ആഗസ്റ്റ് 28

അങ്ങാടിപ്പുറം തളി ക്ഷേത്രത്തിന്റെ ശിലാസ്ഥാപന ചടങ്ങിനോടനുബന്ധിച്ച് ആഘോഷപരിപാടികൾ നടക്കുമ്പോൾ, നിശ്ശബ്ദയായി അതു നോക്കിനിന്ന് രോമാഞ്ചമണിഞ്ഞ ഒരാളെ പലരും ശ്രദ്ധിക്കുകയുണ്ടായി.— ക്ഷേത്രത്തിന്റെ ശുചീകരണജോലി ചെയ്തുവരുന്ന നീലിയായിരുന്നു അത്.

കഴിഞ്ഞ ഒന്നര വർഷക്കാലമായി തളിക്ഷേത്രം പൊതുശ്രദ്ധയാകർഷിക്കാൻ തുടങ്ങിയ കാലം തൊട്ട് പാവപ്പെട്ട ഈ ഹരിജന മുത്തശ്ശിയാണ് സ്വന്തം നിലക്ക് അവിടെ ശുചീകരണ പ്രവൃത്തി സ്വയം ഏറ്റെടുത്തു നടത്തുന്നത് —അതിൽ അവർ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു!

ഇന്നു തന്റെ പ്രിയപ്പെട്ട ആരാധനാലയത്തിന്റെ ശിലാസ്ഥാപനകർമ്മം ശ്രീ കേളപ്പജി നിർവ്വഹിക്കുന്നത് കണ്ടു നിൽക്കെ, നീലിയുടെ കണ്ണുകളിൽ നിന്നും ചാരിതാർത്ഥ്യത്തിന്റെ ഹർഷാശ്രുക്കൾ അടർന്നു വീഴുന്നതു കാണാമായിരുന്നു!

"എന്റെ തളിയിൽ തേവരേ.... ഇവിടെ ഒരമ്പലം ഉണ്ടാക്കി തരണേ"

നീലിയുടെ പ്രാർത്ഥനകൾക്കു സാക്ഷാത്കാരം കുറിച്ചുകൊണ്ട് 21 മാസങ്ങൾക്ക് ശേഷം 1970 ആഗസ്റ്റ് 28നു ക്ഷേത്രത്തിനു തറക്കല്ലിട്ടു. നീലിയുടെ മരണം വരെ തളി ക്ഷേത്രത്തിൽ അടിച്ചു വാരിയിരുന്നത് അവരായിരുന്നു. പ്രതിഫലം കാംക്ഷിക്കാതെയുള്ള അർപ്പണബോധവും ആത്മസമർപ്പണവും........

ഈ കുറിപ്പുകൾ വായിക്കുമ്പോൾ അഭിമാനത്തോടെ ഈ ഹൈന്ദവ പുത്രിയെ (മുത്തശ്ശിയെ)ഓർക്കുക

സന്ധ്യാവന്ദനത്തിനു ശേഷം പത്തിരിയാലിക്കലിൽ നിന്നും കായകുണ്ടിലേക്കുള്ള കുണ്ടനിടവഴികളിലൂടെ ചൂട്ടിന്റെ വെളിച്ചത്തിൽ ശിവപഞ്ചാക്ഷരി മന്ത്രങ്ങളുരുവിട്ടുകൊണ്ടുള്ള നീലിയുടെ പാദസഞ്ചലനങ്ങളും മന്ത്രങ്ങളും നമ്മൾക്കെന്നും ഉത്തേജനം പകരട്ടെ.......


അന്ന് വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന സി.എച്ച്. മുഹമ്മദ് കോയയുമായി ഏറ്റവും അടുത്ത ബന്ധം പുലർത്തിയിരുന്ന ആളായിരുന്നു കുഞ്ഞാപ്പു. ഒക്ടോർ 30-ാം തിയ്യതി രാവിലെ ക്ഷേത്രസ്ഥലം വൃത്തിയാക്കുന്നതു കണ്ട് കുഞ്ഞാപ്പു വിദ്യാഭ്യാസ മന്ത്രിക്ക് ഫോൺ ചെയ്തു. സി.എച്ച്. മുഹമ്മദ് കോയയുടെ നിർദ്ദേശപ്രകാരമായിരുന്നു പോലീസ് എത്തിയത്. സർക്കിൾ ഇൻസ്പെക്ടർ രാജശേഖരൻ നായർ പിന്നീട് കേളപ്പജിയെ കണ്ടു. ആര് എതിർത്താലും ഭജന നടത്തുമെന്ന് കേളപ്പജി അദ്ദേഹത്തോട് വ്യക്തമാക്കി. പെട്ടെന്ന് അന്തരീക്ഷം പ്രക്ഷുബ്ധമായി. പല ഭാഗത്തുനിന്നും മുസ്ലീങ്ങൾ എത്തി ക്ഷേത്ര പരിസരത്ത് തടിച്ചുകൂടി. എന്തും സംഭവിവിക്കും എന്ന സ്ഥിതിയായി. മാണിക്യപുരം (അങ്ങാടിപ്പുറം) അയ്യപ്പക്ഷേത്ര സംരക്ഷണ സമിതിയുടെ യൂണിറ്റ് യോഗം എന്ന പേരിൽ ഒരു സാംഘിക് നടന്നു. നൂറുകണക്കിന് സ്വയംസേവകർ പങ്കെടുത്തു. കേളപ്പജിയും ബാലചന്ദ്രൻ മാസ്റ്ററും അവിടെ സന്നിഹിതരായിരുന്നു. ക്ഷേത്ര പുനരുദ്ധാരണ പ്രവർത്തനത്തിനുള്ള രൂപരേഖ അവിടെ വച്ച് തയ്യാറാക്കി. ക്ഷേത്ര സന്നിധിയിൽ ഭജന നടത്തുന്നതിന് സ്വയംസേവകരെ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകി. അതിന്റെ അണിയറശില്പികൾ ടി.എൻ. ഭരതൻ, സി.പി. ജനാർദ്ദനൻ, പി. വാസുദേവൻ തുടങ്ങിയവരായിരുന്നു.

## 10. പോലീസ് കാവലിൽ ഭജന

സന്ധ്യയോടെ ക്ഷേത്ര പരിസരം സജീവമായി. ഭഗവാനു മുന്നിൽ നിലവിളക്ക് കൊളുത്തിവച്ചു. കൂവളമാല അണിയിച്ച ശിവലിംഗം ദീപപ്രഭയിൽ ശോഭിച്ചു ചൈതന്യം വിതറി. ഭക്തസംഘം ഭജനകൾ പാടി. ഭക്തിനിർഭരമായ അന്തരീക്ഷം കളിയാടി.

ഭീഷണികൾ വകവയ്ക്കാതെ എന്തും സഹിക്കുവാൻ തയ്യാറായിക്കൊണ്ട് സ്ത്രീകളും കുട്ടികളും വയോജനങ്ങളുമടങ്ങുന്ന ഭക്തജനങ്ങൾ തിങ്ങിക്കൂടി. ഭജനസങ്കീർത്തനങ്ങൾ ആലപിച്ചു. കേളപ്പജിക്കുപുറമേ ക്ഷേത്ര സംരക്ഷണസമിതി ജനറൽ സെക്രട്ടറി വി.എം. കൊറാത്ത്, ജോയിന്റ് സെക്രട്ടറി കുഞ്ഞനന്തൻ തുടങ്ങിയവരും ഭജനയിൽ സജീവമായി പങ്കെടുത്തു. സംഘർഷം ഭയന്ന് സർക്കാർ ശക്തമായ പോലീസ് കാവൽ ഏർപ്പെടുത്തിയിരുന്നു.





നൂറ്റാണ്ടുകൾക്കു ശേഷം തളിക്ഷേത്രത്തിൽ നടന്ന ആരാധന തടയുവാൻ പോലീസ് ഒരുങ്ങിയെങ്കിലും നവരാത്രിയോടനുബന്ധിച്ചുള്ള ഭജനകൾ നവംബർ ഒന്നിന് വിജയദശമി കഴിയും വരെ തുടർന്നു. ഇതിനകം പത്രമാധ്യമങ്ങളിലൂടെ സമരം ജനശ്രദ്ധയാകർഷിച്ചു കഴിഞ്ഞിരുന്നു.

## 11. നിരോധനാജ്ഞയും അറസ്റ്റും

ഒക്ടോബർ 31-ാം തിയ്യതി പാലക്കാട് കളക്ടർ അങ്ങാടിപ്പുറത്ത് നിരോധനാജ്ഞ നടപ്പിലാക്കി. എന്നാൽ സർക്കാറിന്റെ നിരോധനാജ്ഞ അവഗണിച്ചുകൊണ്ട് കേളപ്പജി, വി.എം. കൊറാത്ത്, ശേഷു അയ്യർ, ടി. കുഞ്ഞനന്തൻ, വി.കെ. ബാലചന്ദ്രൻ, കെ. രാധാകൃഷ്ണമേനോൻ തുടങ്ങി പത്ത് പേർ നിരോധനാജ്ഞ ലംഘിച്ച് സ്ഥലത്ത് പ്രവേശിക്കാൻ തയ്യാറായി. തുടർന്ന് അവരെ പോലീസ് അറസ്റ്റ് ചെയ്ത് വാനിൽ കയറ്റി പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിലേക്കു കൊണ്ടുപോയി. എന്നാൽ സന്ധ്യയോടെ എല്ലാവരെയും വിട്ടയച്ചു. പിറ്റേന്നും അറസ്റ്റും വിട്ടയ്ക്കലും ആവർത്തിച്ചു.

അടുത്ത ദിവസം തന്നെ പോലീസ് ഉദ്യോഗസ്ഥരും റവന്യു ഉദ്യോഗസ്ഥരും സ്ഥലത്തെത്തി. ഒരു മാസത്തേക്ക് ആരാധന നിർത്തിവെയ്ക്കണമെന്നും അതിനിടയ്ക്ക് പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാമെന്നും വ്യക്തമാക്കി. അവർ പറഞ്ഞത് ക്ഷേത്രാരാധകരായ ഹിന്ദുക്കൾ വിശ്വസിച്ചു. ശിവലിംഗം നിൽക്കുന്ന സ്ഥലം ക്ഷേത്ര സംരക്ഷണ സമിതിക്ക് വിട്ടുകൊടുക്കുവാനുള്ള അപേക്ഷ യഥാസ്ഥാനങ്ങളിൽ എത്തി. അതുവരെയുള്ള കാര്യങ്ങൾ വളരെ ഭംഗിയായി നടന്നു. ഭക്തജനങ്ങൾ ആശയോടെ സർക്കാരിൽ നിന്നുള്ള അറിയിപ്പ് കാത്തിരുന്നെങ്കിലും ലഭിച്ച മറുപടി നിരാശാജനകമായിരുന്നു. ശിവലിംഗം സർക്കാർ തന്നെ സംരക്ഷിക്കുവാനാണ് നിശ്ചയിച്ചിരിക്കുന്നത് എന്ന് കളക്ടറിൽനിന്ന് അറിയിപ്പു ലഭിച്ചു. ക്ഷേത്ര സംരക്ഷണ സമിതി പ്രവർത്തകർ തിരൂരിൽ ക്യാമ്പ് ചെയ്തിരുന്ന കേളപ്പജിയെ വിവരം അറിയിച്ചു. സർക്കാരിന്റെ ഏതു നിരോധനവും ലംഘിച്ച് തർക്കവിഷയമായിരിക്കുന്ന സ്ഥലത്തു പ്രവേശിച്ച് ആരാധന നടത്തുമെന്നുള്ള തന്റെ നിശ്ചയം അദ്ദേഹം പ്രഖ്യാപിച്ചു. തന്റെ തീരുമാനം അദ്ദേഹം തന്റെ സുഹൃത്തുക്കളെ



അറിയിച്ചപ്പോൾ ഇത്തരം പ്രശ്നങ്ങളിൽ തലയിടുന്നതു ശരിയല്ലെന്നുള്ള അഭിപ്രായമാണ് അവരിൽ പലരും പ്രകടിപ്പിച്ചത്.

അതിന് കേളപ്പജി ഇങ്ങനെ മറുപടി നൽകി. "കേളപ്പൻ ഹിന്ദു വർഗ്ഗീയവാദിയായി മുദ്രകുത്തപ്പെടുമെന്നാണ് നിങ്ങളുടെയൊക്കെ ഭീതി. മുദ്രകുത്തലിനെ പേടിച്ച് കർത്തവ്യത്തിൽനിന്നു വ്യതിചലിക്കുന്നത് ഇന്ന് സർവ്വോദയക്കാരുടെ മുഖമുദ്രയായിരിക്കയാണെന്നു തോന്നുന്നു. ഏതായാലും കേളപ്പൻ അത്തരം സർവ്വോദയക്കാരനല്ല. അടുത്ത ബസിന് ഞാൻ അങ്ങാടിപ്പുറത്തേക്കു പോകുകയാണ്." കേളപ്പൻ അങ്ങാടിപ്പുറത്ത് എത്തി. ഗാന്ധി പീസ് ഫൗണ്ടേഷനിലെ കെ. ബാലകൃഷ്ണൻ നായരുടെ സ്രാമ്പിക്കൽ ഭവനത്തിൽ വിശ്രമിച്ചു. ഉയർന്ന റവന്യു ഉദ്യോഗസ്ഥരും പോലീസുദ്യോഗസ്ഥരും അവിടെയെത്തി. നിയമം ലംഘിച്ചു തളിക്ഷേത്രത്തിൽ പ്രവേശിച്ച് ആരാധന നടത്തുവാനുള്ള തീരുമാനത്തിൽനിന്നു പിൻതിരിയണമെന്ന് അദ്ദേഹത്തോടപേക്ഷിച്ചു.

ഫലമുണ്ടായില്ല. എം.പി. ഗോവിന്ദമേനോൻ കേളപ്പനെ സമീപിച്ചു. നിയമലംഘനം അടുത്ത ദിവസമാക്കണമെന്നും ഈ ദിവസം സർക്കാരിന് മുന്നറിയിപ്പു കൊടുക്കാൻ തക്കവണ്ണം ഒരു വലിയ യോഗം നടത്തണമെന്നും അഭിപ്രായപ്പെട്ടത് അദ്ദേഹം സ്വീകരിച്ചു. വൈകുന്നേരം പൂരപ്പറമ്പിൽ കേളപ്പജിയുടെ അദ്ധ്യക്ഷതയിൽ ഒരു വമ്പിച്ച യോഗം നടന്നു. ആരാധനാസ്വാതന്ത്ര്യമെന്ന മൗലികാവകാശത്തിനു വേണ്ടി അടുത്ത ദിവസം സമരം നടത്തുമെന്ന് യോഗത്തിൽ അദ്ദേഹം പ്രഖ്യാപിച്ചു. സദസ്യർ കയ്യടിച്ച് അദ്ദേഹത്തിന് പിന്തുണ പ്രഖ്യാപിച്ചു.

## 12. സത്യഗ്രഹ സമരം

ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള സപ്തകക്ഷി സർക്കാർ ഏർപ്പെടുത്തിയ നിരോധനം നവംബർ 17ന് ലംഘിക്കാൻ കേരള ഗാന്ധി കേളപ്പജി തീരുമാനിച്ചു. മുണ്ടും വേഷ്ടിയും ധരിച്ച് തിരുമാന്ധാംകുന്ന് ഭഗവതിയെ തൊഴുതു പുറത്തിറങ്ങിയ കേളപ്പജിയുടെ പിന്നിൽ ആയിരക്കണക്കിനു ഭക്തജനങ്ങൾ അണിനിരന്നു. കേളപ്പജിയുടെ പ്രധാന ശിഷ്യനും സർവ്വോദയ പ്രവർത്തകനുമായ കെ. രാധാകൃഷ്ണമേനോൻ, രാംധുൻ ആലപിച്ചു. പൂരപ്പറമ്പ്

കടന്ന് കേളപ്പജിയും പരിവാരവും നിരത്തിലെത്തിയതോടെ ജന ങ്ങളെക്കൊണ്ട് റോഡ് നിറഞ്ഞു. ഇതിനകം തന്നെ സായുധരായി വലിയ ഒരു പോലീസ് സംഘം ക്ഷേത്ര സ്ഥലത്തെ വലയം ചെയ്തു നിലയുറപ്പിച്ചിരുന്നു. നിരത്തിൽനിന്ന് ക്ഷേത്രത്തിലേക്കു കയറുവാൻ ശ്രമിച്ചപ്പോൾ പോലീസ് കേളപ്പജിയെയും അതോടൊ പ്പമുള്ള സത്യഗ്രഹികളെയും തടഞ്ഞു. സർക്കിൾ ഇൻസ്പെക്ടർ രാജശേഖരൻ നായരുടെ പിടിയിൽനിന്നു കുതറിക്കൊണ്ട് 'എന്നെ വിടൂ.. എന്നെ വിടൂ' എന്ന് കേളപ്പജി ഉറക്കെ പറഞ്ഞു. ഈ സമയം ഈ സ്ഥലത്ത് പ്രവേശിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് സർക്കിൾ ഇൻസ്പെക്ടർ കേളപ്പജിക്ക് കാണിച്ചുകൊടുത്തു. 'ക്ഷമി ക്കണം ഈ കൽപ്പന പ്രകാരം അങ്ങയെ അറസ്റ്റ് ചെയ്യുവാൻ ഞാൻ നിർബന്ധിതനായിരിക്കുന്നു' എന്ന് അദ്ദേഹം വ്യക്തമാക്കി.

ഗാന്ധി ശിഷ്യനായ കേളപ്പജി അറസ്റ്റിന് വഴങ്ങിക്കൊടുത്തു. കേളപ്പജിക്കു പുറമേ വി.എം. കൊറാത്ത്, ശേഷു അയ്യർ, ടി.കെ. കുഞ്ഞനന്തൻ, വി.കെ. ബാലചന്ദ്രൻ, കെ. രാധാകൃഷ്ണമേനോൻ തുടങ്ങി 10 പേർ അറസ്റ്റിന് വഴങ്ങിക്കൊടുത്തു. പോലീസ് എല്ലാവ രെയും വാനിൽ കയറ്റി പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിലേക്കു കൊണ്ടുപോയി. ഭക്തജനങ്ങൾ ഇതോടെ ഇളകിമറിഞ്ഞു. പലരും പോലീസിനു നേരെ കയർത്തു ചെന്നു. മഹാത്മാഗാന്ധി കീ ജയ്, ജയ് ജയ് കേളപ്പജി, ആരാധനാ സ്വാതന്ത്ര്യ സമരം ജയിക്കട്ടെ തുടങ്ങിയ മുദ്രാവാക്യങ്ങളെക്കൊണ്ട് അന്തരീക്ഷം മുഖരിതമായി. വാനിൽ കയറുന്നതിനു മുമ്പ് ഒരിക്കലും സമാധാന ഭജന മുടങ്ങാൻ ഇട വരരുതെന്ന് കേളപ്പജി തിങ്ങിനിറഞ്ഞ ജനക്കൂട്ടത്തെ ഓർമ്മി പ്പിച്ചു. ഇതിനെത്തുടർന്ന് മൂന്ന് ബാച്ചുകൾ കൂടി നിയമം ലംഘിച്ച് ക്ഷേത്ര സ്ഥലത്തേക്കു കുതിച്ചു. അവരെയും പോലീസ് അറസ്റ്റ് ചെയ്ത് പെരിന്തൽമണ്ണ സ്റ്റേഷനിലേക്കു കൊണ്ടുപോയി.

നേതാക്കന്മാരുടെ അറസ്റ്റിനു ശേഷം ക്ഷേത്ര പരിസരത്ത് തിങ്ങിനിറഞ്ഞ ജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് എം.പി. ഗോവിന്ദമേനോൻ ഇങ്ങനെ പ്രഖ്യാപിച്ചു. കേളപ്പജിയെ അറസ്റ്റ് ചെയ്ത ഇ.എം.എസ് സർക്കാരിന് ചരിത്രം മാപ്പുകൊടു ക്കില്ല. നേതാക്കളെ അറസ്റ്റ് ചെയ്തതുകൊണ്ടൊന്നും സമരം അവ സാനിക്കില്ല. നാളെ കൂടുതൽ ശക്തമായ രീതിയിൽ സമരം തുടരു ന്നതാണ്. ഗോവിന്ദ മേനോന്റെ പ്രസംഗത്തിനു ശേഷം ഭക്തജന ങ്ങൾ എല്ലാം പിരിഞ്ഞുപോയി. സന്ധ്യയോടെ അറസ്റ്റ് ചെയ്യപ്പെട്ട



കേളപ്പജിയെയും സത്യഗ്രഹികളെയും പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽനിന്നു പോലീസ് വാനിൽത്തന്നെ അങ്ങാടിപ്പുറത്ത് തിരി കെയെത്തിച്ചു.

അങ്ങാടിപ്പുറം തളിക്ഷേത്ര പരിസരത്ത് ഭക്തജനങ്ങൾ പ്രവേ ശിക്കുന്നത് തടഞ്ഞുകൊണ്ടുള്ള നിരോധനാജ്ഞ ലംഘിക്കുവാൻ രണ്ടാം ദിവസവും സത്യഗ്രഹികൾ തീരുമാനിച്ചു. കേളപ്പജിയെയും മറ്റു സത്യഗ്രഹികളെയും അറസ്റ്റ് ചെയ്തതിലുള്ള പ്രതിഷേധം നാടിന്റെ നാനാ ഭാഗങ്ങളിലും അലയടിച്ചു. പ്രധാന പത്രങ്ങൾ എല്ലാം ഗവൺമെന്റിന്റെ നിലപാടിനെ അപലപിച്ചു. മാർക്സിസ്റ്റ് പാർട്ടിയുടെ മുഖപത്രമായ ദേശാഭിമാനി കേളപ്പജിയെ വർഗ്ഗീയവാദി യായും പിൻതിരിപ്പനായും ചിത്രീകരിച്ചു. മുസ്ലീം ലീഗിന്റെ മുഖപ ത്രമായ ചന്ദ്രിക "കേളപ്പന്റെ മതഭ്രാന്ത്" കേരളത്തിലെ ഹിന്ദു മുസ്ലിം മൈത്രിയെ തകർക്കുമെന്ന് പ്രവചിച്ചു. സമരം നടക്കുന്നത് ക്ഷേത്ര സ്ഥലത്താണെന്ന് അംഗീകരിക്കുവാൻ പോലും അവർ തയ്യാറാ യില്ല.

അതേസമയം, സ്വാതന്ത്ര്യസമര സേനാനിയും ഗാന്ധിയനുമായ മൊയ്തു മൗലവി ഗവൺമെന്റിന്റെ നിലപാടിനെ ശക്തമായ ഭാഷ യിൽ അപലപിച്ചു. സർക്കാറിന്റെ ഹീനമായ നടപടി തീക്കളിയാ ണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ചിരപുരാതനമായ തളിക്ഷേത്ര സ്ഥലം ഹിന്ദുക്കൾക്കു വിട്ടുകൊടുക്കണമെന്ന് മൊയ്തു മൗലവി സർക്കാരിനോട് ആവശ്യപ്പെട്ടു. ധർമ്മസമരത്തിനിറങ്ങിയ കേളപ്പ ജിക്ക് അദ്ദേഹം അഭിനന്ദനവും അറിയിക്കുകയുണ്ടായി. ജില്ലാ കോൺഗ്രസ്സ് കമ്മിറ്റിയാവട്ടെ, ആരാധനാ സ്വാതന്ത്ര്യം തടഞ്ഞുകൊ ണ്ടുള്ള സർക്കാർ നടപടികളിലും കേളപ്പജിയെയും മറ്റു സത്യഗ്ര ഹികളെയും അറസ്റ്റ് ചെയ്തതിലും പ്രതിഷേധിച്ചു പ്രമേയവും പാസാക്കി.

രണ്ടാം ദിവസം വൈകുന്നേരം 5 മണിക്ക് കേളപ്പജിയുടെതന്നെ നേതൃത്വത്തിൽ 21 പേരടങ്ങിയ സത്യഗ്രഹ സംഘം തിരുമാന്ധാം കുന്ന് ഭഗവതിയെ ദർശിച്ച ശേഷം നിരോധനാജ്ഞ ലംഘിക്കുവാൻ തളിക്ഷേത്രത്തിൽ എത്തി. തലേ ദിവസത്തെപ്പോലെ ഇവരെ അറസ്റ്റ് ചെയ്തുകൊണ്ടുപോയി സന്ധ്യയോടെ അങ്ങാടിപ്പുറത്ത് തിരിച്ചെത്തിച്ചു. മൂന്നാം ദിവസത്തെ സമരം കൂടുതൽ ഊർജ്ജി തമാക്കുന്നതിനെക്കുറിച്ച് കേളപ്പജി സമിതി പ്രവർത്തകരുമായി കൂടിയാലോചന നടത്തി. ഈ സമയം കേളപ്പജിക്ക് മുഖ്യമന്ത്രി

യിൽനിന്ന് ഒരു സന്ദേശം ലഭിക്കുകയുണ്ടായി. അന്ന് രാത്രി ടി.ബിയിൽ വച്ചു നേരിട്ടു കണ്ട് സംസാരിക്കാനാഗ്രഹിക്കുന്നു എന്നതായിരുന്നു സന്ദേശം. സമാധാനപ്രിയനായ കേളപ്പജി മുഖ്യമന്ത്രിയെ കാണാനായി ടി.ബിയിൽ എത്തി. എന്നാൽ തികഞ്ഞ ധിക്കാരത്തോടെയാണ് മുഖ്യമന്ത്രി പെരുമാറിയത്.

ഇ.എം.എസ്സും കേളപ്പജിയും തമ്മിലുണ്ടായ കൂടിക്കാഴ്ച മിനിട്ടുപോലും നീണ്ടുനിന്നില്ല. "അനാവശ്യമായ സമരത്തിൽനിന്നു പിൻമാറൂ" എന്ന് ഇ.എം.എസ് ആവശ്യപ്പെട്ടു. എന്നാൽ "ക്ഷേത്ര സ്ഥലത്ത് ആരാധകർക്ക് പ്രവേശിക്കാൻ പാടില്ല എന്നു പറയുന്ന നിരോധനാജ്ഞ പിൻവലിക്കൂ" എന്ന് കേളപ്പജിയും ആവശ്യപ്പെട്ടു. മുഖ്യമന്ത്രിയുടെ ധിക്കാരപരമായ പെരുമാറ്റം ആയിരക്കണക്കിന് വരുന്ന ഭക്തജനങ്ങളെ വേദനിപ്പിച്ചു. മഹാനായ കേളപ്പജിയെ ഇ.എം.എസ്സ് വിളിച്ചു വരുത്തി അപമാനിക്കുകയാണുണ്ടായതെന്ന് ഭക്തജനങ്ങൾക്കു മനസ്സിലായി.

## 13. സമരം സംസ്ഥാനവ്യാപകമാകുന്നു

### 1. റോഡിൽ അഖണ്ഡ ഭജന

ആരാധനാസ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ഭക്തജനങ്ങളുടെ സമാധാനപരമായ സമരത്തിനു നേരെ മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാട് ധിക്കാരപരമായ നിലപാടുകളാണ് സ്വീകരിക്കുന്നത് എന്നു മനസ്സിലാക്കിയ ഭക്തജനങ്ങൾ 3- ാം ദിവസത്തെ സമരം അതീവ ശക്തമാക്കുവാൻ തീരുമാനിച്ചു. ചർക്കയിൽ നൂൽ നൂറ്റു കൊണ്ട് ഗാന്ധിയൻ രീതിയിലുള്ള സമരപരിപാടി രാവിലെത്തന്നെ കേളപ്പജി ആരംഭിച്ചു. വൈകുന്നേരം നിരോധനാജ്ഞ ലംഘിക്കുവാൻ ശ്രീമതി യശോദ മാധവന്റെ നേതൃത്വത്തിൽ 20 സ്ത്രീ സത്യഗ്രഹികൾ തയ്യാറായി.

എന്തിനും സന്നദ്ധരായിക്കൊണ്ട് നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും എത്തിയ ആയിരക്കണക്കിനു ഭക്തജനങ്ങൾ രാവിലെ മുതൽക്ക് തന്നെ അങ്ങാടിപ്പുറത്ത് ക്യാമ്പ് ചെയ്തു. സർക്കാരിന്റെ നിരോധനാജ്ഞയ്ക്കെതിരെ ഹൈക്കോടതിയിൽ സമർപ്പിച്ച ആദ്യ റിട്ട് ഹർജി 18-ാം തീയതി ജസ്റ്റിസ് മാത്യു തള്ളിക്കളഞ്ഞു. സി.വി. കേശവൻ സമർപ്പിച്ചിരുന്ന റിട്ട് അവഗണിച്ച ജസ്റ്റിസ് മാത്യുവിന്റെ



തീരുമാനം സംബന്ധിച്ച റിപ്പോർട്ടുകൾ പ്രത്യക്ഷപ്പെട്ട പത്രങ്ങളിൽ കൗതുകകരമായ മറ്റൊരു വാർത്ത കൂടി സ്ഥലം പിടിച്ചത് കൂടുതൽ ശ്രദ്ധേയമായി തളിക്ഷേത്രത്തെ സംബന്ധിച്ച ഹർജി തള്ളിയ വിധി പ്രസ്താവിച്ച ജഡ്ജി വീട്ടിലേക്കു തിരിക്കുമ്പോൾ വീണു പരിക്ക് പറ്റിയതായിരുന്നു ആ പ്രത്യേക വാർത്ത. ഭഗവാൻ മൂന്നാം തൃക്കണ്ണ് തുറന്നു തുടങ്ങിയെന്ന് ഈ സംഭവം ഭക്തജനങ്ങൾക്കു ബോദ്ധ്യമാക്കിക്കൊടുത്തു.

ഇത് സത്യഗ്രഹസമരത്തിന് കൂടുതൽ ഊർജ്ജം പകർന്നു. ദിവസവും സത്യഗ്രഹികളെ പോലീസ് അറസ്റ്റ് ചെയ്ത് പെരിന്തൽമണ്ണയിൽ കൊണ്ടുപോയ ശേഷം അങ്ങാടിപ്പുറത്തു തന്നെ തിരിച്ചെത്തിക്കുകയാണ് പതിവ്. നിരോധനാജ്ഞ ലംഘിച്ചു സമരം ചെയ്യുന്നവരെ അറസ്റ്റ് ചെയ്ത് പോലീസ് സ്റ്റേഷനിൽ എത്തിക്കുക. അവിടെ നിന്ന് അങ്ങാടിപ്പുറത്തേക്കു തിരിച്ചെത്തിക്കുക. ഈ രീതിയിലുള്ള പ്രഹസനത്തോടെ സമരത്തെ തളർത്തി ഇടുകയായിരുന്നു അധികൃതരുടെ ലക്ഷ്യം. എന്നാൽ ഈ കുതന്ത്രത്തെ നാലാം ദിവസത്തെ സത്യഗ്രഹികൾ പരാജയപ്പെടുത്തി. രാവിലെ മുതൽക്കു തന്നെ ക്ഷേത്ര പരിസരത്തും റോഡിലും നൂറുകണക്കിനു ഭക്തജനങ്ങൾ അണിനിരന്ന് അഖണ്ഡ ഭജന ആരംഭിച്ചു. ഇവരെയെല്ലാം നീക്കം ചെയ്യുവാൻ പോലീസിന് വളരെയധികം കഷ്ടപ്പെടേണ്ടി വന്നു. സമരക്കാരാരും തന്നെ അറസ്റ്റിന് വഴങ്ങികൊടുക്കാഞ്ഞതിനാൽ ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്ത് വണ്ടിയിൽ കയറ്റി കൊണ്ടുപോയി. ഇങ്ങനെ നിരവധി ബാച്ചുകളെ അറസ്റ്റ് ചെയ്യേണ്ടിവന്നു.

സത്യഗ്രഹികളിൽ നല്ലൊരു ഭാഗം സ്ത്രീകളായിരുന്നു. സമരത്തെ നേരിടുവാൻ നൂറുകണക്കിനു പോലീസുകാരെയും വഹിച്ച് വാഹനങ്ങൾ അങ്ങാടിപ്പുറത്തേക്ക് ഒഴുകിത്തുടങ്ങി. പരിസരമാകെ യുദ്ധാന്തരീക്ഷം കളിയാടി. ഉരുക്ക് തൊപ്പിയണിഞ്ഞ പോലീസുകാർ എങ്ങും അണിനിന്നു.

### 2. ക്ഷേത്രം പുരാവസ്തു കേന്ദ്രം ആക്കാൻ ശ്രമം

തളിക്ഷേത്രവും ശിവലിംഗവും പീഠവും പുരാവസ്തുവായി കേരള സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. നവംബർ 21-ാം തീയതി പുരാവസ്തുവകുപ്പിന്റെ ചുമതല വഹിച്ചിരുന്ന മന്ത്രി ഇ.കെ. ഇമ്പിച്ചിബാവയുടെ നിർദ്ദേശമനുസരിച്ച് പുരാവസ്തു ഡയറക്ടർ തളിക്ഷേത്ര സ്ഥലം സന്ദർശിക്കുകയുണ്ടായി. ചുറ്റും ചുവരും

മുമ്പിൽ വാതിലും വച്ച് ശിവലിംഗം കൊട്ടിയടയ്ക്കാനുള്ള ധിക്കാരപരമായ നടപടി സമരാഗ്നി കൂടുതൽ ജ്വലിപ്പിക്കുവാനേ സഹായകമായുള്ളൂ. 20-ാം തീയതിയിലെ സമരത്തെ മാതൃഭൂമി പത്രം ഇങ്ങനെ രേഖപ്പെടുത്തി:

"ക്ഷേത്ര കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ച നിലപാട് പുനഃപരിശോധിക്കുന്ന പ്രശ്നമേയില്ല എന്ന് മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാട് പാലക്കാട്ട് പ്രസ്താവിച്ചു. തളിക്ഷേത്രമായിരുന്ന സ്ഥലം മുമ്പ് സ്വകാര്യ സ്ഥലമായിരുന്നല്ലോ. പിന്നീടത് പുറംപോക്കായിത്തീർന്നത് എങ്ങനെ എന്ന ഒരു പത്രപ്രതിനിധിയുടെ ചോദ്യത്തിന് മുഖ്യമന്ത്രി ഇങ്ങനെ മറുപടി പറഞ്ഞു: ഈ വാദം അംഗീകരിക്കുകയാണെങ്കിൽ കേരളത്തിന്റെ മേൽ കടൽതന്നെ അവകാശം സ്ഥാപിച്ചെന്നു വരും. 1947-ലും കഴിഞ്ഞ വർഷവും തളിക്ഷേത്രത്തിൽ ചിലർ പൂജകൾ നടത്തിയിരുന്നു എന്ന് ഗവൺമെന്റിന് അറിയാം. ഇക്കൊല്ലവും ഇനി മേലിലും അത്തരം വാർഷിക പൂജകൾ പോലും നടത്തുവാൻ അനുവദിക്കുന്നതല്ല. ക്ഷേത്രത്തിനടുത്തുള്ള മുസ്ലിം ദേവാലയത്തെക്കുറിച്ചു ചോദിച്ചപ്പോൾ അത് പുറംപോക്കിലല്ല സ്ഥിതി ചെയ്യുന്നതെന്നും സ്വകാര്യ ഭൂമിയാണെന്നും മുഖ്യമന്ത്രി പറഞ്ഞു."

## 3. സമരം സംസ്ഥാനവ്യാപകമാക്കണം

അങ്ങാടിപ്പുറത്തെ തളിക്ഷേത്രത്തിൽ ഭക്തജനങ്ങൾ നടത്തുന്ന സത്യഗ്രഹം ആരാധനാ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സംസ്ഥാന വ്യാപകമായ ഒരു പ്രക്ഷോഭമാക്കി വിപുലപ്പെടുത്തുമെന്ന് മലബാർ പ്രദേശ് ക്ഷേത്ര സംരക്ഷണ സമിതി സെക്രട്ടറി വി.എം. കൊറാത്ത് നവംബർ 20-ന് കോഴിക്കോട്ടു ചേർന്ന പത്രസമ്മേളനത്തിൽ വ്യക്തമാക്കി. അയ്യപ്പസേവാസംഘം, എൻ.എസ്.എസ്. തുടങ്ങിയ സംഘടനകളുടെ സഹാനുഭൂതിയും തങ്ങൾക്കുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. അങ്ങാടിപ്പുറം തളി ക്ഷേത്ര സമരസമിതി പ്രസിഡന്റ് പി. രാവുണ്ണി നായർ, സത്യഗ്രഹ ആക്ഷൻ കൗൺസിൽ കൺവീനർ വി.കെ. ബാലചന്ദ്രൻ, ഗാന്ധി പീസ് ഫൗണ്ടേഷൻ സെക്രട്ടറി കെ. ബാലകൃഷ്ണൻ നായർ എന്നിവരും പത്രസമ്മേളനത്തിൽ സംബന്ധിച്ചു.

സത്യഗ്രഹം കൂടുതൽ ഊർജ്ജിതമാക്കുന്നതിന് അങ്ങാടിപ്പുറത്ത് ക്യാമ്പ് തുടങ്ങിക്കഴിഞ്ഞിട്ടുണ്ടെന്ന് കൊറാത്ത് അറിയിച്ചു. സത്യഗ്രഹത്തിന്റെ വിശദ പരിപാടികൾ തയ്യാറാക്കുന്നതിന് മലബാർ പ്രദേശ് ക്ഷേത്ര സംരക്ഷണ സമിതിയുടെ എക്സിക്യൂട്ടീവ് നവംബർ 24ന് അങ്ങാടിപ്പുറത്ത് യോഗം ചേരുന്നുണ്ട്. അന്നുതന്നെ കേരള സർവ്വോദയ മണ്ഡലത്തിന്റെയും യോഗം അവിടെ ചേരുന്നതാണെന്നും കൊറാത്ത് വ്യക്തമാക്കി.



പ്രശ്നത്തിന്റെ പരിഹാരത്തിന് ഗവൺമെന്റ് എത്രയും വേഗത്തിൽ നടപടികളെടുക്കുന്നതു നന്നായിരിക്കുമെന്ന് കൊറാത്ത് അറിയിച്ചു. ഈ നാട്ടിലെ പുരാതനമായ ഈ ക്ഷേത്രത്തെ മലബാർ ക്ഷേത്ര സംരക്ഷണ സമിതിയെയോ അല്ലെങ്കിൽ ഗവൺമെന്റിന് വിശ്വാസമുള്ള ഏതെങ്കിലും കമ്മിറ്റിയെയോ ഏൽപ്പിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. സത്യഗ്രഹം തികച്ചും സമാധാനപരമായ രീതിയിൽ ഗാന്ധിയൻ സമ്പ്രദായത്തിലാക്കണം എന്നതുകൊണ്ടാണ് സർവ്വോദയമണ്ഡലം ശാന്തിമണ്ഡൽ, ഗാന്ധി പീസ് ഫൗണ്ടേഷൻ എന്നീ സംഘടനകൾ സത്യഗ്രഹത്തിൽ സജീവമായി പങ്കെടുക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. സർവ്വോദയ നേതാവായ കേളപ്പജിയോടൊപ്പം സർവ്വോദയ മണ്ഡലം സെക്രട്ടറി കെ. രാധാകൃഷ്ണമേനോൻ വളണ്ടിയറായി സത്യഗ്രഹത്തിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. അങ്ങാടിപ്പുറത്തെ സമരത്തിന് ഹിന്ദു മുസ്ലീം സംഘർഷത്തിന്റേതായ യാതൊരു ഛായയും ഇതുവരെ ഉണ്ടായിട്ടില്ലെന്ന് സർവ്വോദയ സെക്രട്ടറി കെ. രാധാകൃഷ്ണമേനോൻ അറിയിക്കുകയുണ്ടായി. (മാതൃഭൂമി-നവംബർ 21)

"ജയ്, ജയ് ഹിന്ദു മുസ്ലിം മൈത്രി, ഈശ്വർ അല്ലാ തേരേ നാം, ആരാധനാസ്വാതന്ത്ര്യം പൗരാവകാശം" എന്നും മറ്റുമുള്ള മുദ്രാവാക്യങ്ങളാണ് സത്യഗ്രഹികൾ മുഴക്കുന്നത്. മുസ്ലീം ലീഗിന്റെ ദുർവാശിക്കു വേണ്ടി ഗവൺമെന്റ് ഒരു വിഭാഗത്തിന്റെ ആരാധനാ സ്വാതന്ത്ര്യം നിരോധിക്കുന്നതിന് എതിരായ സത്യഗ്രഹം മാത്രമാണിത്. സമാധാന പ്രവർത്തനങ്ങളും ഗാന്ധിയൻ രീതിയിലുള്ള മറ്റു സമീപനങ്ങളും ഉണ്ടാക്കുന്നതിന് കേരള സർവ്വോദയ മണ്ഡലത്തിന്റെ അടിയന്തര യോഗം നവംബർ 24നു 3 മണിക്ക് അങ്ങാടിപ്പുറത്തു ചേരുന്നതാണ്. യോഗത്തിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

## 4. അങ്ങാടിപ്പുറത്തേക്ക് വളണ്ടിയർ ജാഥ

ഹിന്ദുക്കളുടെ ചിരപുരാതനമായ അങ്ങാടിപ്പുറം തളിക്ഷേത്രത്തിലെ ആരാധനാ സ്വാതന്ത്ര്യം നിരോധിച്ച കേരള ഗവൺമെന്റിന്റെ



മാതൃഭൂമി

THE MATHRUBHUMI, the National Daily in Malayalam

PUBLISHED FROM CALICUT AND COCHIN

Calicut, Sunday November 24, 1968

Regd. No. K. 65

ബീപാത്തുവിന്റെ രക്ഷകനു ജീവൻരക്ഷാ പഥക്

സ്വന്തം ലേഖകൻ

ശ്രീ നാരായണൻ നായർ

അങ്ങാടിപ്പുറം ക്ഷേത്രപ്രശ്നം

കേളപ്പൻ അറസ്റ്റിൽ: ക്ഷേത്രം മതിൽ കെട്ടി മറയ്ക്കുന്നു

സ്വന്തം പ്രതിനിധി

അങ്ങാടിപ്പുറം, നവംബർ 23

ഇവിടത്തെ തളി ശിവക്ഷേത്രത്തിൽ ആരാധനാസ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ടുള്ള ഗവർമ്മേണ്ടിന്റെ നിരോധനാജ്ഞ ലംഘിച്ചു സത്യാഗ്രഹം നടത്തിയ സർവ്വോദയ നേതാവ് കെ. കേളപ്പനെ പോലീസ് ഇന്നു അറസ്റ്റ് ചെയ്യുകയുണ്ടായി.

തലശ്ശേരി സംഭവം

പോലീസ്-മാർക്സിസ്റ്റ് ഗൂഢാലോചനയെന്ന് തീവ്രവാദികൾ

സ്വന്തം ലേഖകൻ

നാരായണൻ ഗ്രൂപ്പിന്റെ പണിയെന്നു കെ പി ആർ

സത്യാഗ്രഹ കർ നിരാഹാരത്തിൽ

എന്നെ വിട്ടു

നിരോധം അന്യായമെന്നു കൃപലാനി



ഭരണഘടനാവിരുദ്ധമായ നടപടിയിലും മലബാർ ക്ഷേത്ര സംരക്ഷണ സമിതി പ്രസിഡന്റ് കെ. കേളപ്പനെ അറസ്റ്റ് ചെയ്തതിലും കഠിനമായി പ്രതിഷേധിക്കുന്നതും മനുഷ്യന്റെ മൗലികാവകാശമായ ആരാധനാ സ്വാതന്ത്ര്യം നിലനിർത്താൻ അഭ്യർത്ഥിക്കുന്നതുമായ ഒരു പ്രമേയം ലോകനാർ ക്ഷേത്രം സംരക്ഷണ സമിതി നവംബർ 20നു പാസാക്കുകയുണ്ടായി. ഹിന്ദുക്കളുടെ മതവികാരങ്ങളെ വ്രണപ്പെടുത്തി, ഇതര മതസ്ഥന്മാരെ പ്രീണിപ്പിച്ചു മുതലെടുപ്പു നടത്തുന്ന ഗവൺമെന്റിന്റെ തെറ്റായ നയത്തിൽ പ്രതിഷേധിക്കുന്നതോടൊപ്പം അങ്ങാടിപ്പുറത്തു നടത്തിവരുന്ന മനുഷ്യാവകാശ സംരക്ഷണത്തിനു വേണ്ടിയുള്ള ജീവൻമരണ സമരത്തിലേക്ക് സന്നദ്ധ ഭടൻമാരെ അയച്ചു സമരം വിജയിപ്പിക്കാൻ യോഗം തീരുമാനമെടുത്തു. ആരാധനാ സ്വാതന്ത്ര്യം അനുവദിച്ചു കിട്ടുന്നതിനു വേണ്ടി മലബാർ പ്രദേശ് ക്ഷേത്ര സംരക്ഷണ സമിതി അങ്ങാടിപ്പുറത്തേക്ക് അയയ്ക്കാൻ ഉദ്ദേശിക്കുന്ന ജാഥകളുടെ ആദ്യത്തെ സംഘം നവംബർ 21നു വൈകുന്നേരം ഇവിടെയുള്ള വൈരാഗി ക്ഷേത്ര സന്നിധിയിൽനിന്നു പുറപ്പെടുകയുണ്ടായി. വൈരാഗി മഠാധിപതി പണ്ഡിറ്റ് ബൽറാം മിത്രയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഒരു ചടങ്ങിൽ വച്ച് ക്ഷേത്ര സംരക്ഷണ സമിതി സെക്രട്ടറി വി.എം. കൊറാത്ത് ജാഥ ഉദ്ഘാടനം ചെയ്തു. ക്ഷേത്ര സംരക്ഷണ സമിതിയുടെ ഒരു സജീവ പ്രവർത്തകനായ ടി.വി. ദാമോദരന്റെ നേതൃത്വത്തിൽ കെ. ബാലകൃഷ്ണൻ, എൻ. സ്വാമിക്കുട്ടി വൈദ്യർ, പി.വി. സുബ്രഹ്മണ്യൻ, കണ്ണാംപറൻ കുട്ട്യാപ്പ, കെ.സി. രാഘവൻ എന്നീ ആറംഗങ്ങളാണ് ഇവിടെനിന്നു പുറപ്പെട്ടത്. കെ. കുഞ്ഞൻ, എം. നാരായണൻ, ടി. ബാലൻ, കെ. അപ്പുണ്ണി എന്നിവർ ഫറോക്കിൽ വെച്ച് ജാഥയിൽ ചേർന്നു. നവംബർ 24നു വൈകിട്ട് ജാഥ അങ്ങാടിപ്പുറത്തെത്തും. ബലറാം മിശ്ര, ജാഥാ അംഗങ്ങൾക്ക് ഭാവുകം നേർന്നു.

ജാഥാ ക്യാപ്റ്റനെ വി.എം. കൊറാത്ത് ഹാരാർപ്പണം ചെയ്തു. അങ്ങാടിപ്പുറത്തെ തളിക്ഷേത്രത്തിലെ ആരാധനാ സ്വാതന്ത്ര്യം തടഞ്ഞതിനെ തുടർന്നുളവായ വൈകാരികമായ തീവ്രത സംസ്ഥാന ഗവൺമെന്റ് കണക്കിലെടുക്കാത്തത് വിനാശകാലത്തുണ്ടാകുന്ന വിപരീതബുദ്ധി മാത്രമാണെന്ന് അദ്ദേഹം പറഞ്ഞു. ഏതെങ്കിലും സർക്കാർ പുറംപോക്ക് ഭൂമിയുടെ പ്രശ്നമല്ലിത്. പൗരാണികമായ ഒരു ക്ഷേത്രം പുനരുദ്ധരിക്കാനുള്ള ഭക്തജന വിഭാഗത്തിന്റെ ഉൽക്കടമായ ആഗ്രഹമാണ് ഇതിനു പിറകിലുള്ളത്. ആരാധനാ

സ്വാതന്ത്ര്യമെന്ന മൗലികാവകാശം തടയാൻ ആർക്കും അധികാര മില്ലെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി.

ക്ഷേത്ര സംരക്ഷണ സമിതി ജോയിന്റ് സെക്രട്ടറി കെ. കുഞ്ഞ നന്തൻ സ്വാഗതം പറഞ്ഞു. ക്ഷേത്രം ആരാധകരുടേത്, അത് ആരാ ധകർ സംരക്ഷിക്കും. സർക്കാർ പിടിവാശി അവസാനിപ്പിക്കുക, ഒരു പിടി ലീഗോ കേരള സർക്കാർ, ക്ഷേത്ര ആരാധനാ നിരോധനം അവസാനിപ്പിക്കുക എന്നു തുടങ്ങിയ പ്ലക്കാർഡുകൾ ആണ് ജാഥാംഗങ്ങൾ വഹിച്ചിരുന്നത്. മലബാർ പ്രദേശ് ക്ഷേത്ര സംര ക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട്ടുനിന്ന് അങ്ങാ ടിപ്പുറം തളിക്ഷേത്രത്തിലേക്ക് ടി.വി. ദാമോദരന്റെ നേതൃത്വത്തിൽ പുറപ്പെട്ടിരിക്കുന്ന സത്യഗ്രഹ പ്രചരണ ജാഥയ്ക്ക് അന്നു രാത്രി ഫറോക്കിൽ ധാരാളം ഭക്തജനങ്ങൾ ചേർന്ന് ഹാർദ്ദമായ ഒരു സ്വീക രണം നൽകി. ഫറോക്ക് ക്ഷേത്ര സംരക്ഷണ സമിതിക്കുവേണ്ടി കണ്ണന്തറ സ്വാമി ജാഥാക്യാപ്റ്റനെ തുളസീഹാരമണിയിച്ചു. നേരത്തേ ചെറുവണ്ണൂരിലും ഒരു സ്വീകരണമുണ്ടായിരുന്നു.

## 14. ഇ.എം.എസ്സിന്റെയും എ.കെ.ജിയുടെയും കുപ്രസിദ്ധ പ്രസംഗങ്ങൾ

തളിക്ഷേത്ര സമരത്തിന്റെ 6-ാം ദിവസം മുഖ്യമന്ത്രി ഇ.എം. എസ്സും മാർക്സിസ്റ്റ് പാർട്ടി നേതാവ് എ.കെ.ജിയും നടത്തിയ കുപ്ര സിദ്ധമായ പ്രസംഗങ്ങളെക്കുറിച്ച് വി.കെ. ബാലചന്ദ്രൻ മാസ്റ്റർ ഇങ്ങനെ രേഖപ്പെടുത്തുകയുണ്ടായി: കേരള മുഖ്യമന്ത്രി ഇ.എം. എസ്സ് നമ്പൂതിരിപ്പാടും മാർക്സിസ്റ്റ് പാർട്ടിയുടെ സമുന്നത നേതാവ് എ.കെ. ഗോപാലനും അങ്ങാടിപ്പുറത്തെത്തി, തളിക്ഷേത്രത്തിനഭി മുഖമായി നിന്നുകൊണ്ട് ഒരു വിശദീകരണ പൊതുയോഗത്തിൽ പ്രസംഗിച്ചു. കേളപ്പജിയെ വർഗ്ഗീയ രാഷ്ട്രീയ കക്ഷികളുടെ പാവ യാക്കി ചിത്രീകരിച്ചുകൊണ്ടുള്ള രണ്ടു പ്രസംഗങ്ങളും അത്യന്തം അസത്യജടിലമായിരുന്നു. ഗവൺമെന്റു പുറംപോക്കുസ്ഥലം ക്ഷേത്ര നിർമ്മാണത്തിനു വിട്ടുകൊടുക്കുകയില്ലെന്ന് ഇ.എം.എസ് തറപ്പിച്ച് പ്രഖ്യാപിച്ചു. അങ്ങനെയാണെങ്കിൽ ആരാധനാലയങ്ങൾ നിർമ്മിക്കാൻ മുസൽമാൻമാർക്കും പുറംപോക്കുസ്ഥലങ്ങൾക്ക് ഗവൺമെന്റിനെ സമീപിച്ചുകൂടേയെന്ന് തുടങ്ങി മുസ്ലീങ്ങളെ പ്രീണി



പ്പിക്കുവാനും പ്രീതിപ്പെടുത്തുവാനുമുള്ള ശ്രമമായിരുന്നു ഇ.എം. എസ് നടത്തിയത്. ഗുരുവായൂർ സത്യഗ്രഹത്തിൽ കേളപ്പജിയുടെ വലംകയ്യായി പ്രവർത്തിച്ചിരുന്ന എ.കെ.ജിയാകട്ടെ തന്റെ പഴയ ഗുരുനാഥനെ തെറികൊണ്ട് മൂടുവാനുള്ള ശ്രമമാണ് പ്രസംഗത്തി ലൂടെ നിർവ്വഹിച്ചത്.

ക്ഷേത്രങ്ങളിലെ ആരാധനയ്ക്കു തടസ്സം സൃഷ്ടിക്കുന്നവർക്കെ തിരെ നടപടി സ്വീകരിക്കേണ്ട സർക്കാർ ക്ഷേത്രാരാധകരെത്തന്നെ അറസ്റ്റ് ചെയ്യുന്ന ഗതികേടാണ് കേരളത്തിൽ നടന്നുകാണുന്ന തെന്നും ഒരു ഹിന്ദുവിരുദ്ധ സർക്കാരാണ് കേരളത്തിലുള്ളതെന്ന തിന്റെ ഏറ്റവും ഒടുവിലത്തെ തെളിവാണ് ഹിന്ദുക്കളുടെ ആരാ ധനാ സ്വാതന്ത്ര്യത്തിനു വേണ്ടി പടപൊരുതിക്കൊണ്ടിരിക്കുന്ന കേരള ക്ഷേത്ര സംരക്ഷണ സമിതി അദ്ധ്യക്ഷൻ കേളപ്പജിയെ അറസ്റ്റ് ചെയ്തതെന്നും കേരള പ്രദേശ് ജനസംഘം സെക്രട്ടറി ശ്രീ. ഒ. രാജഗോപാൽ നവംബർ 23ന് കൊച്ചിയിൽ പ്രസ്താവിച്ചു. അങ്ങാടിപ്പുറത്തെ തളിക്ഷേത്രത്തിലെ ആരാധനയെ സംബന്ധിച്ച തർക്കത്തിൽ മുസ്ലീം ലീഗിനും മുസ്ലീങ്ങൾക്കുതന്നെയും യാതൊരു ആക്ഷേപവും ഇല്ലെന്ന് അവിടത്തെ എം.എൽ.എ കൂടിയായ മന്ത്രി സി.എച്ച്. മുഹമ്മദ് കോയ പറഞ്ഞതിന്റെ വെളിച്ചത്തിലെങ്കിലും ആരാധന തടഞ്ഞുകൊണ്ടുള്ള കേരള സർക്കാരിന്റെ കൽപ്പന പിൻ വലിക്കേണ്ടതായിരുന്നു. എന്നാൽ ക്ഷേത്രങ്ങളോടും ക്ഷേത്രാരാ ധകരോടും കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ള സഹജമായ എതിർപ്പ് പ്രക ടിപ്പിക്കുവാനും ഹിന്ദുക്കളുടെ മതവികാരങ്ങളെ മുഴുവൻ വ്രണപ്പെ ടുത്തുവാനും വേണ്ടിയാണ് കേരള സർക്കാർ കേളപ്പജിയെ അറസ്റ്റ് ചെയ്തത്. മതസ്വാതന്ത്ര്യം വിലമതിക്കുന്ന ഏവരെയും ഇരുത്തി ചിന്തിപ്പിക്കാൻ പര്യാപ്തമാണ് അറസ്റ്റ് എന്ന് അദ്ദേഹം തുടർന്ന് പറഞ്ഞു.

### 1. ഇ.എം.എസ്സിന്റെ പ്രസംഗം

നവംബർ 21ന് അങ്ങാടിപ്പുറത്തുവെച്ച് മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാട് പൊതുയോഗത്തിൽ ഇങ്ങനെ പ്രസംഗിച്ചു: ആരാ ധനാ സ്വാതന്ത്ര്യത്തിന് ഭൗതികവാദികളാണെന്നു വിശ്വസിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയോ മുന്നണിഭരണമോ എതിരല്ല. എന്നാൽ ആ രാധന മാത്രം പോരാ, സമാധാനപരമായ ആരാധനാ സ്വാതന്ത്ര്യ മാണ് ആവശ്യം. അതിന് വിശ്വാസികളടക്കം എല്ലാ വിഭാഗക്കാരായ

ആളുകളും കൂടിയാലോചിച്ചു മാർഗ്ഗമുണ്ടാക്കേണ്ടതാണെന്നും മുഖ്യ മന്ത്രി പറഞ്ഞു. എന്നാൽ അങ്ങാടിപ്പുറം തളി ക്ഷേത്രം ഇവിടെ ത്തന്നെ വേണമോ എന്നൊരു ചോദ്യം അദ്ദേഹം എടുത്തിടുകയും ചെയ്തു.

കേളപ്പജി തളിക്ഷേത്രത്തിലെ ആരാധനാ സ്വാതന്ത്ര്യത്തിനു വേണ്ടി സത്യഗ്രഹം അനുഷ്ഠിക്കുന്നതിനെ അദ്ദേഹം ശക്തിയായി എതിർത്തു. മദിരാശി ഗവൺമെന്റ് മുസ്ലീങ്ങളുടെ ആരാധനയ്ക്കു വേണ്ടി പള്ളികൾ പണിയുന്നതിൽ പല നിബന്ധനകളും ഏർപ്പെ ടുത്തിയിട്ടുള്ള കാലത്ത് അവരുടെ ആരാധനാ സ്വാതന്ത്ര്യത്തിന് ഇവരെന്തേ സമരം നടത്താത്തതെന്ന് മുഖ്യമന്ത്രി ചോദിക്കുകയും മുസ്ലീങ്ങൾക്കുണ്ടായിരുന്ന ആ വിഷമം തീർത്തത് തന്റെ നേതൃത്വ ത്തിലുണ്ടായിരുന്ന മുൻ മന്ത്രിസഭയാണെന്നും അവകാശപ്പെട്ടു. പുറ മ്പോക്ക് സ്ഥലങ്ങളിൽ ആരാധനാലയങ്ങൾ അനുവദിക്കുന്നത ല്ലെന്നു പറയുന്നില്ല. അങ്ങനെ പറഞ്ഞാൽ ഹിന്ദുക്കളെപ്പോലെ മറ്റു വിഭാഗക്കാരും തങ്ങളെ എതിർക്കും. അതിനാൽ ഗുണദോഷങ്ങളെ ആലോചിച്ചേ ഗവൺമെന്റിന് തീരുമാനമെടുക്കാനാകൂ.

ഈ അങ്ങാടിപ്പുറം തളി ക്ഷേത്രം 100 കൊല്ലമായി ക്ഷേത്രമാ യിരുന്നില്ലെന്നും ഇപ്പോൾ ക്ഷേത്രമായി ആരാധനയ്ക്കാവശ്യപ്പെ ടുന്നവർ ഗാന്ധിജിയെ വധിച്ച വർഗ്ഗീയ ശക്തികളുടെ പിടിയിൽ പ്പെട്ടവരാണെന്നും അദ്ദേഹം പറഞ്ഞു. ജനസംഘത്തിന്റെ കയ്യിലു ണ്ടായിരുന്ന ആയുധങ്ങളാണ് തളിക്ഷേത്ര സത്യഗ്രഹവും മലപ്പുറം ജില്ലാ വിരോധവുമെന്ന് അദ്ദേഹം വാദിച്ചു.

## 15. സമരം പുതിയ ഘട്ടത്തിലേക്ക്

### 1. തളി സമരത്തിന് നേതാക്കൻമാരുടെ പിന്തുണ

തളിക്ഷേത്രത്തിൽ ആരാധനാ സ്വാതന്ത്ര്യം തടഞ്ഞതെന്തിനെന്ന് തനിക്കു മനസ്സിലാവുന്നില്ലെന്ന് കേളപ്പജി നടത്തിവരുന്ന സത്യഗ്ര ഹത്തെപ്പറ്റി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കോൺഗ്രസ് പ്രസിഡന്റ് നിജലിംഗപ്പ ന്യൂഡൽഹിയിൽ നവംബർ 22ന് പ്രസ്താവിച്ചു. ആ ക്ഷേത്രത്തിൽ ഇതിനു മുമ്പ് ആരാധന നടന്നിരുന്നതാണ്. ഹിന്ദു ക്കളുടെ ആരാധന തടയലാണിതെന്നും ഭക്തജനങ്ങളുടെ ആരാധ നയ്ക്ക് കേരള ഗവൺമെന്റ് തടസ്സം സൃഷ്ടിച്ചു കൂടാത്തതാണെന്നും നിജലിംഗപ്പ വ്യക്തമാക്കി. തളിക്ഷേത്രത്തിലെ ആരാധനാസ്വാതന്ത്ര്യ ത്തിനു നേരെ മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാട് സ്വീകരിച്ച നിലപാടിനെതിരെ മഹാകവി ജി. ശങ്കരക്കുറുപ്പ് മുഖ്യമന്ത്രിക്ക് പരാതി അയ്ക്കുകയുണ്ടായി. അങ്ങാടിപ്പുറം തളി ക്ഷേത്രത്തിലെ ആരാധനാ സ്വാതന്ത്ര്യം തടഞ്ഞുകൊണ്ടുള്ള ഗവൺമെന്റ് നടപടി ഡിസംബർ ഒന്നാം തിയ്യതിക്കകം പിൻവലിക്കാത്തപക്ഷം ഡിസം ബർ 2-ാം തിയ്യതിമുതൽ അനിശ്ചിതകാലത്തേക്ക് നിരാഹാര വ്രത മനുഷ്ഠിക്കാൻ തയ്യാറാണെന്ന് സ്വാമി ശ്രീരാമാനന്ദ സരസ്വതി മല ബാർ ക്ഷേത്ര സംരക്ഷണ സമിതിയെ അറിയിച്ചിരിക്കുന്നു. അങ്ങാ ടിപ്പുറത്ത് ഉപവാസമാരംഭിക്കാൻ തന്നെ അനുവദിക്കണമെന്ന് സ്വാമി കൾ സമിതി ഭാരവാഹികളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.


വള്ളുവനാട് വല്ലഭ വലിയരാജ അവർകൾ നവംബർ 20നു വൈകുന്നേരം തളി ശിവക്ഷേത്ര സത്യഗ്രഹ കർമ്മ സമിതിക്ക് 1021/- രൂപ സംഭാവന നൽകി. അങ്ങാടിപ്പുറത്തെ തളിക്ഷേത്രത്തിന ടുത്ത് ആളുകൾ തടിച്ചു കൂടുകയും ഘോഷയാത്ര നടത്തുകയും ചെയ്യുന്നത് പാലക്കാട് കളക്ടർ നിരോധിച്ചതിനെതിരായി സി.വി. കേശവൻ കൊടുത്ത ഒരു റിട്ട് ഹർജി ജസ്റ്റിസ് കെ.കെ. മാത്യു വിന്റെ സിംഗിൾ ബെഞ്ച് വിചാരണയ്ക്കെടുക്കാതെ തള്ളുകയു ണ്ടായി. അതിൻമേലുള്ള അപ്പീൽ ജസ്റ്റിസ് ടി.എസ്. കൃഷ്ണമൂർ ത്തിയും ജസ്റ്റിസ് കെ. സദാശിവവുമടങ്ങുന്ന ഡിവിഷണൽ ബെഞ്ച് ഫയലിൽ സ്വീകരിച്ചു.



### 2. ക്ഷേത്രം മതിൽ കെട്ടി മറയ്ക്കുവാൻ ശ്രമം

അങ്ങാടിപ്പുറം തളി ക്ഷേത്ര സമരം ഒരു പക്ഷേ നാളെ പുതി യൊരു ഘട്ടത്തിലേക്കു കടന്നേക്കാം. ഇതുവരെ കാഴ്ചക്കാരായി നിന്ന പോലീസുകാർ ഇനി സത്യഗ്രഹികളെ പിടിച്ചു മാറ്റാൻ ക്ഷേത്ര വളപ്പിലേക്കു കടക്കേണ്ടിവരുമെന്നതാണ് നില.

ഇന്ന് പുരാവസ്തു വകുപ്പുകാരുടെ നാടകീയമായ രംഗപ്രവേ ശനമാണ് ഈ സ്ഥിതിവിശേഷമുണ്ടാക്കിയിരിക്കുന്നത്. രാവിലെ ശ്രീ കേളപ്പനും മറ്റു സത്യഗ്രഹികളും ക്ഷേത്ര പരിസരത്തെത്തിയ പ്പോൾ അവിടെ ശിവലിംഗത്തിനു ചുറ്റും മതിൽ കെട്ടാൻ പുരാവ സ്തുവകുപ്പിന്റെ നിർദ്ദേശമനുസരിച്ച് എഞ്ചിനീയറും പണിക്കാരും



അങ്ങാടിപ്പുറം തളിക്ഷേത്രപരിസരത്തിൽ വള്ളുവനാട് വല്ലഭരാജാവും കേളപ്പജിയും മറ്റും കുത്തിയിരിപ്പു സത്യാഗ്രഹം നടത്തിയപ്പോൾ



അങ്ങാടിപ്പുറം തളിക്ഷേത്രത്തിൽ വ്യാഴാഴ്ച സ്വാമി ചിന്മയാനന്ദനു നൽകിയ സ്വീകരണം. സ്വാമിജിയുടെ ഇടത്ത് കേളപ്പജി, വലത്ത് തൃശൂർ മുനിസിപ്പൽ ചെയർമാൻ ക്യാപ്ടൻ എം.എൻ. മേനോൻ



ഒരു ലോറി കല്ലുമായി വന്ന് തയ്യാറെടുക്കുകയായിരുന്നു. പക്ഷേ അതു നിർബാധം സാധിക്കുകയില്ലന്ന് കേളപ്പനിൽനിന്നു മനസ്സിലായി. എഞ്ചിനീയറും പോലീസ് ഉദ്യോഗസ്ഥരും കൂടിയാലോചന നടത്തുകയും മതിൽപണി ഉപേക്ഷിക്കുകയും ചെയ്തു. പക്ഷേ കല്ലുലോറി വൈകുന്നേരമാണ് സ്ഥലത്തുനിന്നു മടങ്ങിപ്പോയത്. പുരാവസ്തു വകുപ്പുകാർ മതിൽ കെട്ടാനുള്ള ശ്രമം തീരെ ഉപേക്ഷിച്ചിരിക്കുന്നുവെന്ന് ഇതിനർത്ഥമില്ല. ഇന്ന് മുഖ്യമന്ത്രിയും പുരാവസ്തു വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി ഇമ്പിച്ചിബാവയും സ്ഥലത്തുണ്ടായിരുന്നതുകൊണ്ട് അനിഷ്ടസംഭവങ്ങൾ വേണ്ടെന്നു വച്ച് ഇങ്ങനെ ചെയ്തതാവും എന്നാണ് ക്ഷേത്ര സമര നേതാക്കളുടെ വിശ്വാസം. ഒരുപക്ഷേ നാളെത്തന്നെ വീണ്ടും കല്ലുലോറി വന്നേക്കാമെന്ന് അവർ കരുതുന്നു.

ഈ പരിതസ്ഥിതിയിൽ സമര സ്വഭാവം മാറ്റേണ്ടിവരുമെന്ന് അവർ പറയുന്നു. ഇന്ന് രാത്രിയിൽ കർമ്മസമിതിയോഗം ചേർന്ന് അതിനെപ്പറ്റി ആലോചിക്കുന്നുണ്ട്. യോഗത്തിനു മുമ്പ് മാതൃഭൂമി പ്രതിനിധി ശ്രീ കേളപ്പനെ കാണുകയുണ്ടായി. പുരാവസ്തുവകുപ്പ് ശിവലിംഗത്തിനു ചുറ്റും മതിൽ കെട്ടുകയാണെങ്കിൽ അത് തന്റെയും മറ്റുള്ളവരുടെയും ശരീരത്തിന് മേൽക്കൂടി വേണ്ടിവരുമെന്ന് അദ്ദേഹം ഗവൺമെന്റിനോട് പറഞ്ഞു. മതിൽ കെട്ടാനുള്ള ശ്രമം ഞങ്ങൾ സമാധാനപരമായി തടയും. ഞങ്ങളെ അറസ്റ്റ് ചെയ്തു മാറ്റണമെന്നാണ് വിചാരമെങ്കിൽ ഇങ്ങനെ അറസ്റ്റ് ചെയ്യുന്നവരെ പാർപ്പിക്കാൻ വേണ്ടത്ര ജയിലുകൾ കേരളത്തിലുണ്ടാവില്ല. കേളപ്പജി പറഞ്ഞു. "അതല്ല ലാത്തിചാർജ്ജിനും മറ്റുമാണ് ഭാവമെങ്കിൽ സ്ഥലത്തു കിടന്നുകൊണ്ട് ഞങ്ങളത് സഹിക്കും. കയ്യൂക്ക് കാട്ടാൻ പുറപ്പെടുന്നവർ എതിരാളിക്ക് കൂടുതൽ കയ്യൂക്കുണ്ടെന്ന് കാണുമ്പോൾ ഓടും. എന്നാൽ സ്വന്തം മനസ്സിന്റെയും ആത്മാവിന്റെയും ബലത്തിൽ വിശ്വാസമുള്ളവർ പേടിച്ചോടുകയില്ല. അതാണ് ഗവൺമെന്റ് കാണാൻ പോകുന്നത്." അദ്ദേഹം പറഞ്ഞു.

സമരം സ്വഭാവത്തിൽ മാത്രമല്ല, വലുപ്പത്തിലും മാറാൻ പോവുകയാണ്. നാളെ പല ഭാഗത്തുനിന്നുമായി ധാരാളം വളണ്ടിയർമാർ അങ്ങാടിപ്പുറത്തെത്തുന്നുണ്ട്. കോഴിക്കോട്ടുനിന്നൊരു ജാഥ പുറപ്പെട്ടുകഴിഞ്ഞു. ഞായറാഴ്ച ശ്രീ. എൻ.പി. മൻമഥനും മറ്റും പങ്കെ

ടുത്ത ഒരു പൊതുയോഗം ചേർന്ന് ദീർഘകാലത്തെ രാഷ്ട്രീയ പാരമ്പര്യമുള്ള, സ്വാതന്ത്ര്യ സമരത്തിന്റെ മുന്നണി നേതാവും വന്ദ്യ വയോധികനുമായ കേളപ്പനെ അറസ്റ്റ് ചെയ്തതിൽ ശക്തിയായ അമർഷം രേഖപ്പെടുത്തുകയും യോഗത്തിൽ കെ.വി. അറമുഖൻ പ്രസംഗിക്കുകയും ചെയ്തു.

അങ്ങാടിപ്പുറം തളിക്ഷേത്ര സത്യഗ്രഹത്തിൽ പുതുതായി ഉണ്ടായ സംഭവ വികാസത്തെ മുൻനിർത്തി ദേവസ്വം മന്ത്രി പി.ആർ. കുറുപ്പ് ഉടൻ തന്നെ രാജി വെക്കണമെന്നും അദ്ദേഹം അങ്ങാടിപ്പുറം സന്ദർശിക്കണമെന്നും ശ്രീ. എം.പി. ഗോവിന്ദമേനോൻ പ്രസ്താവിച്ചു. കേളപ്പജിയെ ഇന്നു കാലത്ത് തളിക്ഷേത്ര പരിസരത്തുവെച്ച് വീണ്ടും അറസ്റ്റ് ചെയ്ത വിവരം അറിഞ്ഞു. ഉടനെ താൻ ഒറ്റപ്പാലത്തുനിന്ന് അങ്ങാടിപ്പുറത്തെത്തിയെന്നും തളി ബിംബത്തിന്റെ നാലുഭാഗത്തും എഞ്ചിനീയർമാരും പോലീസുകാരും മറ്റുദ്യോഗസ്ഥൻമാരും നിന്നു മേൽനോട്ടം വഹിച്ചുകൊണ്ട് ബിംബം ആരാധകരിൽനിന്നു തീരെ മറയ്ക്കാനുള്ള ഒരു ശ്രമം നടക്കുന്നതാണ് താൻ കണ്ടതെന്നും അദ്ദേഹം അറിയിച്ചു.

### 3. കേളപ്പജിയുടെ അറസ്റ്റും ശക്തമായ പ്രതിഷേധവും

തളിക്ഷേത്രത്തിൽ ആരാധനാ സ്വാതന്ത്ര്യം നിരോധിച്ചുകൊണ്ടുള്ള ഗവൺമെന്റിന്റെ നിരോധനാജ്ഞ ലംഘിച്ചു സത്യഗ്രഹം നടത്തിയ സർവ്വോദയ നേതാവ് കെ. കേളപ്പനെ പോലീസ് ഇന്ന് അറസ്റ്റ് ചെയ്തിരിക്കുന്നു. ശ്രീ. കേളപ്പനെയും സഹ സത്യഗ്രഹികളായ കെ. രാധാകൃഷ്ണമേനോൻ, ശേഷുഅയ്യർ എന്നിവരടക്കം 17 പേരെയും അറസ്റ്റ് ചെയ്ത് ലോക്കപ്പിലടച്ചതിനു പുറമേ ക്ഷേത്ര സ്ഥലത്തു ശിവലിംഗത്തിനു ചുറ്റും മതിൽ കെട്ടിമറയ്ക്കുന്ന രീതിയും ഗവൺമെന്റ് ഇന്ന് ആരംഭിച്ചിട്ടുണ്ട്. കേളപ്പൻ ക്ഷേത്ര സന്നിധിയിലേക്കു നടന്നപ്പോൾ ഡി.വൈ.എസ്.പി. ഉമ്മന്റെയും സർക്കിൾ ഇൻസ്പെക്ടർ രാജശേഖരന്റെയും നേതൃത്വത്തിൽ സായുധ പോലീസുകാർ റോഡിൽ വെച്ച് സത്യഗ്രഹികളെ തടഞ്ഞു. ശ്രീ. കെ. കേളപ്പൻ, കേരള സർവ്വോദയ മണ്ഡലം സെക്രട്ടറി കെ. രാധാകൃഷ്ണമേനോൻ എന്നിവരെയും മറ്റ് 16 സത്യഗ്രഹികളെയും പോലീസ് അറസ്റ്റ് ചെയ്ത് പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിലേക്കു കൊണ്ടുപോവുകയും ചെയ്തു.



## 16. കേളപ്പജിയുടെ ഉപവാസം

നവംബർ 23നു തളി സത്യഗ്രഹം പുതിയ ഒരു വഴിയിലേക്കു മാറി. മനുഷ്യ മനസ്സാക്ഷിയെ ഉണർത്താൻ ശാന്തിമാർഗ്ഗത്തിലൂടെ ഉപവാസ സമരമാരംഭിച്ചത് നവംബർ 23ന് ആയിരുന്നു. നിത്യേന നിരോധനാജ്ഞ ലംഘിക്കുകയും അറസ്റ്റ് ചെയ്യപ്പെട്ട് വിട്ടയയ്ക്കുകയും ചെയ്യുന്ന സമ്പ്രദായത്തിൽ പ്രതിഷേധിച്ച് അന്ന് പോലീസ് സ്റ്റേഷനിലേക്കു കൊണ്ടുവന്നപ്പോൾ, തന്നെ കോടതിയിൽ ഹാജരാക്കാൻ പോലീസുകാരോട് കേളപ്പജി ആവശ്യപ്പെട്ടു. "ഞാൻ നിയമം ലംഘിച്ചെങ്കിൽ എന്നെ കോടതിയിൽ കൊണ്ടുപോകൂ. കളിപ്പിക്കാൻ എന്നെ കിട്ടില്ല."- കേളപ്പജി പോലീസ് ഉദ്യോഗസ്ഥന്മാരോട് പറഞ്ഞു. ഇനി ഞാൻ പോലീസ് സ്റ്റേഷൻ വിട്ടുപോകുന്നത് തളിക്ഷേത്രത്തിൽ ആരാധനയ്ക്കും പ്രവേശനത്തിനുമുള്ള സ്വാതന്ത്ര്യം ലഭിച്ചതിനു ശേഷം മാത്രമായിരിക്കും. അതുവരെ ഞാൻ



*കേളപ്പജിയെയും ശേഷു അയ്യരെയും പോലീസ് തടഞ്ഞപ്പോൾ*

ഭക്ഷണം കഴിക്കില്ല; വിജയംവരെ അല്ലെങ്കിൽ മരണം വരെ ഉപവസിക്കും."

പോലീസ് സ്റ്റേഷന്റെ ചുമരുകൾ ഈ ഭീഷ്മ പ്രതിജ്ഞ കേട്ടു തരിച്ചു. ചുരുക്കത്തിൽ പെരിന്തൽമണ്ണ പോലീസ് സ്റ്റേഷൻ കേളപ്പജിയുടെ ഓഫീസ്മുറിയായി മാറി. സന്ദർശകരെ നിയന്ത്രിക്കാൻ കഴിയാതെ പോലീസ് കുഴങ്ങി. സമരം മൂർദ്ധന്യാവസ്ഥയിലേക്കു നീങ്ങുകയായിരുന്നു. 23നു രാവിലെ പുരാവസ്തു വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് പൊതുമരാമത്തു വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ബിംബം ചുമർ കെട്ടി മൂടാനുള്ള ശ്രമം ആരംഭിച്ചു. ഈ സംരംഭം തടയുവാൻ ചെന്ന വളണ്ടിയർമാർ അറസ്റ്റ് ചെയ്യപ്പെട്ടു. ബിംബം കെട്ടി അടയ്ക്കാനുള്ള ആവശ്യത്തിനു കൊണ്ടുവന്ന സിമന്റും കമ്പിയും വഴിക്കു വച്ച് വിദ്യാർത്ഥികൾ ലോറിയിൽനിന്ന് എടുത്ത് മുതുവറ ക്ഷേത്രക്കുളത്തിൽ നിക്ഷേപിച്ചു. പോലീസ് വലയം ഭേദിച്ച് കെട്ടിനിർത്തിയിരുന്ന ചുമരിന്റെ മുകൾ ഭാഗം യുവാക്കൾ തകർത്തതിനെത്തുടർന്ന് ക്ഷേത്രസ്ഥലത്ത് ലാത്തിച്ചാർജ്ജ് ഉണ്ടായി. പരിക്കേറ്റ് പലരും ആശുപത്രിയിലായി.

അറസ്റ്റ് ചെയ്യപ്പെട്ട നൂറുകണക്കിനു സ്ത്രീകൾ അടങ്ങുന്ന സത്യഗ്രഹികളെ എന്തുചെയ്യണമെന്ന് അറിയാതെ പോലീസ് തിരുവനന്തപുരത്തു നിന്നുള്ള നിർദ്ദേശങ്ങൾക്ക് കാത്തുനിന്നു. നാടിന്റെ നാനാഭാഗത്തുനിന്നും പദയാത്രകൾ അങ്ങാടിപ്പുറത്തേക്ക് പ്രവഹിച്ചുകൊണ്ടിരുന്നു. തളിക്ഷേത്ര പ്രശ്നത്തിൽ ഗവൺമെന്റിന്റെ അയവില്ലാത്ത നിലപാടിൽ പ്രതിഷേധിച്ച് അങ്ങാടിപ്പുറത്തെ എല്ലാ കടകളും അടച്ച് ഹർത്താൽ ആചരിച്ചു. വീടുകൾ അടച്ച് അമ്മമാരും സമര രംഗത്തിറങ്ങി. അങ്ങാടിപ്പുറത്തുനിന്നു പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിലേക്ക് ആയിരങ്ങൾ നടത്തിയ പ്രകടനം താലൂക്ക് ആസ്ഥാനത്തെ കിടിലം കൊള്ളിച്ചു. മലപ്പുറത്തുനിന്നു പാലക്കാട്ടേക്ക് പെരിന്തൽമണ്ണ വഴി പോകാനിരുന്ന ഇ.എം.എസ്സിന് 23ന് മാർഗ്ഗം മാറ്റേണ്ടിവന്നു. മുഖ്യമന്ത്രിയെ തടഞ്ഞു നിർത്താൻ ആയിരക്കണക്കിന് ആളുകൾ തയ്യാറായി നിൽക്കുന്ന വിവരം അറിഞ്ഞപ്പോൾ അദ്ദേഹം വഴിമാറിപ്പോയി. അങ്ങനെ, മഞ്ചേരി, പാണ്ടിക്കാട്, മേലാറ്റൂർ വഴി പോകുമ്പോൾ മുഖ്യമന്ത്രിയുടെ കാർ മറ്റൊരു വാഹനത്തിലിടിക്കുകയും ചെയ്തു.






# 17. പോലീസ് കാവലിൽ മതിൽ നിർമ്മാണം

ചിരപുരാതനമായ തളിക്ഷേത്രത്തിൽ കാലാകാലമായി ഭക്തജനങ്ങൾ ആരാധന നടത്തിപ്പോന്ന ചരിത്രപ്രധാനമായ ശിവലിംഗത്തിനു ചുറ്റിലും ഒരു സെന്റ് സ്ഥലം സർവ്വേ സൂപ്രണ്ട് അളന്ന് പുരാവസ്തു ഡിപ്പാർട്ട്മെന്റിന് ഏൽപ്പിച്ചു കൊടുത്തപ്രകാരമാണ് പൊതുമരാമത്തുകാർ അവിടെ ചാൽ കീറി കരിങ്കൽ കൊണ്ട് തറ കെട്ടി നിർമ്മാണം ആരംഭിച്ചത്. വമ്പിച്ച പോലീസ് കാവലിലാണ് മതിലിന്റെ പണി നടക്കുന്നത്. പ്രാദേശിക പോലീസിനു പുറമേ എം.എസ്.പിയും റിസർവ്വ് പോലീസും സർവ്വവിധ സന്നാഹങ്ങളോടും കൂടി ക്ഷേത്ര പരിസരത്തിൽ നിലയുറപ്പിച്ചിട്ടുണ്ട്.

എക്സിക്യൂട്ടീവ് എഞ്ചിനീയർ ജോർജ്ജ് ഫിലിപ്പ്, അസിസ്റ്റന്റ് എഞ്ചിനീയർ ജയകൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിൽ 12 തൊഴിലാളികളാണ് പ്രവൃത്തി നടത്തുന്നത്. മൂന്ന് ദിവസത്തിനകം പ്രവൃത്തി പൂർത്തിയാക്കണമെന്നാണത്രേ അവർക്കു കിട്ടിയ നിർദ്ദേശം. തറയ്ക്കു മീതെ ചെങ്കല്ലുകൊണ്ട് ചുമർ കെട്ടി സമകോണാകൃതിയിൽ ഓടിട്ട മേൽപ്പുരയുണ്ടാക്കാനാണ് പരിപാടിയെന്നറിയുന്നു. കേളപ്പനും കൂട്ടുകാരും 23ന് ലോക്കപ്പിനുള്ളിൽ ഭക്ഷണം കഴിക്കുവാൻ കൂട്ടാക്കിയില്ല. ശ്രീ കേളപ്പനെയും കുറച്ചു സത്യഗ്രഹികളെയും അറസ്റ്റ് ചെയ്യുകയും ജനങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്തിക്കൊണ്ട് അവരുടെ ആരാധനാ വിഗ്രഹമായ ശിവലിംഗത്തെ മതിൽ കെട്ടി മറയ്ക്കുവാൻ ഗവൺമെന്റ് തുനിയുകയും ചെയ്തതോടെ പുതിയൊരു ഘട്ടത്തിൽ പ്രവേശിച്ചിട്ടുള്ള സത്യഗ്രഹത്തിൽ പങ്കെടുക്കുവാൻ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഇവിടേക്ക് വളണ്ടിയർമാർ പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ കേളപ്പന്റെ അറസ്റ്റിൽ പ്രതിഷേധിച്ച് ക്ലാസ് മുറികൾ വീട്ടിറങ്ങിയ അങ്ങാടിപ്പുറം തരകൻ ഹൈസ്കൂൾ വിദ്യാർത്ഥികൾ കേളപ്പജിയെ ഉടനെ വിട്ടയയ്ക്കണമെന്നാവശ്യപ്പെട്ടു പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനു മുന്നിൽ പ്രകടനം നടത്തുകയുണ്ടായി. ഇവരിൽ 25 വിദ്യാർത്ഥികളെ പോലീസ് കസ്റ്റഡിയിൽ എടുത്ത് പിന്നീട് വിട്ടയച്ചു. ക്ഷേത്ര സ്ഥലത്തിന് ചുറ്റും നാലഞ്ച് കേന്ദ്രങ്ങളിൽ ഭജന പാടിക്കൊണ്ടിരുന്ന യുവസംഘങ്ങൾ ഉച്ചതിരിഞ്ഞ് മൂന്നേമുക്കാൽ മണിയോടെ പെട്ടെന്ന് മുന്നോട്ടു നീങ്ങി. പോലീസുകാരെ കബളി





*പോലീസ് കാവലിൽ ശിവലിംഗത്തിനു ചുറ്റിലും മതിൽനിർമാണം. മതിലിനുള്ള കിടങ്ങു കീറിയതു ചിത്രത്തിൽ കാണാം.*

പ്പിച്ചു ക്ഷേത്രമുറിയിൽ കടക്കുകയും അവിടെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടത്തിയിരുന്ന മതിൽനിർമ്മാണം കുറച്ചു നേരം തടസ്സപ്പെടുത്തുകയും ചെയ്തു. ചെറുപ്പക്കാർ കൂട്ടം കൂട്ടമായി ശിവലിംഗം കെട്ടിപ്പിടിച്ച് മുദ്രാവാക്യങ്ങൾ മുഴക്കിയപ്പോൾ അവരെ പിടിച്ചു മാറ്റാൻ പോലീസ് നന്നേ വിഷമിക്കേണ്ടിവന്നു. കുറെപേരെ വാനിൽ കയറ്റി പെരിന്തൽമണ്ണയ്ക്കയച്ചു. അതിൽ വിദ്യാർത്ഥികളും ഉൾപ്പെട്ടിരുന്നു.

മറ്റുള്ളവരും കൂട്ടം കൂട്ടമായി അറസ്റ്റിന് തയ്യാറായി. അതിനിടയ്ക്ക് മൊയ്തീൻകുട്ടി മുതൽ പേർ നിർമ്മിച്ച മതിൽപണിയുടെ നല്ലൊരു ഭാഗം കുട്ടികൾ പൊളിച്ചുനീക്കി. ഈ ബഹളങ്ങൾക്കിട

യിൽ ചിലർക്ക് ചില്ലറ പരിക്കുപറ്റി. അപ്പോഴേക്കും അവിടെ എത്തിയ ശ്രീ. എം.പി. ഗോവിന്ദമേനോനും ശ്രീ. കെ. ബാലകൃഷ്ണൻ നായരും വളരെയേറെ ബുദ്ധിമുട്ടി അവിടെ തിങ്ങിക്കൂടിയ ആവേശഭരിതരായ യുവജനങ്ങളെ ഉപദേശിച്ച് ശാന്തരാക്കി. അഡ്വക്കറ്റ് ടി. നാരായണൻ നമ്പ്യാർ, കോഴിക്കോട് മേയർ പി.വി. ശങ്കരനാരായണൻ തുടങ്ങിയവർ 23ന് വൈകുന്നേരം കേളപ്പനെ കണ്ട് ചർച്ച നടത്തിയിരുന്നു. ഇന്ന് വൈകുന്നേരം ധാരാളം സ്ത്രീകൾ പങ്കെടുത്ത വമ്പിച്ച ഒരു പ്രതിഷേധ ഘോഷയാത്ര അങ്ങാടിപ്പുറത്ത് നടത്തി. മതിൽ നിർമ്മാണം രാത്രിയും തുടരുകയുണ്ടായി. കരിങ്കൽ കൊണ്ടുള്ള തറപ്പണി പൂർത്തിയായി വരുന്നു. വൈകുന്നേരം സുശീല ഗോപാലനും (എം.പി) തളിക്ഷേത്രം സന്ദർശിക്കുകയുണ്ടായി. കേളപ്പനൊഴികെ മറ്റുള്ള എല്ലാ സത്യഗ്രഹികളെയും രാത്രി പോലീസ് വിട്ടയച്ചു.

തളിക്ഷേത്ര പരിസരത്ത് നടപ്പാക്കിയ നിരോധനാജ്ഞ ഒരു തരത്തിലും നീതീകരിച്ചു കൂടാത്തതാണെന്ന് ആചാര്യ ജെ.പി. കൃപലാനി പറഞ്ഞു. നീതികരണമില്ലാത്ത ഒരു നിരോധനാജ്ഞ ലംഘിച്ചതിന് ശ്രീ. കേളപ്പനെ അറസ്റ്റ് ചെയ്തത് എന്തിനാണെന്നു മനസ്സിലാവുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. സ്വതന്ത്രഭാരതത്തിൽ പോലും ഇത്തരം സംഭവങ്ങൾ ഉണ്ടാവുന്നുവെന്നത് അത്ഭുതകരമാണ്. പൊതുസ്ഥാപനങ്ങൾ എല്ലാവർക്കുമായി തുറന്നു കൊടുക്കണമെന്നത് നിയമമാണ്. തളിക്ഷേത്ര പരിസരത്ത് എന്തിനു നിരോധനാജ്ഞ നടപ്പാക്കിയെന്ന് ഇനിയും മനസ്സിലാവുന്നില്ല.

തളിക്ഷേത്ര പ്രശ്നം പരിഹരിക്കാൻ ഉടൻ നടപടി എടുത്തില്ലെങ്കിൽ അതൊരു അഖിലേന്ത്യാ പ്രശ്നമായിത്തീർന്നേക്കുമെന്ന് ജനസംഘം നേതാവ് അടൽ ബിഹാരി വാജ്പേയി മുന്നറിയിപ്പു നൽകി. തളിക്ഷേത്ര സംഭവത്തിൽ രാജ്യത്തിന്റെ മറ്റു പല ഭാഗങ്ങളിലും ആശങ്കകളുള്ളതായി റിപ്പോർട്ടുകളുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ആരാധകരുടെ പ്രാർത്ഥന തടഞ്ഞുകൊണ്ട് നിരോധനാജ്ഞ നടപ്പാക്കിയത് തികച്ചും അന്യായമാണെന്ന് അദ്ദേഹം പറഞ്ഞു. ശ്രീ കേളപ്പനെ പോലുള്ള ഒരു പൊതുജന നേതാവ് നിരോധനാജ്ഞ ലംഘിക്കാൻ തീരുമാനിച്ചത് പൊതുജനങ്ങൾക്കുള്ള അമർഷമാണ് പ്രകടമാക്കുന്നത്.





*അടൽ ബിഹാരി വാജ്പേയ് ക്ഷേത്രദർശനം നടത്തുന്നു*


ആരാധനാ സ്വാതന്ത്ര്യം പുനഃസ്ഥാപിക്കണമെന്ന ആവശ്യത്തെ സാമുദായികമെന്നോ വിഭാഗീയമെന്നോ വിവരിച്ചുകൂടെന്ന് ശ്രീ വാജ്പേയി പറഞ്ഞു. ക്ഷേത്രം ഭക്തർക്ക് ഏൽപ്പിച്ചു കൊടുത്തുകൊണ്ട് കേരള ഗവൺമെന്റ് യുക്തമായ നടപടികളെടുക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ആരാധനാ സ്വാതന്ത്ര്യത്തിനു വേണ്ടി സത്യഗ്രഹ സമരം നടത്തുന്ന കേളപ്പജിയെ അറസ്റ്റ് ചെയ്ത കേരള ഗവൺമെന്റിന്റെ നടപടിയിൽ ജില്ലാ വിഭജന വിരുദ്ധ സമിതിയുടെ കൊയിലാണ്ടി താലൂക്ക് സമിതിയോഗം നവംബർ 24ന് പ്രതിഷേധം പ്രകടിപ്പിച്ചിരുന്നു. കേളപ്പജിയുടെ നേതൃത്വത്തിൽ ആരാധനാ സ്വാതന്ത്ര്യത്തിനു വേണ്ടി നടക്കുന്ന സംരംഭങ്ങൾക്ക് യോഗം പരിപൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്തു.

ജില്ലാ വിഭജന വിരുദ്ധ സമിതിയുടെ അദ്ധ്യക്ഷനായി പി. ഗോവിന്ദൻ നായരെയും ഉപാദ്ധ്യക്ഷനായി എം. ഗോവിന്ദൻ നായരെയും കാര്യദർശിയായി ഭാസ്കരൻ പൂക്കാടിനെയും സഹകാര്യദർശിയായി ഇ. രാഘവൻ നായരെയും ഖജാൻജിയായി എം. കുട്ടികൃഷ്ണൻ

നായരെയും തെരഞ്ഞെടുത്തു. കൺവീനർ അഡ്വക്കറ്റ്. ദാമോദരൻ അടിയോടി അദ്ധ്യക്ഷത വഹിച്ചു.

## 1. സർക്കാരിന്റെ മതിൽ ജനം തകർത്തു

കേളപ്പജിയുടെ അറസ്റ്റിനെ തുടർന്ന് അങ്ങാടിപ്പുറത്തെ അന്ത രീക്ഷം സംഘർഷഭരിതമായി. നാടിന്റെ നാനാഭാഗങ്ങളിൽനിന്നും ആയിരക്കണക്കിനു സന്യാസികൾ അങ്ങാടിപ്പുറത്തേക്ക് എത്തി ക്കൊണ്ടിരുന്നു. കേളപ്പജി ജയിലിൽ ഉപവാസം തുടർന്നു. ഇനി കുളിച്ച് തളിക്ഷേത്രത്തിൽ ചെന്ന് ആരാധന നടത്തിക്കഴിഞ്ഞാല ല്ലാതെ ഭക്ഷണം കഴിക്കില്ലെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. 24നു രാവിലെ ആയപ്പോഴേയ്ക്കും ശിവലിംഗത്തിനു ചുറ്റുമുള്ള പണി കഴിഞ്ഞു. മേൽപ്പുര മാത്രമേ പണിയാൻ ബാക്കി ഉണ്ടായിരുന്നുള്ളൂ. അതിന്റെ സാമാനങ്ങൾ കൊണ്ടുവന്ന ലോറി ജനങ്ങൾ വഴിക്കു വച്ച് തടയുകയും ചക്രങ്ങളുടെ കാറ്റഴിച്ചു വിടുകയുമുണ്ടായി. പുരാ



*തളി ക്ഷേത്രവളപ്പിലെ ശിവലിംഗത്തിനു ചുറ്റും കെട്ടിയ മതിൽ പ്രകടനക്കാർ ഇടിച്ചുപൊളിക്കുന്നു.*



വസ്തു വകുപ്പുകാരുടെ പണി പുരോഗമിക്കുംതോറും സ്ഥലത്ത് അന്തരീക്ഷം കലുഷമായിക്കൊണ്ടിരുന്നു. നവംബർ 24-ാം തിയ്യതി ഉച്ചയ്ക്ക് എ.കെ. ശേഷുഅയ്യരുടെ വിശാലമായ ഉമ്മറത്ത് ചേർന്ന പ്രവർത്തന യോഗത്തിൽ കെ.എ. ദാമോദരമേനോന്റെ ഉശിരൻ പ്രസംഗം സമരത്തിന് ആവേശകരമായ പരിവേഷം നൽകി. പൊതു മരാമത്തുവകുപ്പിന്റെ ശിവലിംഗം കെട്ടി അടയ്ക്കുന്ന പരിപാടിയെ എന്തു വിലകൊടുത്തും നേരിടുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. വെടി യുണ്ടയെ കൂസാത്ത സത്യഗ്രഹികളെയാണ് നമുക്ക് ആവശ്യം. പുരാ വസ്തുവിന്റെ പുര തകർക്കും. വിഗ്രഹം കെട്ടിയടയ്ക്കപ്പെട്ടുകഴി ഞ്ഞാൽ പിന്നെയെന്തു സമരം. യുവാക്കളെ ഇളക്കി മറിച്ച ഈ പ്രസംഗത്തിന് സത്വരഫലമുണ്ടായി.

വൈകുന്നേരം ശ്രീമതി ലീലദാമോദരന്റെ നേതൃത്വത്തിൽ നൂറു കണക്കിനു മഹിളകൾ രാംധുൻ ആലപിച്ച് ക്ഷേത്രത്തിലേക്കു നീങ്ങി. സായുധ പോലീസ് അവരെ തടഞ്ഞപ്പോൾ ഞങ്ങൾ സ്ത്രീ കളാണ് വനിതാ പോലീസിനെ കൊണ്ടുവരൂ എന്നായി ശ്രീമതി ലീലാദാമോധരമേനോൻ. നാലോ അഞ്ചോ വനിതാ പോലീസു കാരേ അവിടെ ഉണ്ടായിരുന്നുള്ളൂ. അവരെ നിഷ്പ്രയാസം തട്ടി നീക്കി ലീലദാമോദര മേനോൻ, കെ.സി. യശോദ മാധവൻ (തങ്കേ ടത്തി), സി.ടി. ഭാരതി, എം. ബി. ചിന്നമാളു , യു. നാരായണിക്കുട്ടി, പി. ജാനകി, മാധവിയമ്മ, സി.ടി. രാധ തുടങ്ങിയവർ ക്ഷേത്രത്തി ലേക്ക് ഇരച്ചു കയറി അവിടെ ഇരുന്ന് ഭജന തുടങ്ങി. ഇതിനകം ചുറ്റും കെട്ടി ഉയർത്തിയ കൽച്ചുമരുകൾ നിമിഷങ്ങൾക്കകം നിലം പൊത്തി. കണ്ണുചിമ്മി തുറക്കുന്നതിനുള്ളിൽ എല്ലാം തീർന്നു. പോലീസ് അമ്പരന്നു നിന്നു. പിന്നീട് നടന്ന ലാത്തിച്ചാർജ്ജിൽ പരിക്കേറ്റ് നിരവധി പേർ ആശുപത്രിയിൽ ആയി. വൈകുന്നേരം അങ്ങാടിപ്പുറം മുതൽ പെരിന്തൽമണ്ണ വരെ നീണ്ട ആഹ്ലാദപ്രകട നങ്ങൾക്കു ശേഷം പൂരപ്പറമ്പിലെ പൊതുയോഗത്തിൽ കെ.എ. ദാമോദരമേനോൻ, എം.പി. ഗോവിന്ദ മേനോൻ, എം.പി. മന്മഥൻ എന്നിവർ പ്രസംഗിച്ചു.

“എന്റെ നേതാവ് കേളപ്പജിയുടെ നേതൃത്വത്തിലുള്ള ഈ സമരം തികച്ചും അക്രമരഹിതമായിരിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. പക്ഷേ ഉപവാസം അനുഷ്ഠിക്കുന്ന ആ വന്ദ്യ നേതാവിന്റെ ജീവൻ



*തളി ക്ഷേത്രവളപ്പിലെ ശിവലിംഗത്തിനു ചുറ്റും കെട്ടിയ മതിൽ പൊളിക്കുന്ന വളണ്ടിയർമാരെ പോലീസ് ലാത്തികൊണ്ട് തള്ളിമാറ്റുന്നു.*



അപകടനിലയിലെങ്ങാനും എത്തിയാൽ ഗവൺമെന്റ് സൂക്ഷിച്ചോളൂ. ഈ സമരം അക്രമത്തിലേക്കു തിരിയും. ഞങ്ങൾ കയ്യും കെട്ടി എല്ലാം നോക്കിനിൽക്കുമെന്നു കരുതേണ്ട" എന്ന് എം.പി. മൻമഥൻ പ്രഖ്യാപിച്ചു.

## 18. ഉപവാസ സമരം പുതിയ ഘട്ടത്തിലേക്ക്

### കേളപ്പൻ ഉപവാസം തുടരുന്നു

അങ്ങാടിപ്പുറത്ത് മൂന്ന് തവണ ലാത്തിച്ചാർജ്ജ്. വനിതാ വളണ്ടിയർമാർ പോലീസ് വലയം ഭേദിച്ചു മുന്നേറി. പ്രകടനക്കാർ മതിൽ പൊളിച്ചു. പണി തൽക്കാലം നിർത്തിവെക്കുന്നു. സംഭവ വികാസങ്ങളെക്കുറിച്ച് മാതൃഭൂമി ദിനപത്രത്തിൽ ഇങ്ങനെ രേഖപ്പെടുത്തി!

### അങ്ങാടിപ്പുറം, നവംബർ 24

ഇന്ന് ഉച്ച തിരിഞ്ഞു തളിക്ഷേത്ര വളപ്പിലേക്ക് മൂന്ന് ഭാഗങ്ങളിൽനിന്നായി കുതിച്ചു കയറിയ സത്യഗ്രഹികളും ജനങ്ങളും പുരാവസ്തുവകുപ്പുകാർ അവിടത്തെ ശിവലിംഗത്തിന് ചുറ്റും കെട്ടി ഉയർത്തിയ മതിൽ പൊളിച്ചു കളഞ്ഞതിനെ തുടർന്ന് പോലീസ് അവരുടെ നേരെ മൂന്ന് പ്രാവശ്യം ലാത്തിച്ചാർജ്ജ് നടത്തുകയുണ്ടായി. ഇതിന്റെ ഫലമായി പലർക്കും പരിക്കേറ്റിട്ടുണ്ട്. ശ്രീ കേളപ്പന്റെ അറസ്റ്റിനെ തുടർന്ന് ഇന്ന് ഇവിടെ അന്തരീക്ഷം ചൂടുപിടിച്ചിരിക്കുകയാണ്. കേരളത്തിന്റെ നാനാഭാഗത്തുനിന്നും കൂടുതൽ വളണ്ടിയർമാർ എത്തിക്കൊണ്ടിരിക്കുന്നുണ്ട്.

കേളപ്പജി പോലീസ് സ്റ്റേഷനിൽത്തന്നെ കഴിയുന്നു. ഇനി കുളിച്ച് തളിക്ഷേത്രത്തിൽ ചെന്ന് ആരാധന നടത്തിക്കഴിഞ്ഞല്ലാതെ താൻ ഭക്ഷണം കഴിക്കില്ലെന്നാണ് അദ്ദേഹം പറയുന്നത്. ശിവലിംഗത്തിന് ചുറ്റും ഇന്നു രാവിലത്തോടുകൂടി മതിലിന്റെ പണി കഴിഞ്ഞിരുന്നു. മേൽപ്പുര മാത്രമേ പണിയാൻ ബാക്കി ഉണ്ടായിരുന്നുള്ളൂ. അതിനുള്ള സാമാനങ്ങൾ കൊണ്ടുവരുന്ന ലോറി ജനങ്ങൾ വഴിക്കുവച്ച് തടയുകയും ചക്രങ്ങളുടെ കാറ്റഴിച്ച് വിടുകയുമുണ്ടായി. പുരാവസ്തു വകുപ്പുകാരുടെ പണി പുരോഗമിക്കും തോറും സ്ഥലത്ത് അന്തരീക്ഷം മോശമായിക്കൊണ്ടിരുന്നു. ഉച്ച തിരിഞ്ഞ് നാലുമണിക്കും നാലരമണിക്കും ഇടയിലാണ് മൂന്ന് പ്രാവശ്യം



*"ഞങ്ങളെ തടയാനാവില്ല"– നിരോധനാജ്ഞ ലംഘിച്ച് ക്ഷേത്രവളപ്പിലെ വിഗ്രഹത്തിനടുത്തേക്ക് വനിതാ സത്യാഗ്രഹികളുടെ തള്ളിക്കയറ്റം*

ലാത്തിച്ചാർജ്ജ് നടന്നത്. സത്യഗ്രഹികൾക്കും അത് കണ്ടുകൊണ്ടു നിന്നിരുന്ന പലർക്കും അടി കൊണ്ടിട്ടുണ്ട്. ചിലർ രക്തം ഛർദ്ദിച്ചു. മറ്റു പലരും റോഡിൽ വീണുപോയി. അതിനിടയ്ക്ക് കല്ലേറും നടന്നു. പോലീസിന്റെ ഭാഗത്തുനിന്നാണ് കല്ലേറുണ്ടായതെന്ന് ഒരാക്ഷേപമുണ്ട്. കെ.എ. ദാമോദരമേനോൻ, എം.പി. ഗോവിന്ദമേനോൻ, കെ. ജനാർദ്ദനൻ പിള്ള, രാധാകൃഷ്ണമേനോൻ (രാമനാട്ടുകര), കെ. ബാലകൃഷ്ണൻ നായർ (ഗാന്ധി കേന്ദ്രം) തുടങ്ങിയവർ ജനങ്ങളെ സമാധാനിപ്പിക്കാനും അക്രമാസക്തരാകാതിരിയ്ക്കാനും പാടുപെട്ടതിന്റെ ഫലമായി കൂടുതൽ കുഴപ്പം ഉണ്ടായില്ല.



പക്ഷേ ക്ഷേത്ര പരിസരത്തേക്ക് കുതിച്ചു കയറിയ ആൾക്കൂട്ടം അവിടത്തെ പുരാവസ്തു മന്ദിരം കുറച്ചൊക്കെ പൊളിച്ചുമാറ്റി. അത് പൊളിച്ചു മാറ്റുകതന്നെ ചെയ്യുമെന്നും അവിടെ ശരിക്കുള്ള ക്ഷേത്രം പണിയുമെന്നും സത്യഗ്രഹികൾ രാവിലെ മുതൽ മുദ്രാവാക്യം മുഴക്കി മുന്നറിയിപ്പ് നൽകിയിരുന്നു.

ഉച്ചതിരിഞ്ഞ് 4 മണി കഴിഞ്ഞതോടെ വമ്പിച്ചൊരു ജാഥ പട്ടണം ചുറ്റി തളിക്ഷേത്ര പരിസരത്തേക്കു പോകുകയാണുണ്ടായത്. അവർ ഭജനഗാനങ്ങൾ പാടിക്കൊണ്ടിരുന്നു. അക്കൂട്ടത്തിൽ വനിതാ വിഭാഗത്തിന്റെ നേതൃത്വം വഹിച്ചത് ശ്രീമതി ലീല ദാമോദരമേനോനാണ്. അവരോടൊപ്പം ശ്രീമതി കമല നമ്പീശനും ഉണ്ടായിരുന്നു. ക്ഷേത്രപ്പറമ്പിന്റെ കിഴക്കുഭാഗത്ത് കിണറിനു താഴെയായി പോലീസ് വനിതാ വിഭാഗത്തെ തടഞ്ഞു.

വനിതാ പോലീസിന് സഹായത്തിനായി മറ്റു പോലീസുകാരും ഉണ്ടായിരുന്നു. അവരുടെ വലയം ഭേദിച്ച് സ്ത്രീ വളണ്ടിയർമാർ മുന്നോട്ട് പോവുകയും ശിവലിംഗത്തിന് തൊട്ടു മുന്നിലായി ഇരിപ്പുറപ്പിക്കുകയും ചെയ്തു. അതേ സമയം മറ്റു ജാഥാ വിഭാഗങ്ങളോടൊപ്പം നാട്ടുകാരും ചേർന്നു വമ്പിച്ചൊരു ജനപ്രവാഹം തള്ളിനീങ്ങിയപ്പോൾ പോലീസിന് തടഞ്ഞു നിർത്താനായില്ല. അവരിൽ ചിലർ പുരാവസ്തു കേന്ദ്രം പൊളിച്ച് ശിവലിംഗം പുറത്തുനിന്നു വീണ്ടും കാണുമാറാക്കിയത് ഏതാനും നിമിഷങ്ങൾക്കുള്ളിലാണ്. പോലീസ് നാലുപാടും പാഞ്ഞ് തല്ല് തുടങ്ങി. ഒരാൾ റോഡിൽ കിടന്നു രക്തം ഛർദ്ദിക്കുന്നത് കാണുകയുണ്ടായി.

രണ്ടുതവണ തല്ലിയിട്ടും ആൾക്കൂട്ടം നീങ്ങിപ്പോകാത്തത് കണ്ടിട്ടാണെന്നു തോന്നുന്നു, മൂന്നാമതും പോലീസ് കൂട്ടപ്പാച്ചിൽ നടത്തി തല്ലുന്നത് കണ്ടു. ആൾക്കൂട്ടം വല്ലാതെ ക്ഷോഭിച്ചുവെങ്കിലും നേതാക്കന്മാർ സമാശ്വസിപ്പിച്ചതുകൊണ്ട് വളണ്ടിയർമാർ ജയ് ജയ് കേളപ്പജി എന്ന് മുദ്രാവാക്യം മുഴക്കിയും ശരണം വിളിച്ചും അന്തരീക്ഷം സമാധാനപരമാക്കി. കുറച്ച് വാഗ്വാദങ്ങളല്ലാതെ അവരുടെ ഭാഗത്തുനിന്ന് പറയത്തക്ക അക്രമങ്ങളൊന്നുമുണ്ടായില്ല.

## 13 പേർക്ക് പരിക്ക്

ലാത്തിച്ചാർജ്ജിൽ പരിക്കേറ്റ 13 പേരെ വൈകുന്നേരം ഗവൺമെന്റാശുപത്രിയിൽ കൊണ്ടുപോവുകയും അതിൽ നാലുപേർ പ്രഥമ ശുശ്രൂഷയിൽ കിടക്കുകയുമാണ്. കുറച്ചു പേർ മറ്റ് ആശുപത്രികളെ




അഭയം പ്രാപിച്ചിട്ടുണ്ട്. ആശുപത്രിയിൽ കിടക്കുന്നത് താഴെ പറയുന്നവരാണ്. നാരായണ പിള്ള (വഴിക്കടവ്), പി.പി. പത്മനാഭൻ (വഴിക്കടവ്), പി. ഉണ്ണിപ്പേരു (വഴിക്കടവ്), ഇ.പി. രാമചന്ദ്രൻ-വിദ്യാർത്ഥി (പാങ്ങ്), സി.പി. കേശവൻ (അങ്ങാടിപ്പുറം), സി.പി. മാധവൻ (അങ്ങാടിപ്പുറം), സി.വി. കോരു (മങ്കട), സി.പി. ശങ്കരൻ (മങ്കട), എം.ടി നാരായണൻ (ചെറുകര). താഴെ പറയുന്നവരെ ചികിത്സിക്കുകയുണ്ടായി. എൻ. രാമൻ, ചാമി, ഉണ്ണികൃഷ്ണൻ നായർ (രാമനാട്ടുകര), മാധവമേനോൻ അങ്ങാടിപ്പുറം, മിസിസ്സ് ലക്ഷ്മി.

ശ്രീ കേളപ്പനെ അറസ്റ്റ് ചെയ്തിട്ടില്ലെന്നും അദ്ദേഹത്തിന് എപ്പോൾ വേണമെങ്കിലും പോകാമെന്നുമാണ് പോലീസ് ഇപ്പോൾ പറയുന്നത്. എന്നാൽ, എന്നെ വഴിക്ക് വെച്ചു പിടിച്ചു കൊണ്ടു വന്നത് എന്തിനായിരുന്നു എന്നാണ് കേളപ്പന്റെ ചോദ്യം. താൻ കുറ്റവാളിയാണെങ്കിൽ മജിസ്ട്രേറ്റിന്റെ മുമ്പാകെ ഹാജരാക്കണമെന്ന്



അദ്ദേഹം പോലീസ് ഉദ്യോഗസ്ഥരോട് പറഞ്ഞു. കുറ്റവാളി അല്ലെങ്കിൽ തന്നെ പിടിച്ചു കൊണ്ടു വന്നതിന്റെ കാരണം അറിയണം. അതിനുശേഷമേ പോലീസ്സ്റ്റേഷനിൽ നിന്നു പോകാൻ ഭാവമുള്ളൂ എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

## 19. ഹിന്ദുക്കളുടെ സംഘടിത ശക്തിയെ വെല്ലുവിളിക്കരുത്

മാപ്പിള ലഹളക്കാലത്തെക്കാൾ ഇന്ന് ഹിന്ദുക്കൾ സംഘടിത ശക്തിയുള്ളവരും രാജ്യസ്നേഹികളുമാണെന്നും അങ്ങാടിപ്പുറത്തുണ്ടായ വെല്ലുവിളിയെ അവർ നേരിടുകതന്നെ ചെയ്യുമെന്നും ശ്രീ ഗോവിന്ദമേനോൻ കേരള ഗവൺമെന്റിന് മുന്നറിയിപ്പു നൽകി. തളി ക്ഷേത്രത്തിൽ ആരാധന അനുവദിക്കുകയില്ലെന്നുള്ള കേരള മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തെ പരാമർശിച്ച് ശ്രീ. ഗോവിന്ദമേനോൻ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിലാണ് ഇതു വ്യക്തമാക്കിയിട്ടുള്ളത്. രാജ്യത്ത് സത്യത്തിനും ധർമ്മത്തിനും പൊറുക്കാനാവാത്ത സംഭവങ്ങളുണ്ടായ എല്ലാ അവസരങ്ങളിലും ജാതി മത ചിന്ത കൂടാതെ അതിസാഹസികമായ സമരത്തിനു നേതൃത്വം കൊടുത്തിട്ടുള്ള ശ്രീ. കേളപ്പന്റെ നേതൃത്വത്തിൽ തളിക്ഷേത്ര സമരം വിജയിക്കുക തന്നെ ചെയ്യുമെന്ന് പ്രസ്താവനയിൽ പറയുന്നു.

തളിക്ഷേത്രത്തിൽ നൂറു കൊല്ലത്തിന് മേലായി ആരാധന നടന്നിട്ടില്ലായെന്ന് ശ്രീ. നമ്പൂതിരിപ്പാട് പറയുന്നു. അതിനു മുമ്പ് എത്ര നൂറുവർഷം അവിടെ ആരാധന നടന്നു എന്ന് നമ്പൂതിരിപ്പാട് അന്വേഷിച്ചില്ല. നൂറു വർഷമായി ആരാധന ഇല്ലാത്തതുകൊണ്ട് പ്രതിഷ്ഠയുടെ ചൈതന്യം കുറയുമെന്ന് നമ്പൂതിരിപ്പാട് എങ്ങനെ നിശ്ചയിച്ചു? അദ്ദേഹത്തിന്റെ ഇല്ലത്ത് വല്ല ഗ്രന്ഥവരിയിലും അങ്ങനെ പറഞ്ഞിട്ടുണ്ടോ? ഹിന്ദുക്ഷേത്രങ്ങളിൽ പല വിധത്തിലാണ് ആരാധനയെന്ന കാര്യം നമ്പൂതിരിപ്പാടിന് അറിയാത്തതല്ല. ക്ഷേത്രം സർക്കാർ പുറമ്പോക്കിലാണെന്നുള്ളതുകൊണ്ട് അവിടം സർക്കാരിന് ഇഷ്ടം പോലെ വിനിയോഗിക്കാം എന്ന് കരുതുന്നുണ്ടാകാം. അതു തെറ്റാണ്. എന്തുകൊണ്ടെന്നാൽ ഈ രാജ്യത്തെ അനേകം ക്ഷേത്രങ്ങൾ പുറമ്പോക്ക് സ്ഥലങ്ങളിലും റിസർവ്വ് വനങ്ങളിലും സ്ഥിതി

ചെയ്യുന്നു. ഇതുകാരണം കൊണ്ട് ക്ഷേത്രം ഗവൺമെന്റ് വകയാണെന്നു പറയുന്നതിൽ അർത്ഥമില്ലെന്നും അദ്ദേഹം പ്രസ്താവനയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

നമ്പൂതിരിപ്പാടിന്റെ ഗവൺമെന്റിന്റെ ഏത് ചെയ്തികൾക്കും, മദ്യപാനം നടപ്പാക്കുന്ന മുസ്ലിം വിരുദ്ധ നടപടിക്കു പോലും കൂട്ടുനിൽക്കുന്ന മുസ്ലിം ലീഗ് പ്രതിനിധികൾ മന്ത്രിസഭയിൽ ഉണ്ട്. അവരെ താലോലിക്കുന്നതിനും പ്രീതിപ്പെടുത്തുന്നതിനും വേണ്ടി നമ്പൂതിരിപ്പാടിന്റെ സർക്കാർ എന്തും ചെയ്യാൻ തയ്യാറായിരിക്കുന്നു എന്നതിനു തെളിവാണ് മുസ്ലിമിനു വേണ്ടിയുള്ള ജില്ലയും അവിടെ ഉള്ള ക്ഷേത്രങ്ങൾ സംരക്ഷിക്കുന്നതിനെതിരെയുള്ള ഉത്തരവും എന്ന് പ്രസ്താവനയിൽ പറയുന്നു. ഈ രാജ്യത്തെ സമാധാനകാംക്ഷികളായ ജനങ്ങൾ ഇതൊന്നും പൊറുക്കുകയില്ല. അവർ സംഘടിച്ച് ഇതിനെല്ലാം എതിരായി ശബ്ദമുയർത്തുക തന്നെ ചെയ്യും. മാപ്പിള ലഹളക്കാലത്തെക്കാൾ ഹിന്ദുക്കൾ ഇന്ന് സംഘടിതരും ശക്തിയുള്ളവരും രാജ്യസ്നേഹികളും ബോധവാൻമാരുമാണ്. അവർ ഈ വെല്ലുവിളിയെ നേരിടുകതന്നെ ചെയ്യും.

ജനങ്ങളുടെ ഇച്ഛാശക്തിക്കെതിരായി ഭരിക്കുന്ന ഒരു ഗവൺമെന്റിന് ജനാധിപത്യത്തിൽ സ്ഥാനമില്ല. അത് തരിപ്പണമാക്കാൻ ഈ രാജ്യത്തെ ജനശക്തി ഉയർന്നെണീക്കും. അതു മനസ്സിലാക്കി നമ്പൂതിരിപ്പാട് ഗവൺമെന്റിന് വിവേകം ഉദിക്കുമെന്നു പ്രതീക്ഷിക്കാം. ഇല്ലെങ്കിൽ എന്തു സംഭവിക്കുമെന്നു കണ്ടുപഠിക്കേണ്ടതായിവരുമെന്ന് പ്രസ്താവനയിൽ പറയുന്നു.

### 1. എം.പി. മന്മഥന്റെ പ്രസംഗം:

സാധാരണഗതിയിൽ ഒരു മുസ്ലീം പള്ളി ഹിന്ദുക്ഷേത്രത്തിനടുത്ത് ഉണ്ടായാൽ ഒരു കുഴപ്പവും ഇല്ല. ശരിക്കും സഹവർത്തിത്വത്തോടെ അവർ കഴിയുന്നു. അപ്പോൾ പിന്നെ അങ്ങാടിപ്പുറത്തും അത് വേണമെങ്കിൽ ആയിക്കൂടേ? കഴിയും വേഗം ഗവൺമെന്റിന് വെളിച്ചം കിട്ടുമാറാകട്ടെയെന്ന് ശ്രീ മന്മഥൻ പ്രാർത്ഥിച്ചു. ഇത് രാഷ്ട്രീയക്കാരുടെ സമരമല്ലെങ്കിൽ അങ്ങേയറ്റത്തെ ശിക്ഷണബോധത്തോടുകൂടി സംഘടിതമായ സത്യഗ്രഹമാണ് ഇവിടെ നടക്കേണ്ടതെന്നും അദ്ദേഹം തുറന്നു പറഞ്ഞു. വല്ലവരും വല്ല സാഹസവും നടത്തി അപായമുണ്ടാക്കിയാൽ ഈ ധർമ്മ സമരം പരാജയപ്പെടുമെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. കേളപ്പജിയുടെ



നിരാഹാരം ഓരോരുത്തരെയും ചിന്തിപ്പിക്കേണ്ടിയിരിക്കുന്നു. കേളപ്പജിക്ക് എന്തെങ്കിലും വിഷമം വരുന്നതുതന്നെ നമുക്കെല്ലാം സങ്കടകരമാണ്, പോരാ അപമാനകരമാണ്. അതിന്റെ പാപം ഭാവിതലമുറ കൂടി ഏൽക്കേണ്ടിവരുമെന്ന് അദ്ദേഹം എടുത്തുപറഞ്ഞു. അദ്ധ്യക്ഷന്റെ ഉപസംഹാര പ്രസംഗത്തിനു ശേഷം ഗാന്ധി സ്മാരക നിധി സെക്രട്ടറി ശ്രീ. കെ. ഗോപിനാഥൻ കൃതജ്ഞത പ്രകാശിപ്പിച്ചു.

25-ാം തീയതി കൊയിലാണ്ടി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ അങ്ങാടിപ്പുറത്ത് ആരാധനാ സ്വാതന്ത്ര്യത്തിനു വേണ്ടി നടത്തിവരുന്ന സമരത്തോട് അനുഭാവം പ്രകടിപ്പിക്കാനായി പ്രകടനം നടത്തി. “ജയ് ജയ് കേളപ്പജി, കേളപ്പജിയെ തൊട്ടുകളിക്കരുത്” എന്നിങ്ങനെയായിരുന്നു പ്രകടനത്തിൽ മുഴങ്ങിക്കേട്ട മുദ്രാവാക്യങ്ങൾ.



*അറസ്റ്റിനു മുമ്പ്- ‘ക്ഷേത്രത്തിൽ പോകാൻ എന്നെ വിട്ടയക്കൂ!’ തന്നെ തടഞ്ഞ ഡി.വൈ.എസ്.പി.യോടു കേളപ്പജി*

കുട്ടികൾ ക്ലാസ് വിട്ട് ഇറങ്ങിയപ്പോൾ ഹെഡ്മാസ്റ്റർ സ്കൂളിന് അവധി അനുവദിച്ചു. അങ്ങാടിപ്പുറം തളിക്ഷേത്രത്തിൽ ആരാധനാ സ്വാതന്ത്ര്യം വകവച്ചു കിട്ടാനായി സർവ്വോദയ നേതാവ് കെ. കേളപ്പൻ തുടങ്ങിയ സത്യഗ്രഹത്തിനു പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് 25-ാം തിയ്യതി വൈകുന്നേരം ഇവിടെ നടത്തിയ പ്രകടനം നാട്ടുകാരെ ആവേശഭരിതരാക്കുകയുണ്ടായി. കുട്ടിക്കാലത്ത് മാത്രം അങ്ങാടിപ്പുറം റോഡും തീവണ്ടിയാപ്പീസുമൊക്കെ കണ്ടിട്ടുള്ള ധാരാളം വൃദ്ധർ ജാഥയ്ക്കു മാറ്റുകൂട്ടി. താനൂർ

പോലീസ് സ്റ്റേഷൻ വരെ പോയി ജാഥ മടങ്ങി കൂട്ടിലങ്ങാടി മണൽപ്പുറത്ത് വന്നുചേർന്ന് പൊതുയോഗത്തിനു ശേഷമാണ് പിരിച്ചു വിട്ടത്.

ഹിന്ദുക്കളുടെ ദേവൻമാരെ പുരാവസ്തു ഗവേഷണ വകുപ്പ് മുഖാന്തിരം മ്യൂസിയത്തിലേക്കു കൊണ്ടുപോകുന്ന ഒരു സ്ഥിതിയാണ് ഇന്നു കേരളത്തിലുളവായിട്ടുള്ളത് എന്ന് മുൻ കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റും അയ്യപ്പ ജ്യോതിക്ക് സ്വീകരണം നൽകുന്നതിനുള്ള കമ്മിറ്റിയുടെ ജില്ലാ കൺവീനറുമായ ശ്രീ പുത്തൂർ അച്ചുതമേനോൻ പ്രഖ്യാപിച്ചിരുന്നു. ഈ സാഹചര്യത്തിലും ഹിന്ദുക്കൾ യാതൊരു പ്രകോപനവുമുണ്ടാക്കാതെ ഇരിക്കുന്നത് ഹൈന്ദവ സംസ്കാരത്തിന്റെയും സഹിഷ്ണുതയുടെയും പ്രത്യക്ഷോദാഹരണമാണെന്നും മേനോൻ പറഞ്ഞു.

അങ്ങാടിപ്പുറം തളിക്ഷേത്രത്തിന്റെ പ്രശ്നത്തിൽ നീതിക്കു വേണ്ടി പോരാടുന്ന ശ്രീ. കെ. കേളപ്പനെ അറസ്റ്റ് ചെയ്തതിലും പ്രശ്നം പരിഹരിക്കുന്നതിനു പകരം കൂടുതൽ കുഴപ്പങ്ങൾ വരുത്തിവെക്കുന്ന കേരള ഗവൺമെന്റ് നയത്തിലും പ്രതിഷേധിക്കാൻ വടകര ഡി.ഇ.എം. ഹൈസ്കൂളിലെ ആയിരത്തിലേറെ വിദ്യാർത്ഥികൾ 25-ന് ക്ലാസ് ബഹിഷ്കരിക്കുകയും ടൗണിൽ പ്രകടനം നടത്തുകയും ചെയ്തു.

## 20. തളിക്ഷേത്ര പ്രശ്നത്തിൽ സർക്കാരിന് വിവേകം ഉദിക്കട്ടെ

### 1. ശ്രീ. കെ.പി. കേശവമേനോൻ


അങ്ങാടിപ്പുറം തളിക്ഷേത്രത്തെ സംബന്ധിച്ച് നിരോധനാജ്ഞ പിൻവലിക്കാൻ ഗവൺമെന്റിന് വിവേകം ഉദിക്കട്ടെയെന്നും അങ്ങനെ അസ്വാസ്ഥ്യം അടങ്ങട്ടെയെന്നും ശ്രീ. കെ.പി. കേശവമേനോൻ ഒരു പ്രസ്താവനയിൽ പറയുന്നു.

അങ്ങാടിപ്പുറം തളി ക്ഷേത്രകാര്യം ഒരു ഗൗരവഘട്ടത്തിലെത്തിയിരിക്കുകയാണ്. ശ്രീ കേളപ്പനെയും കൂട്ടുകാരെയും അറസ്റ്റ് ചെയ്തു ലോക്കപ്പിലാക്കിയിരിക്കുന്നു. കേളപ്പൻ ഇപ്പോഴും ലോക്കപ്പിലാണ്. മാത്രമല്ല ക്ഷേത്രത്തിൽ ആരാധന നടത്തിയതിനു ശേഷമേ ഇനി താൻ ഭക്ഷണം കഴിക്കൂ എന്ന് അദ്ദേഹം പ്രതിജ്ഞ ചെയ്തിരിക്കുന്നുവത്രേ. ഈ വർത്തമാനം ജനങ്ങളുടെ ഇടയിൽ വലിയ അസ്വാസ്ഥ്യത്തിനും ആശങ്കയ്ക്കും കാരണമായിട്ടുണ്ട്. കേളപ്പനെപ്പോലെയുള്ള ഒരു നിസ്വാർത്ഥ പൊതുപ്രവർത്തകൻ ഇത്തരം ഒരു മഹാത്യാഗത്തിന് ഒരുങ്ങുമ്പോൾ തളിക്ഷേത്ര സംഭവങ്ങളെപ്പറ്റി നാം ഗൗരവമായി ചിന്തിക്കേണ്ടതാണ്. സമുദായ സ്വാസ്ഥ്യം ഇളക്കിവിടുവാനുള്ള ഒരു ശ്രമം മാത്രമാണ് എന്നു പറഞ്ഞ് ഈ സമരത്തെ അധികാരസ്ഥൻമാർ തകർക്കുവാൻ ശ്രമിക്കുന്നത് ശരിയായിരിക്കുകയില്ല. ശ്രീ കേളപ്പൻ നിലകൊള്ളുന്നത് ഭരണഘടന നമുക്ക് ഉറപ്പു നൽകിയിട്ടുള്ള ആരാധനാ സ്വാതന്ത്ര്യം വകവച്ചു കിട്ടുവാൻ മാത്രമാണ്.



എന്താണ് തർക്കത്തിലിരിക്കുന്ന തളിക്ഷേത്ര കാര്യം? അങ്ങാടിപ്പുറത്ത് മലപ്പുറം, കൊളത്തൂർ റോഡുകൾ കൂട്ടിമുട്ടുന്ന സ്ഥലത്തിനു സമീപമാണ് തളിക്ഷേത്രം സ്ഥിതിചെയ്യുന്നത്. അവിടെ ഏകദേശം 5 അടി നീളവും 3 അടി വീതിയുമുള്ള ഒരു കൽപീഠത്തിനു മേലെയാണ് ശിവലിംഗം നിൽക്കുന്നത്. തളി എന്ന പേരുകൊണ്ടു തന്നെ ഈ ക്ഷേത്രം വളരെ പുരാതനമായ ഒന്നാണെന്ന് അനുമാനിക്കാം. അതിന്റെ പ്രാചീനത പുരാവസ്തു ഗവേഷണ വകുപ്പിനെ ഏൽപ്പിക്കുന്നത് കൊണ്ടുതന്നെ ഗവൺമെന്റ് സമ്മതിക്കുന്നുണ്ട്.

തിരുമാന്ധാംകുന്നിൽ ഭഗവതിയെ തൊഴുത ശേഷം തളിയിൽ ശിവനെയും തൊഴുത് പോവുക പതിവായിരുന്നുവെന്നും തിരുമാന്ധാംകുന്നിൽ പൂരത്തിന് ഭഗവതിയെ എഴുന്നള്ളിച്ച് കൊണ്ടുപോവുമ്പോൾ തളിയിൽനിന്ന് ശിവനെയും എഴുന്നള്ളിച്ച് അങ്ങാടിപ്പുറം പുഴയിലെ പാറക്കടവിൽ നീരാട്ടിന് കൊണ്ടുവന്നിരുന്നുവെന്നും ആദിക്കുമായി പരിചയമുള്ളവർക്കെല്ലാം അറിവുള്ളതാണ്. ഈ ക്ഷേത്രം ഒരു കാലത്ത് വള്ളുവനാട് രാജാക്കന്മാരുടെ അധീനത്തിലായിരുന്നു. ടിപ്പുവിന്റെ കാലത്തുണ്ടായ ചില നിർഭാഗ്യ സംഭവങ്ങളുടെ ഫലമായി പല ക്ഷേത്രങ്ങൾക്കും കേടുപാടുകൾ പറ്റുകയുണ്ടായിട്ടുണ്ട്. തളിക്ഷേത്രത്തിനും ആ നിർഭാഗ്യം അനുഭവിക്കേണ്ടി വന്നു. മങ്കട കൃഷ്ണ വർമ്മ രാജ നാൽപതോ അൻപതോ കൊല്ലങ്ങൾക്കു മുമ്പ് ഈ ക്ഷേത്രം ജീർണ്ണോദ്ധാരണം ചെയ്യാൻ ആലോചിച്ചതായും അറിയുന്നുണ്ട്. ക്ഷേത്രത്തെ ജീർണ്ണോദ്ധാരണം ചെയ്ത് അതിനെ പൂർവ്വസ്ഥിതിയിൽ കൊണ്ടുവരാനുള്ള ശ്രമമാണ് അടുത്ത കാലത്തും ആരംഭിച്ചിട്ടുള്ളത്.



*പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ നിരാഹാരം നടത്തുന്ന കെ. കേളപ്പജിയെ കണ്ട് കെ.പി. കേശവമേനോൻ സംസാരിക്കുന്നു.*



ഈ ക്ഷേത്രത്തിന്റെ ചരിത്രത്തെപ്പറ്റി ഇത്രയും പറഞ്ഞത് വളരെക്കാലമായിട്ടൊരു ആരാധനാസ്ഥലമായി ആരാധന നടത്തുവാൻ സ്വാതന്ത്ര്യമുണ്ടായിരുന്നുവെന്നു വ്യക്തമാക്കുവാനാണ്. ഗവൺമെന്റ് ഇപ്പോൾ പറയുമ്പോലെ പുറമ്പോക്ക് സ്ഥലത്ത് പുതുതായി ഒരമ്പലം പണിയുവാനല്ല അവർ ആവശ്യപ്പെടുന്നത്. മറിച്ച് ക്ഷേത്രത്തിൽ ആരാധന നടത്താനും അതിനെ ജീർണ്ണോദ്ധാരണം ചെയ്ത് ഒരാരാധനാസ്ഥലത്തിനാവശ്യമായ പാവനത കൈവരുത്തുവാനുമാണ്. വാസ്തവം ഇങ്ങനെയിരിക്കെ തളിക്ഷേത്രത്തെ ആരാധകൻമാർ സമീപിക്കുന്നത് തടഞ്ഞുകൊണ്ടുള്ള ഗവൺമെന്റ് കല്പന അന്യായവും പ്രകോപനപരവുമാണ്. ഒരു പൗരനുള്ള മൗലിക സ്വാതന്ത്ര്യം ഉപയോഗിച്ച് ക്ഷേത്രത്തിൽ ആരാധനയ്ക്കു ചെന്നവരെ അറസ്റ്റ് ചെയ്തു ലോക്കപ്പിലാക്കിയത് വിവേകശൂന്യമായ സാഹസപ്രവൃത്തിയാണ്. ഈ കാര്യത്തിൽ ഗവൺമെന്റ് മർക്കട മുഷ്ടി പിടിച്ചു നിൽക്കുന്നത് ആപത്തിനെ വലിച്ചിടലായിരിക്കും. ഇത് അന്തസ്സിന്റെ പ്രശ്നമല്ല. നീതിയുടെ കാര്യമാണ്. ചെറിയ സംഭവങ്ങൾ വലിയ കലാപത്തിനു കാരണമാകുമെന്ന് അടുത്ത കാലത്തെ പല സംഭവങ്ങളും നമ്മെ പഠിപ്പിക്കുന്നുണ്ട്. ഗവൺമെന്റ് ഇതു മനസ്സിലാക്കാത്തതാണ് അത്ഭുതം. ഈ വസ്തുതകളെല്ലാം പരിഗണിച്ച് നിലവിലുള്ള നിരോധനാജ്ഞ പിൻവലിച്ച് ശാന്തമായ അന്തരീക്ഷം പുനഃസ്ഥാപിക്കുവാൻ ഗവൺമെന്റിനോട് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഞാനിന്ന് കേളപ്പനെ പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ ചെന്ന് കണ്ടു. പല സമരങ്ങളും നയിച്ച ആ പഴയ സേനാനി പല ചിന്തകളും എന്റെ മനസ്സിൽ അപ്പോൾ ഉദ്ദീപിപ്പിച്ചു. സ്വല്പം ക്ഷീണിച്ചിരുന്നുവെങ്കിലും ഉത്സാഹത്തിനും ഉൻമേഷത്തിനും അദ്ദേഹത്തിന് യാതൊരു കുറവും ഉണ്ടായിരുന്നില്ല. താൻ അവലംബിച്ച നില തികച്ചും ശരിയാണെന്ന വിശ്വാസമായിരിക്കാം അതിന്റെ രഹസ്യം. ആ വിശ്വാസം തന്നെയായിരുന്നു അദ്ദേഹത്തെ കണ്ട് പിരിയുമ്പോൾ എന്റെ മനസ്സിലുണ്ടായിരുന്നത്. വൈകുന്നേരം ഉണ്ടായ ലാത്തിച്ചാർജ്ജിൽ അധഃകൃത വർഗ ലീഗ് പ്രസിഡന്റ് ശ്രീ. കെ.പി. ചെള്ളിക്കും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വന്ന ജാഥയിലെ ആറോളം പേർക്കും പരിക്കുപറ്റുകയുണ്ടായി. ഇത്തരം മർദ്ദനങ്ങൾ കൊണ്ടും ഭീഷണികൊണ്ടും തങ്ങൾ കുലുങ്ങുകയില്ലെന്നും പതിൻമടങ്ങ് ശക്തിയാർജ്ജിച്ച് സമരം തുടരുമെന്നും ശ്രീ. ചെള്ളി തന്റെ പരു

ക്കുകൾ കാണിച്ചു കൊണ്ട് മാതൃഭൂമി പ്രതിനിധിയോട് പറയുക യുണ്ടായി.

## 2. ആരാധനാ സ്വാതന്ത്ര്യദിനം

അങ്ങാടിപ്പുറം തളിക്ഷേത്രത്തിൽ നടന്നു വരുന്ന സത്യഗ്രഹ സമരം ശ്രീ. കേളപ്പന്റെ ഉപവാസത്തോടുകൂടി വളരെ ഗൗരവമായ ഒരു ഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്. തളിക്ഷേത്ര കാര്യ ത്തിൽ ഗവൺമെന്റ് കൈക്കൊള്ളുന്ന അപനയത്തിൽ ജനങ്ങൾ ക്കുള്ള ശക്തിയായ അമർഷം പ്രകടിപ്പിക്കുന്നതിനും ഈ പ്രശ്ന ത്തിൽ ന്യായമായ ഒരു തീർപ്പുണ്ടാക്കുന്നതിന് ഗവൺമെന്റിന്റെ മേൽ സമ്മർദ്ദം ചെലുത്തുന്നതിനുമായി നവംബർ 25-ന് ചൊവ്വാഴ്ച ആരാ ധനാ സ്വാതന്ത്ര്യദിനമായി ആചരിക്കാൻ മലബാർ പ്രദേശ് ക്ഷേത്ര സംരക്ഷണ സമിതി സെക്രട്ടറി വി.എം. കൊറാത്ത് ആഹ്വാനം ചെയ്തു. പൊതുയോഗങ്ങൾ ചേർന്നും പ്രകടനങ്ങൾ നടത്തിയും അങ്ങാടിപ്പുറത്തേക്ക് സത്യഗ്രഹികളെ അയച്ചും സമരത്തിനു ധന സഹായം നൽകിയും ദിനാചരണം വിജയിപ്പിക്കുവാൻ എല്ലാവ രോടും അഭ്യർത്ഥിച്ചുകൊള്ളുന്നു. തളിക്ഷേത്ര പ്രശ്നം പരിഹിക്ക ണമെന്ന് ആവശ്യപ്പെടുന്ന പ്രമേയങ്ങൾ പാസ്സാക്കി ഗവർണർ, മുഖ്യ മന്ത്രി, പ്രധാനമന്ത്രി, കേന്ദ്ര ആഭ്യന്തരമന്ത്രി എന്നവർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

അങ്ങാടിപ്പുറത്ത് 25-ാം തിയ്യതി സംഘമായി ആളുകൾ സത്യ ഗ്രഹം തടയുകയും അറസ്റ്റ് വരിക്കുകയും ചെയ്തു. പുരുഷൻമാരും കുട്ടികളും വേവ്വേറെ സംഘങ്ങളായാണ് ഇന്നു സത്യഗ്രഹം നടത്തി യത്.

അങ്ങാടിപ്പുറം തളിക്ഷേത്ര പരിസരവും പെരിന്തൽമണ്ണ പോലീസ് സ്റ്റേഷൻ പരിസരവും "ജയ് ജയ് കേളപ്പജി" എന്ന മുദ്രാ വാക്യത്താൽ മുഖരിതമായി. സംഘം സംഘമായി ആളുകൾ സത്യ ഗ്രഹം നടത്തുകയും അറസ്റ്റ് വരിക്കുകയും ചെയ്തുവരുന്നു. ശരിക്കും അഖണ്ഡ സത്യഗ്രഹത്തിന്റെ മട്ടുണ്ട്. പുരുഷൻമാരും സ്ത്രീകളും കുട്ടികളും വെവ്വേറെ സംഘങ്ങളായി ക്ഷേത്രത്തിൽ ആരാധനയ്ക്കു വരുന്നു. പോലീസ് റോഡിൽ കുറെ താഴെ വച്ചു തന്നെ ഇവരെ തടയുന്നു. മുന്നോട്ട് നീങ്ങുവാൻ നിർവ്വാഹമില്ലെന്നു വരുമ്പോൾ അവർ റോഡിൽ കുത്തിയിരിക്കുന്നു. കയ്യടിച്ചു കൊണ്ട്



മുദ്രാവാക്യങ്ങൾ മുഴക്കുന്നു. പൊരിവെയിലോ ടാറിട്ട റോഡിന്റെ ചൂടോ അവർക്ക് പ്രശ്നമാകുന്നില്ല. മണിക്കൂറുകളോളം അത്യുച്ച ത്തിൽ മുദ്രാവാക്യം മുഴക്കാൻ കൊച്ചുകുട്ടികൾ പോലും വിദഗ്ദ്ധ രാണ്. അവരാരും പിരിഞ്ഞു പോകുവാൻ ഒരുക്കമില്ല. വേണമെ ങ്കിൽ അറസ്റ്റ് ചെയ്ത് ശിക്ഷിച്ചോളൂ എന്നാണ് അവരുടെ നില പാട്.

സ്ത്രീകളും കുട്ടികളും ഇന്ന് പതിവിലും എത്രയോ കൂടുതലു ണ്ടെന്ന് ഒരു പ്രത്യേകതയാണ്. ഒരു സംഘത്തെ കൊണ്ടുപോയി പോലീസ് വാൻ തിരിച്ചുവരുന്നതുവരെ മറ്റൊരു സംഘത്തെ ഒതുക്കി നിർത്തുവാൻ പോലീസ് നന്നേ വിഷമിക്കേണ്ടിവന്നു. ഉച്ചയായപ്പോ ഴേക്കും ഒരു ഡസനിലധികം സംഘങ്ങളെ പോലീസ് സ്റ്റേഷനിൽ എത്തിച്ചിട്ടുണ്ട്. സമരം ചെയ്തും ത്യാഗം ചെയ്തും തളിയിൽ ക്ഷേത്രം നിർമ്മിക്കും എന്ന് സത്യഗ്രഹികൾ പറഞ്ഞു. വിജയം വന്നേ സമരം തീരൂ എന്ന് അവർ അസന്നിഗ്ദ്ധമായി വ്യക്തമാക്കി ക്കൊണ്ടിരുന്നു. റോഡിൽ കുത്തിയിരുന്നവർ സ്വമേധയാ മാറാൻ കൂട്ടാക്കാത്തതുകൊണ്ട് പലപ്പോഴും വാഹനങ്ങളെ കടത്തിവിടാൻ പോലീസ് പ്രയാസപ്പെടുന്നുണ്ടായിരുന്നു. അറസ്റ്റ് ചെയ്തു നീക്ക ണമെന്നും പതിവുപോലെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി വിടാനാണ് ഭാവമെങ്കിൽ തങ്ങളാരും വരാൻ കുട്ടാക്കുകയില്ലെന്നും സത്യഗ്രഹികൾ പറയുകയുണ്ടായി.

കേരള അസംബ്ലിയിലെ കോൺഗ്രസ്സ് പ്രതിപക്ഷ നേതാവ് ശ്രീ. കെ. കരുണാകരൻ ഇന്നു കാലത്ത് തളിക്ഷേത്ര പ്രദേശത്ത് വരി കയും അവിടത്തെ പുരാവസ്തു കേന്ദ്ര നിർമ്മാണത്തിനുള്ള സംരം ഭവും മറ്റും നോക്കിക്കാണുകയും ചെയ്തു. അദ്ദേഹം പിന്നീട് പെരി ന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ ചെന്ന് കേളപ്പജിയെ കണ്ട് സംസാരിച്ചു. 25ന് ഉച്ചവരെ അറസ്റ്റ് ചെയ്യപ്പെട്ടവർ താഴെ പറയുന്ന വരാണ്. ഒന്നാം ബാച്ച് - ശ്രീ. വി.കെ. പത്മനാഭൻ (പ്രയോളജി കെ.എസ്.എസ്.പി) കോളാറ ശങ്കരൻ നായർ (കെ.എസ്.എസ്.പി), എ.വി. ഗോവിന്ദൻ നായർ, കെ.അയ്യപ്പൻ തുടങ്ങിയവർ. രണ്ടാം ബാച്ച് - ശ്രീ. കെ.സി. കൊച്ചുണ്ണിനായർ (മണ്ണാർക്കാട്), പി.കെ. പണിക്കർ, എ.സി.കെ രാജ, എ.സി. മാർത്താണ്ഡവർമ്മ രാജ തുടങ്ങി യവർ. മൂന്നാം ബാച്ച് - ശ്രീ. കുഞ്ഞിരാമ പണിക്കർ (ദാനഗ്രാം, രാമനാട്ടുകര), സി.കെ. മേനോൻ (അങ്ങാടിപ്പുറം എൻ.എസ്.എസ്.

കരയോഗം പ്രസിഡന്റ്), എൻ.സി. കൃഷ്ണവർമ്മ രാജ, സി.വി. ഹരിദാസ് തുടങ്ങിയവർ. പിന്നീട് കുട്ടികളെയും വനിതകളെയും ബാച്ചുകളായാണ് അറസ്റ്റു ചെയ്തത്. തുടർന്ന് പുരുഷ വളണ്ടി യർമാരുടെ ബാച്ചുകളും.

## 21. ചരിത്രപ്രസിദ്ധമായ കോടതി വിധി

അങ്ങാടിപ്പുറം നാടിന്റെ സിരാകേന്ദ്രമായ നാളുകൾ. തളിക്ഷേത്ര സമരം എന്തായി എന്നറിയുവാൻ രാവിലെ പത്രങ്ങളും പിന്നീട് റേഡിയോയിലെ വാർത്താ ബുള്ളറ്റിനുകളും ശ്രദ്ധിച്ചുകൊണ്ട് ആകാംക്ഷാഭരിതരായ ജനലക്ഷങ്ങൾ. എവിടെ തിരിഞ്ഞാലും ഉടു പ്പണിഞ്ഞ പോലീസുകാർ. സമരസമിതി പ്രവർത്തകരുടെ വീടുകൾക്കു ചുറ്റും വേഷമിടാത്ത പോലീസുകാർ. കേളപ്പജിക്കും സമര സമിതി അംഗങ്ങൾക്കും ഒട്ടേറെ ഭീഷണിക്കത്തുകൾ, അസ ഭ്യമായ രീതിയിൽ എഴുതപ്പെട്ട കത്തുകൾ. 'നായ പാത്തിയ കല്ലിൻ മേൽ ചന്ദനം പൂശിയ കേളപ്പാ' എന്നത് കുപ്രസിദ്ധ മുദ്രാവാക്യ ങ്ങൾക്ക് ഒരു ഉദാഹരണം. സമരത്തിന്റെ ഒമ്പതാം ദിവസം നവം ബർ 25ന് സമരത്തിൽ പങ്കെടുക്കാൻ നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ഭക്തജനങ്ങൾ സമര സമിതിയുടെ ഏതു കൽപ്പനയും അനുസരിക്കുവാൻ തയ്യാറായി രാവിലെ മുതൽ കാത്തുനിൽക്കുന്നു.

നിരോധനാജ്ഞ ലംഘിച്ചതിനും വാഹനങ്ങൾക്കു മാർഗ്ഗതടസ്സം സൃഷ്ടിച്ച് നിരത്തിൽ കുത്തിയിരിപ്പു സത്യഗ്രഹം അനുഷ്ഠിച്ചതിനും പുരുഷൻമാരെയും സ്ത്രീകളെയും കുട്ടികളെയും ബാച്ച് ബാച്ചു കളായി അറസ്റ്റ് ചെയ്ത് പോലീസ് വാഹനത്തിൽ കൊണ്ടുപോ യിത്തുടങ്ങി. അക്ഷയപാത്രം പോലെ നീക്കം ചെയ്യപ്പെട്ടവർക്കു പകരം അതിലിരട്ടി സത്യഗ്രഹികൾ വീണ്ടും തയ്യാർ. ആവേശം അലയടിച്ച അന്തരീക്ഷം. അതിനിയ്ക്കാണ് ഉച്ചയ്ക്കു 2 മണിക്ക് ആ വാർത്ത വന്നത്. കേളപ്പജി ഉപവാസം അവസാനിപ്പിച്ചിരിക്കുന്നു. പെരിന്തൽമണ്ണ മുൻസിഫിന്റെ ഒരു കോടതി വിധിയാണ് കേളപ്പ ജിയുടെ ഉപവാസത്തിനു വിരാമമിടാൻ സഹായകമായതെന്ന് പിന്നീ ടറിഞ്ഞു. ക്ഷേത്ര സ്ഥലത്ത് പ്രവേശിക്കുന്നതിൽ ആരാധകരെ തട ഞ്ഞുകൊണ്ടുള്ള പാലക്കാട് ജില്ലാ കളക്ടറുടെ നിരോധനാജ്ഞ റദ്ദാക്കിക്കൊണ്ടായിരുന്നു മുൻസിഫിന്റെ വിധി. ആരാധകർക്ക് ഇനി



നിർബാധം ക്ഷേത്രസ്ഥലത്തു പ്രവേശിക്കാം, ആരാധന നടത്താം- മുൻസിഫ് വിധിച്ചു.

ഈ വിധിയുടെ അടിസ്ഥാനത്തിൽ ഉപവാസം അവസാനിപ്പി ക്കാൻ കേളപ്പജി സമ്മതിച്ചു. താൽക്കാലികമായി സമരം അവസാ നിപ്പിച്ചതായും അദ്ദേഹം പ്രസ്താവിച്ചു. യുദ്ധം ജയിച്ച ഒരു വീര സേനാനിയെപ്പോലെയാണ് കേളപ്പജിയെ ആഘോഷപൂർവ്വം ആനയിച്ചത്. അദ്ദേഹം സഞ്ചരിച്ചിരുന്ന കാർ മന്ദം മന്ദം നീങ്ങി. നിരത്തിന്റെ ഇരുഭാഗവും പുരുഷൻമാരും സ്ത്രീകളും കുട്ടികളും അദ്ദേഹത്തെ ഒരു നോക്ക് കാണാൻ കാത്തുനിന്നു. തളിക്ഷേത്ര ത്തിലെത്തി സ്വാതന്ത്ര്യസമരത്തിൽ തന്റെ സഹപ്രവർത്തകയായ ശ്രീമതി എ.വി. കുട്ടിമാളു അമ്മ നിറകണ്ണുകളോടെ നൽകിയ നാര ങ്ങാനീർ പാനം ചെയ്തുകൊണ്ട് ഒരു ധർമ്മസമരത്തെ വിജയത്തി ലെത്തിച്ച തന്റെ ഉപവാസം കേളപ്പജി അവസാനിപ്പിച്ചു. തളിയിൽ വീണ്ടും ദീപങ്ങൾ തെളിഞ്ഞു. ഭജനയും ശരണം വിളികളും കൊണ്ട് അന്തരീക്ഷം മുഖരിതമായി. ഉയർന്നെഴുന്നേറ്റ് ഭഗവാന്റെ മുമ്പിൽ സാഷ്ടാംഗം നമസ്കരിച്ചു.

പെരിന്തൽമണ്ണ മുൻസിഫിന്റെ വിധിക്കെതിരെ ഒറ്റപ്പാലം സബ് കോടതിയിൽ ഗവൺമെന്റ് സമർപ്പിച്ച അപ്പീൽ ഹർജി തള്ളപ്പെട്ടു. ശ്രീ. സി.വി. കേശവന്റെ ഹൈക്കോടതിയിലെ അപ്പീൽ ഹർജി സംബ ന്ധിച്ചാകട്ടെ അദ്ദേഹത്തിനനുകൂലമായ വിധിയാണുണ്ടായത്. ഈ സമരത്തിന് സർവ്വോദയ പ്രവർത്തകരും ക്ഷേത്ര സംരക്ഷണ സമി തിയും രാഷ്ട്രീയ സ്വയം സേവക് സംഘത്തിലെ ആദർശധീരന്മാ രായ യുവാക്കളും വഹിച്ച പങ്ക് നിസ്തുലമായിരുന്നു. രംഗത്ത് സജീ വമായി പ്രവർത്തിച്ച ശ്രീ. വി.എം. കൊറാത്ത്, ശ്രീ. കെ. കുഞ്ഞന ന്തൻ, ശ്രീ. കെ. രാധാകൃഷ്ണമേനോൻ, ശ്രീ. എം.പി. മൻമഥൻ, കേളപ്പജിയുടെ പരിചരണത്തിൽ അതീവ ശ്രദ്ധാലുവായിരുന്ന ശ്രീ. കെ. ബാലകൃഷ്ണൻ നായർ, ശ്രീ. തായാട്ടു ബാലൻ, ശ്രീ. എ.വി. ശ്രീകണ്ഠപൊതുവാൾ, ശ്രീ പണിക്കർ, ശ്രീ. കെ.എം. രാമൻ, സമ രത്തിന് ആവേശം പകർന്ന ശ്രീ. എം.പി. ഗോവിന്ദമേനോൻ, സമര രംഗത്ത് കേളപ്പജിയെ നിഴൽപോലെ പിൻതുടർന്ന ശ്രീ. എ.കെ. ശേഷുഅയ്യർ, സമര വിജയത്തിനനുകൂലമായ വിധി സമ്പാദിച്ച മുൻ സിഫ് കോടതിയിലെ ഹർജി സമർപ്പിച്ച പരേതനായ പാണ്ടത്ത് മാധവ തരകൻ, ഹൈക്കോടതിയിൽ നിയമയുദ്ധത്തിനു കളമൊരു

ക്കിയ ശ്രീ. സി.വി. കേശവൻ, ജനശ്രദ്ധയാകർഷിച്ച വാദങ്ങൾ കൊണ്ട് ന്യായം നേടിയ സുപ്രസിദ്ധ അഭിഭാഷകരായ അഡ്വ. കെ. പി. രാധാകൃഷ്ണമേനോൻ, ടി.ആർ, ഗോവിന്ദ വാര്യർ, കെ. രാം കുമാർ, കൃഷ്ണൻകുട്ടി അച്ചൻ എന്നിവർ സ്മരണാർഹരാണ്. ഇതിനു പുറമെ വാർത്താ മാധ്യമങ്ങളും സർവ്വോപരി ഈശ്വരാനു ഗ്രഹവും സമരത്തിന്റെ വിജയ വൈജയന്തി ഉയരെ പറക്കാൻ സഹാ യിച്ച പ്രധാനഘടകങ്ങളാണ്.


## 1. തളിക്ഷേത്രത്തിൽ ആരാധന നടന്നു

അങ്ങാടിപ്പുറം തളിക്ഷേത്രത്തിൽ കേളപ്പന്റെ നേതൃത്വത്തിൽ നവംബർ 25ന് വൈകുന്നേരം അനേകായിരം ഭക്തജനങ്ങൾ ആരാ ധന നടത്തി. അതിനു ശേഷം, ശ്രീ. കേളപ്പൻ മൂന്ന് ദിവസമായി നടത്തിവരുന്ന തന്റെ ഉപവാസം അവസാനിപ്പിച്ചു. തളിക്ഷേത്ര വള പ്പിൽ കടന്ന് ആരാധന നടത്തുന്നതു നിരോധിച്ചുകൊണ്ട് പാല ക്കാട് ഡിസ്ട്രിക് മജിസ്ട്രേറ്റ് നവംബർ 16നു പുറപ്പെടുവിച്ച കൽ പ്പന പെരിന്തൽമണ്ണ മുൻസിഫ് കോടതി റദ്ദാക്കിയതിനെ തുടർ ന്നാണ് അനേകായിരം ജനങ്ങളുടെ അഭിലാഷം നിറവേറ്റപ്പെട്ട ഈ വിജയാഘോഷം സാധ്യമായത്.

തികച്ചും നാടകീയമായിരുന്നു തളിക്ഷേത്ര സമരത്തെ താൽ ക്കാലികമായെങ്കിലും വിജയത്തിലേക്കു നയിച്ച സംഭവ വികാസം. ഇന്നലെ ലാത്തിച്ചാർജ്ജ് കൊണ്ട് സംഘർഷാത്മകമായിരുന്നു അന്ത രീക്ഷം. പതിവുപോലെ ഇന്ന് ജനങ്ങൾ വൈകുന്നേരം 4 മണിക്ക് നിരോധനാജ്ഞ ലംഘിച്ചു ക്ഷേത്രത്തിൽ ചെന്ന് ആരാധന നടത്താൻ ട്രങ്ക് റോഡിലൂടെ സംഘമായി നീങ്ങിയതായിരുന്നു. എന്ന ത്തെയും പോലെ ഇന്നും പോലീസ് അവരെ തടഞ്ഞു. അപ്പോൾ അവർ കൂടിനിന്ന് കീർത്തനങ്ങൾ ചൊല്ലാൻ തുടങ്ങി. അതോടെ റോഡിനിരുഭാഗത്തും വാഹനങ്ങൾ വന്നു നിറഞ്ഞ് ഗതാഗതം സ്തം ഭിച്ചു. ഒരു പതിനഞ്ച് മിനിട്ട് അങ്ങനെ കഴിഞ്ഞുകാണും. അപ്പോ ഴാണ് മുൻസിഫ് കോടയിൽനിന്നു വിവരം കിട്ടിയത്, നിരോധ നാജ്ഞ സ്റ്റേ ചെയ്തിരിക്കുന്നു എന്ന്. അതോടെ സത്യഗ്രഹിക ളും റോഡിന്റെ ഇരുഭാഗത്തും തടിച്ചുകൂടി നിന്നിരുന്ന ജനങ്ങളും ജയാരവം മുഴക്കി.

അങ്ങാടിപ്പുറത്തും പരിസരത്തുമുള്ള ജനങ്ങളും കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നായി സത്യഗ്രഹികളെന്ന നിലയ്ക്കും സമ





*മുൻസീഫ് കോടതിയുടെ ഇഞ്ചങ്ഷൻ കല്പനയെ തുടർന്ന് തളി ക്ഷേത്രത്തിലേക്കു വരുന്ന കേളപ്പനു ജനങ്ങൾ നൽകിയ ഉജ്ജ്വലസ്വീകരണം*

രാനുഭാവികളെന്ന നിലയ്ക്കും എത്തിയവരും കേളപ്പജിയെ എതി രേൽക്കാൻ നിരത്തിന്റെ രണ്ട് ഭാഗത്തും കെട്ടിടത്തിന്റെ മുകളിലും മറ്റുമായി സ്ഥാനമുറപ്പിച്ചു തുടങ്ങി.

ഈ സമയത്ത് പെരിന്തൽമണ്ണ പോലീസ് സ്റ്റേഷന്റെ വിശാല മായ മുറ്റത്ത് വളരെയധികം ആളുകൾ തങ്ങളുടെ മൗലിക സ്വാത ന്ത്ര്യത്തിന്റെ സംരക്ഷണത്തിനു നേതൃത്വം നൽകാൻ എന്തു ത്യാഗ ത്തിനും തയ്യാറായ ആ എൺപതുകാരനെ കാണാൻ തടിച്ചുകൂടി യിരുന്നു. ശ്രീ. കോഴിപ്പുറത്ത് മാധവമേനോൻ, ശ്രീമതി എ.വി. കുട്ടി മാളു അമ്മ, എം.പി. ഗോവിന്ദമേനോൻ, ടി. കുമാരൻ, എൻ. കൃഷ്ണൻ നായർ തുടങ്ങിയവർ പോലീസ് സ്റ്റേഷനിൽനിന്ന് അദ്ദേ ഹത്തെ ആനയിക്കാൻ ഒരുക്കങ്ങൾ ചെയ്യുമ്പോൾ രണ്ട് നാഴിക അകലെ തളിക്ഷേത്ര പരിസരത്ത് തടിച്ചുകൂടിയ അനേകായിരം ജന ങ്ങൾ അച്ചടക്കത്തോടുകൂടി അദ്ദേഹത്തിനു സ്വീകരണം നൽകു ന്നതിന് ശ്രീ. കെ. രാധാകൃഷ്ണമേനോൻ, കെ. ബാലകൃഷ്ണൻ നായർ, ശേഷുഅയ്യർ തുടങ്ങിയവർ പാടുപെട്ടിരുന്നു.

കോടതി കൽപനയുമായി ക്ഷേത്ര പരിസരത്തേക്കു പുറപ്പെട്ട പോലീസ് ജീപ്പിന്റെ അകമ്പടിയോടെ കാറിൽ ശ്രീമതി എ.വി. കുട്ടിമാളു അമ്മ, ശ്രീമതി ദേവകി അമ്മ തുടങ്ങിയവരോടു കൂടി ശ്രീ. കേളപ്പൻ ക്ഷേത്രത്തിലേക്കു പുറപ്പെട്ടു. അതിനു മുൻപ് ഒരു ജാഥ കേളപ്പനു ജയ് വിളിച്ചുകൊണ്ട് പോലീസ് സ്റ്റേഷൻ വളപ്പിൽ നിന്ന് പുറപ്പെട്ടിരുന്നു. അങ്ങാടിപ്പുറത്ത് വികാരനിർഭരമായ എതിരേൽപ്പാണ് ശ്രീ. കേളപ്പനു കിട്ടിയത്. വഴി നീളെ പടക്കം പൊട്ടിച്ചുകൊണ്ടു സ്വാഗതം. കണ്ണെത്താത്തിടത്തോളം ദൂരം ഇരുഭാഗത്തും നിബിഡമായ ജനതയാൽ മതിലുയർത്തപ്പെട്ടതുകൊണ്ടു ട്രങ്ക് റോഡിന്റെ വീതി വളരെ ചുരുങ്ങിപ്പോയിരുന്നു. അതിനിടയിലടെ വളരെ വിഷമിച്ചാണ് കേളപ്പന്റെ കാർ നീങ്ങിയത്. അദ്ദേഹത്തെ കണ്ടതോടെ ആബാലവൃന്ദം സ്ത്രീ-പുരുഷന്മാർ കാർ പൊതിയുകയും ഹാരമണിയിക്കുകയും ജയ് ജയ് കേളപ്പജി എന്ന മുദ്രാവാക്യങ്ങളാൽ അന്തരീക്ഷം മുഖരിതമാക്കുകയും ചെയ്തു. വളരെ സമയമെടുത്താണ് ശ്രീ. കേളപ്പൻ ക്ഷേത്രത്തിനു മുന്നിലെത്തിയത്. അവിടെയാകട്ടെ ശിവലിംഗത്തിന്റെ മുമ്പിലേക്കെത്താൻ ഒരു പഴുതുമുണ്ടായിരുന്നില്ല.

ഇത്തവണ പോലീസിന്റെ തടസ്സം കൊണ്ടായിരുന്നില്ല, ജനങ്ങളുടെ ആവേശപ്രകടനം കൊണ്ടായിരുന്നു എന്നുമാത്രം. വളണ്ടിയർമാർ കൈകോർത്തു പിടിച്ചു വഴിയുണ്ടാക്കിയാണ് കേളപ്പനെ വിഗ്രഹത്തിന്റെ അടുത്തേക്കെത്തിച്ചത്. ആ ചെറിയ സ്ഥലത്ത് കേളപ്പനു ചുറ്റും ഒതുങ്ങിക്കൂടാൻ പതിനായിരക്കണക്കിനു ജനങ്ങൾ പരിശ്രമിച്ചു നോക്കി. പലരും കരുതലോടെ പിടിച്ചതുകൊണ്ട് കേളപ്പജി വീഴാതെ ഒരു വിധം അവിടെ കയറിപ്പറ്റി. വിഗ്രഹത്തിനു മുന്നിൽ നിശ്ശബ്ദനായി നിൽക്കുന്ന കേളപ്പന്റെ മുഖം വികാരനിർഭരമായിരുന്നു.

രണ്ടു നിമിഷം കഴിഞ്ഞ് അദ്ദേഹം സത്യഗ്രഹികൾ പൊളിച്ച പുരാവസ്തു മന്ദിരത്തിന്റെ മതിലിനു മുകളിലൂടെ അൽപ്പം കാണാവുന്ന വിഗ്രഹത്തെ തൊഴുതു. ആ സമയം അവിടെനിന്നു കീർത്തനാലാപം മുഴങ്ങി. ആരാധനയ്ക്കുശേഷം കേളപ്പൻ ശ്രീമതി കുട്ടിമാളു അമ്മ, ശ്രീമതി ദേവകി അമ്മ, ശ്രീ. രാധാകൃഷ്ണമേനോൻ തുടങ്ങിയവരോടൊപ്പം നടയ്ക്കലിരുന്നു. തുടർന്ന് തന്റെ മരുമകൾ ദേവി അമ്മ കൊടുത്ത നാരങ്ങാനീര് കഴിച്ച് അദ്ദേഹം മൂന്നു ദിവസമായുള്ള നിരാഹാരം അവസാനിപ്പിച്ചു. അതോടെ അദ്ദേഹത്തിന്റെ നിരവധി ആരാധകരുടെ മനോവിഷമം അവസാനിച്ചു.



*കേളപ്പജി പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽനിന്നു കാറിൽ തളി ക്ഷേത്രത്തിലേക്കു തൊഴാൻ പുറപ്പെടുന്നു*

വികാര വിക്ഷുബ്ധമായ ഒരാഴ്ചയാണ് അങ്ങാടിപ്പുറത്തെയും പരിസരത്തെയും ജനങ്ങളും നാനാഭാഗങ്ങളിൽനിന്നെത്തിയ സന്ദർശകരും കഴിച്ചുകൂട്ടിയത്. ആരാധനാ സ്ഥലം പുരാവസ്തുവാക്കി മാറ്റാൻ ശ്രമിച്ച ഗവൺമെന്റിന്റെ ലാത്തിയെയും തോക്കിനെയും നേരിടാൻ കുട്ടികളും സ്ത്രീകളും പുരുഷൻമാരും ഞങ്ങൾ മുന്നിൽ, ഞങ്ങൾ മുന്നിൽ എന്ന മട്ടിലാണ് തള്ളിക്കേറിയിരുന്നത്.

കേളപ്പനോടൊപ്പം അറസ്റ്റ് വരിക്കാനും എന്തു സഹിക്കാനും അവർ ഈ ദിവസങ്ങളിൽ മുന്നോട്ടു വന്നുകൊണ്ടിരുന്നു. ഇന്നലെ നടന്ന ലാത്തിച്ചാർജ്ജ് അവരെ കൂടുതൽ ദൃഢചിത്തരാക്കിയിരുന്നു. ഇന്ന് കോടതിയിലെ ഹർജി വിചാരണ ഗവൺമെന്റിന്റെ സഹായത്തിനെത്തി. ജനങ്ങളിൽ ഒരു ദിവസം ക്ഷമിച്ചിരിക്കുക എന്ന മനോഭാവം ഉണ്ടായിരുന്നില്ലായെങ്കിൽ പോലീസിനും ഭരണകൂടത്തിനും ഇന്നും ഇനിയുള്ള ദിവസങ്ങളിലുമായി എന്തെന്നില്ലാത്ത പരിക്ഷണഘട്ടം നേരിടേണ്ടി വന്നേനെ. കേളപ്പൻ ഉപവാസ സമരം അവസാനിപ്പിച്ചതിനെ തുടർന്ന് ജനങ്ങളുടെ ആഹ്ലാദവും ആവേശവും പ്രതിഫലിപ്പിക്കുന്ന തരത്തിൽ പൂരപ്പറമ്പിൽ ശ്രീ. കർത്താവിന്റെ അദ്ധ്യക്ഷതയിൽ പൊതുയോഗം ചേർന്നു.



മാതൃഭൂമി

THE MATHRUBHUMI, the National Daily in Malayalam

PUBLISHED FROM CALICUT AND COCHIN

Regd. No. K. 65

പുസ്തകം 46 ലക്കം 246

Calicut, Tuesday November 26, 1968

പേജ് 6 വില 11 പൈസ

# തളിക്ഷേത്രത്തിൽ ആരാധന നടന്നു

## നിരോധകല്പനയ്ക്കു എതിരെ മുൻസീഫിന്റെ താൽക്കാലിക ഇഞ്ചങ്ക്ഷൻ

## കേളപ്പൻ ഉപവാസമവസാനിപ്പിച്ചു

സ്റ്റാഫ് പ്രതിനിധി

അങ്ങാടിപ്പുറം നവംബർ 25

അങ്ങാടിപ്പുറം തളിക്ഷേത്രത്തിൽ ശ്രീ. കേളപ്പന്റെ നേതൃത്വത്തിൽ ഇന്നു വൈകുന്നേരം അനേകായിരം ഭക്തജനങ്ങൾ ആരാധനനടത്തി. അതിനുശേഷം ശ്രീ. കേളപ്പൻ മൂന്നുദിവസമായി നടത്തി വരുന്ന തന്റെ ഉപവാസം അവസാനിപ്പിച്ചു.

തളി ക്ഷേത്രത്തിൽ ആരാധന നടത്താൻ വന്ന ഭക്തജനങ്ങളുടെ ആഹ്ലാദ പ്രകടനം

1 ലക്ഷത്തിലേറെ ക. കള്ള രത്നങ്ങളും മററും പിടിച്ചു

കേന്ദ്രം ആശങ്കയോടെ



# 22. തളി സമരത്തിന്റെ സ്വാധീനം

തളിക്ഷേത്രത്തിലെ ആരാധനാ സ്വാതന്ത്ര്യം നേടിയ ദിവസം ചേർന്ന സമ്മേളനത്തിൽ വെച്ച് ശ്രീ. കേളപ്പജി ഇങ്ങനെ പ്രസ്താവിച്ചു: "ഈ സമരത്തിന്റെ വിജയം ഇ.എം.എസ്. സർക്കാരിന്റെ നീതിനിഷേധത്തിനെതിരായ ജനവിധിയാണ്. മുസ്ലീം ലീഗും കമ്മ്യൂണിസ്റ്റുകാരും പ്രചരിപ്പിക്കുന്നതുപോലെ ഞാൻ വർഗ്ഗീയവാദിയല്ല. ഈ നാട്ടിലെ വിവിധ സമുദായങ്ങൾ സമാധാനപരമായി സഹവർത്തിക്കണമെന്ന് ആഗ്രഹിക്കുകയും എക്കാലവും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള ആളാണ് ഞാൻ. മുസ്ലീങ്ങൾ ഒന്നു മനസ്സിലാക്കണം. ലീഗ് അവരിൽ അന്യമത വിദ്വേഷം വളർത്തുകയാണ്. ഈ നയം സമുദായ മൈത്രി തകർക്കാനേ ഉപകരിക്കൂ. ഇവിടെ ക്ഷേത്ര നിർമ്മാണത്തിന് മുസ്ലിം സഹോദരന്മാർ സഹകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു." അങ്ങാടിപ്പുറം സമരത്തിലൂടെ തളിയിലെ നിഷേധിക്കപ്പെട്ട ആരാധനാ സ്വാതന്ത്ര്യം വീണ്ടെടുക്കുക മാത്രമല്ല കേളപ്പജി ചെയ്തത്; ഹിന്ദു സമുദായത്തെ തട്ടിയുണർത്തുകയും കർമ്മോന്മുഖരാക്കുകയുമാണ്. ഈ സമരത്തിനു ശേഷം മലബാറിലെ അനേകം ക്ഷേത്രങ്ങൾ ജീർണ്ണോദ്ധാരണം ചെയ്യപ്പെട്ടത് ഇതിനു തെളിവാകുന്നു.

തളി സമരം ക്ഷേത്ര സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിലായിരുന്നുവെങ്കിലും അതു വിജയിച്ചത് ഹിന്ദു സമുദായത്തിന്റെ പൂർണ്ണ പിന്തുണ കൊണ്ടാണ്. ആർ.എസ്.എസും ജനസംഘവും കേളപ്പജിക്ക് അസൗകര്യമുണ്ടാക്കേണ്ടെന്നു കരുതി ഔദ്യോഗികമായി സമരത്തിൽ ഭാഗഭാക്കായില്ലെങ്കിലും വ്യക്തിപരമായി അവരുടെ സാന്നിധ്യവും സഹകരണവും ആദ്യന്തം ഉണ്ടായിരുന്നു. സർവ്വോപരി കേളപ്പജിയുടെ വ്യക്തിപ്രഭാവവും ജനങ്ങൾക്കിടയിൽ അദ്ദേഹത്തിനുള്ള അസാധാരണമായ സ്വാധീനവും വിജയത്തിനു കാരണമായി. സമരം തുടങ്ങിയാൽ ഒരു വർഗ്ഗീയ ലഹളയ്ക്ക് അത് ഹേതുവാകുമെന്ന ആശങ്ക പരക്കെ ഉണ്ടായിരുന്നു. മുസ്ലീങ്ങളുടെ മതവികാരങ്ങൾ ഇളക്കിവിട്ട് അവരെ ലഹളയ്ക്കു പ്രേരിപ്പിക്കാൻ ഇ.എം.എസ്സും എ.കെ. ഗോപാലനും പ്രസംഗങ്ങളിലൂടെയും പ്രസ്താവനകളിലൂടെയും, ദേശാഭിമാനിയും ചന്ദ്രികയും മുഖപ്രസംഗങ്ങളിലൂടെയും കൊണ്ടുപിടിച്ച് ശ്രമിക്കുകയും ചെയ്തു.

പക്ഷേ അത് ഫലിച്ചില്ല. കേളപ്പജി അവലംബിച്ച അക്രമരഹിതമായ ഗാന്ധിയൻ സമരമുറയാണ് അതിനു കാരണം. ആർ.എസ്.എസ്. ജനസംഘം നേതാക്കളായ പി. പരമേശ്വരൻ, പി. മാധവൻ, സി.പി. ജനാർദ്ദനൻ, ടി.എൻ. ഭരതൻ എന്നിവരും നൂറുകണക്കിന് സ്വയം സേവകരും സമരകാലത്ത് അങ്ങാടിപ്പുറത്തു ക്യാമ്പ് ചെയ്ത് സംഭവഗതികൾ നിരീക്ഷിക്കുന്നുണ്ടായിരുന്നു. അവരുടെ സാന്നിദ്ധ്യവും മുസ്ലീങ്ങൾ അക്രമത്തിനു മുതിരാതിരുന്നതിന് ഹേതുവായി.

## 23. ക്ഷേത്ര നിർമ്മാണം

തളിസമരം കഴിഞ്ഞ് മാസങ്ങൾക്കകം ഇ.എം.എസ് സർക്കാർ തകരുകയും സി. അച്യുതമേനോന്റെ നേതൃത്വത്തിൽ പുതിയ സർക്കാർ നിലവിൽ വരികയും ചെയ്തു. കേളപ്പജിയും നാരായണൻ നമ്പ്യാരും വി.എം. കൊറാത്തും തിരുവനന്തപുരത്തു പോയി മുഖ്യമന്ത്രിയെ കണ്ട് തളിയിൽ ക്ഷേത്ര സ്ഥലം വിട്ടുകിട്ടുന്നതിനു നിവേദനം നൽകി. ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി ശ്രീ. അച്യുതമേനോൻ അങ്ങാടിപ്പുറത്തു വന്ന് ക്ഷേത്ര സ്ഥലം സന്ദർശിച്ചു. അതിഗംഭീരവും ചൈതന്യപൂർണ്ണവുമായ ശിവലിംഗം കണ്ട് അദ്ദേഹം അത്ഭുതത്തോടെ പറഞ്ഞു. "ഈ ശിവലിംഗത്തെ കണ്ടാൽ ഇതൊരു ക്ഷേത്രാവശിഷ്ടമാണെന്ന് ആർക്കും മനസ്സിലാക്കാമല്ലോ." താമസിയാതെ സ്ഥലം അനുവദിച്ചുകൊണ്ട് മുഖ്യമന്ത്രി ശ്രീ. അച്യുതമേനോൻ ഉത്തരവ് നൽകുകയും ചെയ്തു.

സ്ഥലം അനുവദിച്ചു കിട്ടിയെങ്കിലും അവിടെ പുതിയതായി ക്ഷേത്രം പണിയുക എളുപ്പമായിരുന്നില്ല. അന്നത്തെ മതിപ്പനുസരിച്ച് തന്നെ രണ്ടു ലക്ഷത്തിലധികം രൂപ ചെലവ് വരും. ഇത്രയും വലിയ തുക എങ്ങനെയുണ്ടാക്കും? കേളപ്പജി മാതൃഭൂമിയിലുടെയും കേസരിയിലൂടെയും നടത്തിയ അഭ്യർത്ഥനയെ തുടർന്ന് കുറച്ചു പണം കിട്ടിയെങ്കിലും അത് ചുറ്റുമതിൽ കെട്ടാനേ തികഞ്ഞുള്ളൂ. തുടക്കം മുതൽ തന്നെ ക്ഷേത്ര നിർമ്മാണത്തിൽ വലിയ താൽപര്യം പ്രകടിപ്പിച്ച് പോന്ന ചിന്മയാനന്ദസ്വാമി കാൽ ലക്ഷം രൂപ അയച്ചുതന്നു. അതുകൊണ്ട് ശ്രീകോവിന്റെ തറപ്പണി ആരംഭിച്ചു. കെ.പി. കേശവമേനോൻ മുഖേന ഗ്വാളിയോർ റയോൺസ് മേധാവി സാബുവിൽനിന്നു ലഭിച്ച പതിനായിരം രൂപയും തറപ്പണിക്ക് ഉപകരിച്ചു.



ക്ഷേത്ര നിർമ്മാണം പൂർത്തിയായി നവീകരണം നടത്തുക എന്നത് കേളപ്പജിയുടെ വലിയൊരാഗ്രഹമായിരുന്നു. അതിനെക്കുറിച്ചദ്ദേഹം പലരോടും പറയുകയും ചെയ്തിരുന്നു. പക്ഷേ, വിധി അദ്ദേഹത്തെ അനുവദിച്ചില്ല. ശ്രീകോവിലിന്റെ പണി കഴിയുന്നതിനു മുമ്പേ അദ്ദേഹത്തിന്റെ ആത്മാവ് ഭഗവൽ പാദങ്ങളിൽ വിലയം പ്രാപിച്ചു.

കേളപ്പജിയുടെ വേർപാട് ക്ഷേത്ര സംരക്ഷണ സമിതിയെയും ക്ഷേത്ര നിർമ്മാണത്തെയും അനാഥമാക്കി. സമിതിയുടെ പ്രവർത്തനവും തളിക്ഷേത്ര നിർമ്മാണവും മുന്നോട്ടു കൊണ്ടുപോവുക എന്ന ഭാരിച്ച ചുമതല മറ്റു ഭാരവാഹികൾക്ക് ഏറ്റെടുക്കേണ്ടിവന്നു. അഡ്വ. ടി. നാരായണൻ നമ്പ്യാർ ക്ഷേത്ര നിർമ്മാണത്തിനുള്ള ഉപസമിതിയുടെ പ്രസിഡന്റ് എന്ന നിലയിൽ സ്തുത്യർഹമായ സേവനമാണ് അനുഷ്ഠിച്ചത്. തലശ്ശേരിയിൽ നിന്ന് ആഴ്ചയിലൊരിക്കൽ അങ്ങാടിപ്പുറത്തേക്ക് ക്ഷേത്ര നിർമ്മാണത്തിന്റെ മേൽനോട്ടം വഹിക്കാനായി എത്താൻ പ്രായം അദ്ദേഹത്തിനു തടസ്സമായില്ല. പലരുമായും കത്തിടപാടുകൾ നടത്തി പണം ശേഖരിക്കാനും അദ്ദേഹം ശ്രമിച്ചു. നമ്പ്യാരുടെ അപേക്ഷ പ്രകാരം ചിന്മയാനന്ദസ്വാമി വീണ്ടും നല്ലൊരു തുക സംഭാവന ചെയ്തു.

തറമ്മൽ കൃഷ്ണൻ പ്രസിഡന്റായും തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ലക്ചററായ പി.ആർ നായർ ജനറൽ സെക്രട്ടറിയായും ക്ഷേത്ര സംരക്ഷണ സമിതി പുനഃസംഘടിപ്പിച്ചു. ആദ്ധ്യാത്മിക കാര്യങ്ങളിൽ അവഗാഹമുള്ള നായർ പ്രഗത്ഭനായ പ്രഭാഷകനുമായിരുന്നു. പി.ആർ നായരുടെ പ്രഭാഷണം ജനഹൃദയങ്ങളെ ഇളക്കി മറിച്ചു. ക്ഷേത്ര കാര്യങ്ങളിൽ അജ്ഞരും അനാഥരും അസംഘടിതരുമായ ഹൈന്ദവ ജനതയെ ആലസ്യത്തിൽനിന്ന് ഉണർത്തിയെടുക്കാൻ പി.ആർ. നായരുടെ പ്രഭാഷണങ്ങളെക്കൊണ്ട് സാധിച്ചു. തളിക്ഷേത്ര നിർമ്മാണത്തിനു വേണ്ട ധനം ശേഖരിക്കുന്നതിന് ശ്രീ. വി.എം. കൊറാത്ത്, ശ്രീ. പി.ആർ. നായർ, ശ്രീ. വി. കെ. ബാലചന്ദ്രൻ, കെ. മഹാദേവൻ തുടങ്ങിയവർ പാലക്കാട് താലൂക്കിൽ ഒരു ധർമ്മരക്ഷായാത്ര നടത്തി. യാത്രയ്ക്കു സ്വീകരണം നൽകാൻ വിവിധ സ്ഥലങ്ങളിൽ സ്വാഗത സംഘങ്ങൾ രൂപീകരിച്ചിരുന്നു. ഒരു ജീപ്പിൽ ഉച്ചഭാഷിണി ഘടിപ്പിച്ച് ഭജനകൾ പാടിയായിരുന്നു ഈ യാത്ര.

ശാസ്ത്രീയ സംഗീതം അഭ്യസിച്ചിട്ടുള്ള മഹാദേവന്റെ കീർത്തനാലാപനം യാത്രയെ ഭക്തിസാന്ദ്രമാക്കി. എല്ലായിടത്തും ആവേശപൂർവ്വമായ സ്വീകരണമാണ് യാത്രയ്ക്കു ലഭിച്ചത്. എല്ലാ സ്ഥലത്തും പണക്കിഴി സമർപ്പണമുണ്ടായിരുന്നു. ഈ പരിപാടിയിലൂടെ പതിനായിരം രൂപ ശേഖരിക്കാൻ കഴിഞ്ഞു. ഒരിക്കൽ ചെമ്പൈ വൈദ്യനാഥ ഭാഗവതർ ഗുരുവായൂരിൽ എത്തിയിട്ടുണ്ടെന്നറിഞ്ഞ് ശ്രീ. വി.എം. കൊറാത്തും ബാലചന്ദ്രനും സ്വാമിയെ ചെന്നു കണ്ട് ഒരു സൗജന്യ കച്ചേരി നടത്തിത്തന്നു സഹായിക്കണമെന്ന് അപേക്ഷിച്ചു. ക്ഷേത്രകാര്യമല്ലേ, ഞാൻ വരാം, യേശുദാസിനെയും കൂട്ടാം എന്ന് അദ്ദേഹം സന്തോഷത്തോടെ പറഞ്ഞു. കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ് അങ്കണത്തിൽ നടത്തിയ ആ സംഗീതക്കച്ചേരിയിലൂടെ ഒരു നല്ല തുക പിരിഞ്ഞു കിട്ടി. രാഷ്ട്രീയ സ്വയം സേവക സംഘം ഓരോ ശാഖകളിലൂടെയും ക്ഷേത്രനിർമ്മാണ ഫണ്ടിലേക്ക് സംഭാവനകൾ സ്വീകരിച്ചു. ഓരോ രൂപയുടെ കൂപ്പണുകളുമായി സ്കൂൾ വിദ്യാർത്ഥികൾ വരെ പിരിവിനിറങ്ങി. ഒരു രൂപയുടെ കൂപ്പണുമായി സ്കൂൾ ഹെഡ്മാസ്റ്ററെ കണ്ട പൊൻമളയിലെ കിളിവായിൽ ബാലകൃഷ്ണൻ ഒരു അനുഭവം ഇങ്ങനെ വിവരിക്കുകയുണ്ടായി:

ഞങ്ങൾ കുറച്ച് വിദ്യാർത്ഥികൾ തളിക്ഷേത്ര നിർമ്മാണ ഫണ്ടിലേക്കു പണം പിരിക്കാനായി കൂപ്പണുമായി സ്കൂൾ ഹെഡ്മാസ്റ്ററുടെ അടുത്തു ചെന്നു. അദ്ദേഹം ചോദിച്ചു: എത്ര ക്ഷേത്രങ്ങൾ തകർന്നു കിടക്കുന്നുണ്ട്? എന്തിനാണ് അങ്ങാടിപ്പുറത്തെ ഒരു ക്ഷേത്രത്തിനായി ഇങ്ങനെ വാശിപിടിക്കുന്നത് എന്ന്. അതുകേട്ട് നിങ്ങളുടെ വയസ്സായ അച്ഛനമ്മമാരെ എന്തിനാണ് സംരക്ഷിക്കുന്നത്? നാട്ടിൽ എത്രയോ ആളുകൾ വേറെ ഉണ്ട് എന്ന വിദ്യാർത്ഥികളുടെ മറുപടി കേട്ടു സന്തുഷ്ടനായ ഹെഡ്മാസ്റ്റർ ഒരു കൂപ്പണിനു പകരം ഇരുപത്തിയഞ്ച് കൂപ്പൺ എടുത്ത് അവരെ സഹായിച്ചുവത്രേ. ഇതുപോലെ പ്രചോദനകരമായ അനുഭവങ്ങളാണ് പലർക്കും ഉണ്ടായത്. അതിനാൽ സംഘ ശാഖകളിലൂടെ തന്നെ വലിയൊരു സംഖ്യ ശേഖരിക്കാൻ സാധിച്ചു.

ഇങ്ങനെ അണ്ണാറക്കണ്ണനും തന്നാലയതുപോലെ സഹായിച്ചതിനാൽ പലതുള്ളി പെരുവെള്ളമായി അങ്ങാടിപ്പുറം തളിയിൽ ഗംഭീ





*ക്ഷേത്രം തന്ത്രി നടത്തുന്ന ഭഗവതിസേവ*

രവും മനോഹരവുമായ തളി ശിവക്ഷേത്രം ഉയർന്നുവന്നു. കേളപ്പജിയുടെ അന്തിമ അഭിലാഷം നിറവേറ്റാൻ കഴിഞ്ഞതിൽ ക്ഷേത്ര സംരക്ഷണ സമിതി പ്രവർത്തകർക്കുണ്ടായ ചാരിതാർത്ഥ്യം പറഞ്ഞറിയിക്കാൻ കഴിയാത്തതായിരുന്നു. ശ്രീകോവിലിൽ ആദ്യമായി ഭദ്രദീപം തെളിഞ്ഞപ്പോൾ ഭക്തജനങ്ങൾക്കുണ്ടായ സന്തോഷത്തിന് അതിരില്ലായിരുന്നു. ക്ഷേത്രത്തിന് അനുയോജ്യമായ ഒരു ഗോപുരം കൂടി നിർമ്മിക്കാൻ കഴിഞ്ഞെങ്കിൽ എന്നതായി പിന്നത്തെ ആഗ്രഹം. അത് സഫലീകരിക്കപ്പെടാൻ വർഷങ്ങൾ കാത്തിരിക്കേണ്ടി വന്നു.

കേളപ്പജിയുടെ നിര്യാണത്തിനുശേഷം മലബാർ ക്ഷേത്ര സംരക്ഷണ സമിതിയുടെ പ്രവർത്തനം മന്ദീഭവിച്ചു. കുഞ്ഞനന്തൻ പ്രവർത്തനങ്ങളിൽനിന്നു വിരമിച്ചു. ശ്രീ. വി.എം. കൊറാത്തിനും ഓഫീസിൽനിന്നു യഥേഷ്ടം അവധിയെടുക്കാൻ കഴിയാതെ വന്നു. പി. ആർ. നായർ പല സ്ഥലങ്ങളിലും സഞ്ചരിച്ച് ജനങ്ങളെ ഉത്സുകരാക്കിയെങ്കിലും സംഘടനാപരമായി അത് ഉപയോഗിക്കാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ ശ്രീ. വി.എം. കൊറാത്തും മറ്റു സമിതി ഭാരവാഹികളും സംഘം അധികാരികളുമായി ബന്ധപ്പെട്ടു. തന്ത്രികാര്യങ്ങളിലും മറ്റു ക്ഷേത്രസംബന്ധമായ വിഷയങ്ങളിലും

വളരെ അവഗാഹമുള്ള മുതിർന്ന സംഘപ്രചാരകനായ പി. മാധവ്ജിയെ ക്ഷേത്ര സംരക്ഷണ സമിതിയുടെ പ്രവർത്തനങ്ങൾക്കായി സംഘം നിയോഗിച്ചു. മുതിർന്ന സംഘ പ്രചാരകനായ പി. രാമചന്ദ്രജിയെ ഓർഗനൈസിങ് സെക്രട്ടറിയായും നിയോഗിച്ചു. പി.എസ്. ദേവശിഖാമണി ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു. ഇതോടെ മലബാർ ക്ഷേത്ര സംരക്ഷണ സമിതി, കേരള ക്ഷേത്ര സംരക്ഷണ സമിതി എന്ന പേരിൽ കേരള അടിസ്ഥാനത്തിലുള്ള ശക്തമായ സംഘടനയായി മാറി. കേരളത്തിലെ ക്ഷേത്ര സമുദ്ധാരണരംഗത്ത് കേരള ക്ഷേത്ര സംരക്ഷണ സമതി ഒരു നാഴികക്കല്ലായി മാറി. ക്ഷേത്രങ്ങൾ അന്ധവിശ്വാസങ്ങളുടെ കേന്ദ്രങ്ങളല്ല ദിവ്യ ചൈതന്യം പ്രസരിപ്പിക്കുന്ന കേന്ദ്രങ്ങളാണെന്ന് മാധവ്ജി ക്ഷേത്ര ചൈതന്യ രഹസ്യം എന്ന പുസ്തകത്തിലൂടെ ലോകത്തിന് കാണിച്ചുകൊടുത്തു.

കേരള ക്ഷേത്ര സംരക്ഷണ സമിതിയുടെ പ്രവർത്തന ഫലമായി കേരളത്തിലുടനീളം തകർന്നു കിടന്ന ആയിരക്കണക്കിനു ക്ഷേത്രങ്ങൾ ഉയർന്നുവന്നു. ക്ഷേത്രം തകർത്തു കപ്പ നട്ടാൽ അത്രയും അന്ധവിശ്വാസങ്ങൾ ഇല്ലാതായി എന്നു പ്രഖ്യാപിച്ച ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് ശക്തികൾ ഇന്ന് ക്ഷേത്രഭരണം പിടിച്ചെടുക്കാൻ മത്സരിക്കുകയാണ്. തങ്ങളുടെ പാർട്ടി അണികളെ ക്ഷേത്രജീവനക്കാരായി നിയോഗിക്കാൻ ഇടത്-വലത് -മതേതര കക്ഷികൾ മത്സരിക്കുകയാണ്. ഈ മാറ്റം കേരളത്തിൽ ഉണ്ടായത് കേരള ക്ഷേത്ര സംരക്ഷണ സമിതിയുടെ അക്ഷീണ പരിശ്രമം കൊണ്ടു മാത്രമാണെന്ന് നമുക്കു മനസ്സിലാക്കാം.

പി. കേരളവർമ്മ രാജ, എം.പി. ഗോപാലകൃഷ്ണൻ, എൻ.എം. കദംബൻ നമ്പൂതിരിപ്പാട് തുടങ്ങിയ സമുന്നതരായ ഹൈന്ദവ നേതാക്കൾ കേരള ക്ഷേത്ര സംരക്ഷണ സമിതിയുടെ സാരഥ്യം വളരെക്കാലം വഹിച്ചിട്ടുണ്ട്. പി. രാമചന്ദ്രജിക്കു ശേഷം സംസ്ഥാന സംഘടന കാര്യദർശിയായി അധികാരമേറ്റ ശ്രീ. വി.കെ. വിശ്വനാഥന്റെ പ്രവർത്തനങ്ങളും വിലമതിക്കാനാവാത്തതാണ്. അങ്ങാടിപ്പുറം തളി ക്ഷേത്രം കേരള ക്ഷേത്ര സംരക്ഷണ സമിതിയുടെ ശാഖകളിലൊന്നായി കേരളത്തിന്റെ ആദ്ധ്യാത്മിക സാംസ്കാരിക വിഹായസ്സിൽ ഒരു വെള്ളി നക്ഷത്രമായി പരിലസിക്കുന്നു.



സമിതിയുടെ സ്ഥാപക നേതാവായ കേളപ്പജിയോട് അതിരറ്റ ആദരവാണ് സമിതി പുലർത്തുന്നത്. സമിതിയുടെ ആസ്ഥാനമായ കോഴിക്കോട് നിർമ്മിച്ച കേന്ദ്ര കാര്യാലയ കെട്ടിടത്തിന് കേളപ്പജി മന്ദിരം എന്നു പേരിട്ടതു തന്നെ അതിനു മതിയായ തെളിവാണ്. അതോടൊപ്പം മന്ദിരത്തിലെ ഓഡിറ്റോറിയത്തിന് മാധവ്ജിയുടെ പേരു നൽകി സമിതിയുടെ ആചാര്യന്റെ സ്മരണ നില നിർത്താനും അവർ മറന്നില്ല.

## 24. തളിക്ഷേത്രം

ഹൈന്ദവജനതയുടെ ആത്മാഭിമാനത്തിന്റെ പ്രതീകമായി തളി മഹാദേവ ക്ഷേത്രം പരിലസിക്കുന്നു. കോഴിക്കോട്-പാലക്കാട് റോഡ് ഹൈവേയിൽ കോഴിക്കോട്ടുനിന്നും പാലക്കാട്ടുനിന്നും തുല്യ ദൂരത്തിൽ (70 കിലോമീറ്റർ) സ്ഥിതിചെയ്യുന്ന അങ്ങാടിപ്പുറം ജംഗ്ഷനിൽ ബസ്സിറങ്ങിയാൽ റോഡിന്റെ ഇടതുഭാഗത്തായി അതിഗംഭീരവും അതിമനോഹരവുമായ ഗോപുരത്തോടു കൂടി ശ്രീ തളി മഹാദേവക്ഷേത്രം വിരാജിക്കുന്നു.

അറുപതടി ഉയരവും മുപ്പത്തിയഞ്ച് അടി നീളവും പതിനഞ്ച് അടി വീതിയുമുള്ള, ശില്പചാതുര്യവും ഗാംഭീര്യവും നിറഞ്ഞ ഗോപുരം ഏറ്റവും ആകർഷിക്കുന്ന ഒന്നാണ്. മൂന്ന് തട്ടുകളോടു കൂടിയ ഗോപുരത്തിന്റെ ഏറ്റവും മുകൾ ഭാഗം നാല് പാളികളോടു കൂടിയതാണ്. ഗോപുരത്തിന്റെ ഓരോ പാളികളിലും ശിവന്റെ അവതാര ഭാവങ്ങളായ അർദ്ധനാരീശ്വരൻ, വിനാകി, നടരാജൻ, കിരാതശിവൻ എന്നിവരുടെയും പിന്നെ ഗണപതി, ഷൺമുഖൻ, നന്ദി, വാസുകി എന്നിവരുടെയും മനോഹരമായ ശില്പങ്ങൾ കാണാം.

ഗോപുരത്തിന്റെ മുകളിൽ നാല് താഴികക്കുടങ്ങൾ കാണാം. ഗോപുരത്തിൽ കലവറ, ഓഫീസ് തുടങ്ങിയവ പ്രവർത്തിച്ചുവരുന്നു. തേക്കിൻ തടിയിലാണ് വാതിലുകളും അതിന്റെ പാളികളും നിർമ്മിച്ചിരിക്കുന്നത്. മനോഹരമായ ശിൽപ്പങ്ങൾ കൊത്തിയ ഗോപുരം ചെമ്പു പാളികൾ കൊണ്ട് അലങ്കരിച്ചിട്ടുണ്ട്. ഇരുപതടിയോളം ഉയരത്തിലുള്ള മതിൽക്കെട്ടുകളും തളിക്ഷേത്രത്തിന്റെ ഗാംഭീര്യത്തിന് മാറ്റുകൂട്ടുന്നു. ഗോപുരത്തിന്റെ മുന്നിൽ ആൽത്തറയിൽ നാഗ



*ക്ഷേത്ര തന്ത്രി നന്ദിപ്രതിഷ്ഠ നടത്തുന്നു*

ങ്ങളെ പ്രതിഷ്ഠിച്ചിരിക്കുന്നു. ഗോപുരത്തിന്റെ കവാടം കടന്നുവരുമ്പോൾ ശിൽപ്പങ്ങളോടുകൂടിയ അതിമനോഹരമായ മുഖമണ്ഡപം കാണാം. നാല് തൂണുകളിലും അർദ്ധനാരീശ്വരൻ, അയ്യപ്പൻ, ഗണപതി, മുരുകൻ എന്നീ ദേവൻമാരുടെ ശിൽപ്പങ്ങൾ കാണാം. അടിഭാഗം ടൈൽസ് പതിച്ച് മനോഹരമാക്കിയിരിക്കുന്നു.

വലിയ ബലിക്കല്ലിനു മുന്നിലെ നമസ്കാര മണ്ഡപത്തിൽ നന്ദി വിഗ്രഹം കാണാം. രണ്ടു തട്ടുകളോടു കൂടി മനോഹരവും ഗംഭീരവുമായ ശ്രീകോവിലിൽ തളി മഹാദേവൻ പരിലസിക്കുന്നു. ശ്രീകോവിലും മുഖമണ്ഡപവും ചെമ്പോല പതിപ്പിച്ച് മനോഹരമാക്കിയിരിക്കുന്നു. പ്രധാന ശ്രീകോവിലന്റെ തെക്കുഭാഗത്തായി ഗണപതി സാന്നിദ്ധ്യം ചെയ്യുന്നു. അതുപോലെ പടിഞ്ഞാറുഭാഗത്തായി മൂന്ന് നിലകളോടു കൂടിയ നാരായണാലയം സ്ഥിതിചെയ്യുന്നു.

നാരായണാലയത്തിന്റെ വടക്കുഭാഗത്തായി കേളപ്പജി സ്മാരക ഗ്രന്ഥശാല പ്രവർത്തിച്ചു വരുന്നു. പടിഞ്ഞാറു ഭാഗത്ത് പ്ലാവിൽ തീർത്ത മനോഹരമായ പ്രവേശന കവാടം ഉണ്ട്. നാരായണാലയത്തിൽ കേളപ്പജി, മാധവജി, ബാലചന്ദ്രൻ മാസ്റ്റർ, ദേവീദേവൻമാരുടെ ഫോട്ടോകളും കേളപ്പജി നയിച്ച ആരാധനാ സ്വാതന്ത്ര്യത്തിന്റെ പത്രവാർത്തകളുടെ ഫോട്ടോകളും കാണാം. പഴയ ശിവലിംഗത്തിന്റെ ഫോട്ടോയും കാണാം.



തിരുമുറ്റം കരിങ്കൽ പതിക്കുന്നതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് തെക്കേ മഠം മൂപ്പിൽ സ്വാമിയാണ്. ഗോപുരത്തിന്റെ തറക്കല്ലിട്ടത് 1995 മാർച്ച് 15ന് ചെങ്കോട്ടുകോണം രാമദാസമിഷൻ മഠാധിപതി സ്വാമി സത്യാനന്ദ സരസ്വതി തിരുവടികൾ ആണ്. അരക്കോടി രൂപ ചെലവഴിച്ചു പണിത ഗോപുരം അണ്ടലാടി ശങ്കരൻ നമ്പൂതിരിപ്പാട് 2001 മെയ് 25ന് ഉദ്ഘാടനം ചെയ്തു. മനോഹരമായ ഗോപുരത്തിന്റെ നിർമാണത്തിന് നേതൃത്വം നൽകിയത് തൃശ്ശൂരിലെ വാസ്തു ശിൽപി രമേശ് വാരിയർ ആണ്.

## 25. പൂജകളും നിവേദ്യങ്ങളും

തളി മഹാദേവക്ഷേത്രത്തിൽ പുലർച്ചെ അഞ്ചു മണിക്ക് നട തുറന്ന് പൂജാകർമ്മങ്ങൾ ആരംഭിക്കുന്നു. അഞ്ചു മണിക്ക് നിർമ്മാല്യദർശനം, ഏഴു മണിക്ക് ഉഷഃപൂജ, പത്തര മണിയുടെ ഉച്ചപ്പൂജ കഴിഞ്ഞാൽ പതിനൊന്ന് മണിയോടെ നട അടയ്ക്കും. വൈകുന്നേരം അഞ്ചു മണിക്കു നട തുറന്ന് ദീപാരാധന, അത്താഴപ്പൂജ എന്നിവ കഴിഞ്ഞാൽ നട അടയ്ക്കും.

പ്രധാന നിവേദ്യങ്ങൾ നെയ്പായസം, കട്ടിപ്പായസം, പാൽപ്പായസം, തൃമധുരം എന്നിവയാണ്.

തിങ്കൾ, വെള്ളി ദിവസങ്ങളിൽ നടക്കുന്ന ഉമാമഹേശ്വരി പൂജയും, പ്രദോഷപൂജയും ഇവിടത്തെ വിശേഷ പൂജകളാണ്.

### പ്രധാന ആഘോഷങ്ങൾ

ശിവരാത്രി, വിഷുക്കണി, തിരുവാതിര, ഓണാഘോഷം, നവംബർ ഇരുപത്തിയഞ്ചിന് ആരാധനാ സ്വാതന്ത്ര്യദിനം, ഇടവ മാസത്തിലെ മകയിരം നാളിൽ പ്രതിഷ്ഠാദിനം, കന്നിമാസത്തിലെ ആയില്ല്യത്തിന് സർപ്പബലി, ചിങ്ങമാസത്തിലെ പൂരം നാളിൽ കേളപ്പജി ദിനാഘോഷം, കർക്കിടകമാസത്തിൽ രാമായണമാസാചരണം എന്നിവ നടന്നുവരുന്നു.

## 26. തീവയ്പ്പും ശക്തമായ പ്രതിഷേധങ്ങളും

ഹിന്ദുവിന്റെ അഭിമാനസ്തംഭമായി പ്രശോഭിക്കുന്ന അങ്ങാടിപ്പുറം തളിക്ഷേത്ര ഗോപുരത്തിന്റെ വാതിലിന് 2007 ആഗസ്റ്റ് 31 വെള്ളിയാഴ്ച പുലർച്ചെ 3 മണിയോടെ അക്രമികൾ തീവച്ചു. മൂന്നര മണിയോടെയാണ് ഗോപുരവാതിൽ കത്തുന്നത് വാച്ച്മാന്റെ ശ്രദ്ധയിൽപ്പെട്ടത്. ഉടനെത്തന്നെ അദ്ദേഹം കൂട്ടമണിയടിച്ചു. ഓടിയെത്തിയ നാട്ടുകാരും ഭക്തജനങ്ങളും ക്ഷേത്രഭാരവാഹികളും ചേർന്നു തീ അണച്ചതിനാൽ കൂടുതൽ ആപത്തുകൾ ഇല്ലാതായി.

അങ്ങാടിപ്പുറം തളി മഹാദേവക്ഷേത്ര ഗോപുരവാതിലിനു തീവച്ച ദിവസം തന്നെ മുതുവറ വിഷ്ണുക്ഷേത്രത്തിലേക്കും മക്കരപ്പറമ്പ് ആറങ്ങോട്ട് ശിവക്ഷേത്രത്തിലേക്കും സാമൂഹ്യ വിരുദ്ധർ മത്സ്യം വിതറി. പുലർച്ചെ പൂജയ്ക്കായി ശാന്തിക്കാർ എത്തിയപ്പോഴാണ് ക്ഷേത്രത്തിൽ മത്സ്യം വിതറിയതു കാണാൻ കഴിഞ്ഞത്.

ക്ഷേത്രങ്ങൾക്കു നേരെയുള്ള അക്രമങ്ങളെത്തുടർന്ന് ഭക്തജനങ്ങളും നാട്ടുകാരും, ക്ഷേത്രഭാരവാഹികളും ഹൈന്ദവ നേതാക്കളും അങ്ങാടിപ്പുറത്ത് തടിച്ചുകൂടി. ഭക്തരുടെ പ്രതിഷേധം ആളിപ്പടരാതിരിക്കാനും അനിഷ്ടസംഭവങ്ങൾ ഉണ്ടാവാതിരിക്കാനും അധികൃതർ പ്രത്യേകം ജഗരൂകരായി. മറ്റ് ആരാധനാലയങ്ങൾക്കു നേരെ അക്രമങ്ങൾ ഉണ്ടാവാതിരിക്കാൻ സുരക്ഷാനടപടികൾ സ്വീകരിച്ചു. അക്രമം നടത്തിയ സാമൂഹ്യ വിരുദ്ധരെ കണ്ടെത്താൻ ശക്തമായ അന്വേഷണം ആരംഭിച്ചു.

നിലവിലുള്ള സാമുദായിക സൗഹാർദ്ദം തകരാതിരിക്കാൻ ജില്ലയ്ക്കകത്തുനിന്നും പുറത്തുനിന്നും എല്ലാ വിഭാഗത്തിലും ഉള്ള സാമുദായിക നേതാക്കളും സാമൂഹിക-സാംസ്കാരിക നായകന്മാരും നാട്ടുകാരും ഓടിയെത്തി. ഹിന്ദു ഐക്യവേദി സെക്രട്ടറി കുമ്മനം രാജശേഖരൻ, മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ, ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് പി.കെ. കൃഷ്ണദാസ്, സി.പി. ജനാർദ്ദനൻ. വി.കെ. വിശ്വനാഥൻ, എൻ.എം. കദംബൻ നമ്പൂതിരിപ്പാട് തുടങ്ങിയവരെല്ലാം സംഭവമറിഞ്ഞ് ഓടിയെത്തി. എല്ലാവരും അക്രമങ്ങളെ ശക്തമായി അപലപിക്കുകയും മതസൗഹാർദ്ദം തകർക്കാനുള്ള ശ്രമങ്ങളെ ജനങ്ങൾ ഒറ്റക്കെട്ടായി നേരിടണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.



സംഭവം നടന്ന ദിവസം വൈകുന്നേരം ചേർന്ന സർവ്വകക്ഷിയോഗം അക്രമികളെ ഒറ്റപ്പെടുത്താൻ ആഹ്വാനം ചെയ്തു.

സാമൂഹ്യ സൗഹാർദ്ദം തകരുന്ന വിധത്തിലുള്ള അതിരു കടന്ന പ്രസ്താവനകളോ, വെല്ലുവിളികളോ റോഡുതടയുന്നതടക്കമുള്ള സമരമുറകളോ ആരുടെയും ഭാഗത്തുനിന്ന് ഉണ്ടായില്ല. സമചിത്തതയോടെ പ്രശ്നം കൈകാര്യം ചെയ്ത അധികൃതരും നാട്ടുകാരും ഭക്തജനങ്ങളും ഹൈന്ദവ നേതാക്കളും കൂടുതൽ അനിഷ്ടസംഭവങ്ങൾ ഇല്ലാതാക്കാൻ ഇടയാക്കി. അക്രമികളെ എത്രയും പെട്ടെന്നു കണ്ടെത്തി നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ പോലീസും അധികൃതരും ശ്രമിക്കണമെന്നും ആരാധനാലയങ്ങളുടെ സംരക്ഷണത്തിന് കാര്യക്ഷമമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു.

### 1. മതസൗഹാർദ്ദ ദീപം കൊളുത്തിയ മലപ്പുറം

സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഉന്നതിയിൽ നിൽക്കുന്ന കേരളത്തിൽ ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തതാണ് മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം തളി മഹാദേവക്ഷേത്രത്തിൽ 2007 ആഗസ്റ്റ് 31 വെള്ളിയാഴ്ച പുലർച്ചെ 3 മണിക്കും 4 മണിക്കും ഉള്ളിൽ സംഭവിച്ചത്. ആരാധനാലയങ്ങൾക്കു നേരെ നടക്കുന്ന അക്രമങ്ങൾ ചെറുതായി കണേണ്ടവയല്ല. കേവലം വസ്തുവകകൾക്കുണ്ടാകുന്ന നാശം എന്നതിലുപരി വിശ്വാസങ്ങൾക്കു മേൽ ഏൽക്കുന്ന പോറലുകളാണവ. മുറിവ് പറ്റിയാൽ ഉണങ്ങാൻ കാലതാമസം ഉണ്ടാകും. അങ്ങാടിപ്പുറത്ത് തളി മഹാദേവ ക്ഷേത്രത്തിലും മുതുവറ വിഷ്ണുക്ഷേത്രത്തിലും മക്കരപ്പറമ്പ് ആറങ്ങോട്ട് ശിവക്ഷേത്രത്തിലും സാമൂഹ്യവിരുദ്ധർ ലക്ഷ്യമിട്ടതും അതു തന്നെയായിരുന്നു. ക്ഷേത്രമതിലിനകത്തേക്ക് രണ്ടിടത്തു മത്സ്യം വലിച്ചെറിഞ്ഞു. ഇത് മൂന്നും നടന്നത് ഒരേ സമയത്താണ്.

വെള്ളിയാഴ്ച പുലർച്ചെ മൂന്നര മണിയോടെയാണ് തളിക്ഷേത്രത്തിൽ ഗോപുരവാതിൽ കത്തുന്നത് വാച്ച്മാന്റെ ശ്രദ്ധയിൽപ്പെട്ടത്. കൂട്ടമണി അടിച്ചതിനെത്തുടർന്ന് ഓടിയെത്തിയ നാട്ടുകാരും യാത്രക്കാരും ക്ഷേത്രകമ്മിറ്റി ഭാരവാഹികളും ചേർന്നു തീ അണച്ചു. പുലർച്ചെ പൂജയ്ക്കായി ശാന്തിക്കാർ എത്തിയപ്പോഴാണ് മുതുവറയിലും, ആറങ്ങോട്ടും മത്സ്യം വിതറിയതു കണ്ടെത്തിയത്.





മതസൗഹാർദ്ദത്തിന്റെ മാതൃകാ കേന്ദ്രമായി പ്രസിദ്ധിയാർജി ച്ചതാണ് തളിക്ഷേത്രവും സമീപമുള്ള നിസ്ക്കാരപ്പള്ളിയും. ഒരു മതിലിന്റെ മാത്രം അകലത്തിൽ നിൽക്കുന്നതാണ് ഈ ആരാധ നാസ്വാതന്ത്ര്യത്തിന്റെ പ്രതീകങ്ങൾ. (ഈ മുഖപ്രസംഗം എഴുതിയ ആൾക്ക് തളി സമരത്തെക്കുറിച്ചോ വിഷവൈദ്യശാല നിസ്കാരപ്പ ള്ളിയായ കഥയോ അറിയുക ഉണ്ടാവില്ല). അങ്ങാടിപ്പുറത്ത് മത സൗഹാർദ്ദം തകർക്കാൻ നേരത്തേയും ശ്രമങ്ങളുണ്ടായിരുന്നു. മത ഭേദമന്യേ നാട്ടുകാർ ഒന്നിച്ചു നിന്നാണ് അത്തരം ശ്രമങ്ങൾ പരാ ജയപ്പെടുത്തിയത്. ഇത്തവണയും സൗഹാർദ്ദത്തിന്റെയും സഹി ഷ്ണുതയുടെയും വാതിലുകൾ തുറന്നുവെക്കാൻ സവിശേഷ ശ്രദ്ധ യുണ്ടായി.


## 2. ഗോപുരവാതിൽ കത്തിനശിച്ച സംഭവം

### 500 പേരെ ചോദ്യം ചെയ്തു

അങ്ങാടിപ്പുറം തളിക്ഷേത്രത്തിന്റെ ഗോപുരവാതിൽ തീ കത്തി നശിച്ച സംഭവത്തെപ്പറ്റി അന്വേഷണം ശക്തമാക്കി. അഞ്ഞൂറോളം പേരെ ചോദ്യം ചെയ്തു. സംഭവം നടന്ന 31നു രാത്രി ഇതുവഴി കടന്നുപോയ വാഹനങ്ങളെപ്പറ്റി കിട്ടാവുന്ന വിവരങ്ങളെല്ലാം പോലീസ് ശേഖരിച്ചു. വർഗ്ഗീയ സംഘർഷം ഉണ്ടാക്കാനുള്ള ബോധ പൂർവ്വമായ ശ്രമമാണ് നടക്കുന്നതെന്ന ആശങ്കയും ഉയർന്നിട്ടുണ്ട്. വിവിധ മതനേതാക്കളും രാഷ്ട്രീയ നേതാക്കളും മറ്റും അതുകൊ ണ്ടുതന്നെ വളരെയധികം കരുതലോടെയാണ് സംഭവത്തെപ്പറ്റി പ്രതി കരിക്കുന്നത്. തളിക്ഷേത്രത്തിനു പുറമേ ഇതിനടുത്തായി ഉള്ള രണ്ടു ക്ഷേത്രങ്ങളുടെ പരിസരത്ത് മത്സ്യം വിതറിയ സംഭവവും പോലീസ് ഗൗരവമായി അന്വേഷിച്ചു വരികയാണ്.

## 3. 'തളിക്ഷേത്ര പ്രതികളെ പിടികൂടണം'

തളിക്ഷേത്ര കവാടം കത്തിനശിച്ച സംഭവത്തിൽ മൂന്ന് ദിവസ മായിട്ടും പ്രതികളെ പിടികൂടാത്തതിൽ കേരള ക്ഷേത്ര സംരക്ഷണ സമിതി ജില്ലാ കമ്മിറ്റി ആശങ്ക രേഖപ്പെടുത്തി. ഹൈന്ദവ ജനത യുടെ ദുഃഖത്തിൽ പങ്കുചേർന്ന വിവിധ മതവിഭാഗങ്ങളോടും രാഷ്ട്രീയ നേതാക്കളോടും സമിതി നന്ദി രേഖപ്പെടുത്തി. 4ന് ക്ഷേത്ര ത്തിൽ നടക്കുന്ന നാമജപയജ്ഞത്തിൽ എല്ലാ ഭക്തജനങ്ങളും പങ്കെടുക്കണമെന്ന് യോഗം അഭ്യർത്ഥിച്ചു. 8ന് എല്ലാ ഗ്രാമക്ഷേത്ര



ഗോപുരവാതിൽ കത്തിച്ചതിനെതിരെയുള്ള ഭക്തജനങ്ങളുടെ
പ്രതിഷേധത്തിന്റെ ദൃശ്യങ്ങൾ





ങ്ങളിലും ക്ഷേത്ര ധ്വംസന ശ്രമങ്ങൾക്കെതിരെ നാമജപയജ്ഞം നടത്തുവാനും 13നു തളിക്ഷേത്രത്തിൽ അഖണ്ഡനാമജപയജ്ഞം നടത്തുവാനും ജില്ലാ കമ്മിററി ആഹ്വാനം ചെയ്തു. യോഗത്തിൽ എം.കെ. അരവിന്ദാക്ഷൻ അദ്ധ്യക്ഷത വഹിച്ചു. എൻ.എം. കദംബൻ നമ്പൂതിരിപ്പാട് മുഖ്യപ്രഭാഷണം നടത്തി. എൻ.സി.വി. നമ്പൂതിരി, ഭാസ്കരൻ, സി.പി. സുരേഷ് ബാബു, എം. കൃഷ്ണപ്രഗീഷ് എന്നിവർ പ്രസംഗിച്ചു.

## 4. മന്ത്രിമാരുടെ സന്ദർശനം

അങ്ങാടിപ്പുറം തളിക്ഷേത്രത്തിന്റെ ഗോപുരവാതിൽ കത്തിച്ച സാമൂഹ്യവിരുദ്ധരെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് വളാഞ്ചേരിയിൽ ചേർന്ന പട്ടികജാതി മോർച്ച ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് കെ. മണികണ്ഠൻ അദ്ധ്യക്ഷത വഹിച്ചു. ഐ.പി. ശിവദാസൻ, എൻ. സുബ്രഹ്മണ്യൻ, പി.ടി. രാമകൃഷ്ണൻ, കുഞ്ഞാമ്പു എന്നിവർ പ്രസംഗിച്ചു.

തളിക്ഷേത്ര ഗോപുര തീവെയ്പ്പ് സംഭവത്തിന്റെ ഗൗരവം മനസ്സിലാക്കി ഇടതുപക്ഷ സർക്കാരിലെ മന്ത്രിമാർ തളിക്ഷേത്രം സന്ദർശിച്ചു സ്ഥിതിഗതികൾ വിലയിരുത്തി. അങ്ങാടിപ്പുറം തളിക്ഷേത്രത്തിന്റെ ഗോപുരവാതിൽ തകർത്ത സംഭവത്തെ സംയമനത്തോടെ ഒന്നിച്ചു നിന്നെതിർത്ത ജനങ്ങളുടെ നടപടി സംസ്ഥാനത്തിനു തന്നെ മാതൃകയാണെന്ന് മന്ത്രി പാലൊളി മുഹമ്മദ് കുട്ടി പറഞ്ഞു. ക്ഷേത്രം സന്ദർശിച്ച ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ദേവസ്വം മന്ത്രി സുധാകരൻ തളി ക്ഷേത്രം സന്ദർശിച്ചു. ക്ഷേത്രങ്ങളിലെ മോഷണവും ധ്വംസനവും തടയുന്നതിനുള്ള പോലീസിന്റെ പ്രത്യേക വിഭാഗമായ ആന്റി ടെമ്പിൾ തെഫ്റ്റ് സ്ക്വാഡ് പുനരുജ്ജീവിപ്പിക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും പറയാൻ മന്ത്രി സുധാകരൻ തയ്യാറായില്ല. അങ്ങാടിപ്പുറം തളിക്ഷേത്രം സന്ദർശിച്ച ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുന്നതിനു മുൻപായി അദ്ദേഹം മൊബൈൽ ഫോണിൽ ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണനുമായി ബന്ധപ്പെട്ട് ഇവിടത്തെ സ്ഥിതിഗതികൾ കോടിയേരിയെ ധരിപ്പിക്കുന്നതിനിടയിൽ ആന്റി ടെമ്പിൾ തെഫ്റ്റ് സ്ക്വാഡും പരാമർശിക്കപ്പെട്ടു. ജില്ലാ പോലീസ് സൂപ്രണ്ടുമാരുടെ കീഴിൽ പ്രത്യേക വിഭാഗമായിരുന്ന ഈ സ്ക്വാഡ് പിന്നീട് ജില്ലകളിലെ ഡി.സി.സി.ആർ.ബിയിലേക്കു

മാറ്റിയതോടെ പ്രവർത്തനരഹിതമായി. തളിക്ഷേത്ര സംഭവത്തിന്റെ പശ്ചാത്തലത്തിൽ ഈ സ്ക്വാഡ് പുനരുജ്ജീവിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെടുത്തി. 'സ്ക്വാഡ് പുനരുജ്ജീവിപ്പിക്കുമെന്ന് ഞാൻ ഇവിടെ പറഞ്ഞോട്ടെ'യെന്ന് മന്ത്രി സുധാകരൻ ഫോണിൽ കോടിയേരിയോട് ചോദിച്ചു. അപ്പുറത്തുനിന്നു മറുപടി എന്തായിരുന്നുവെന്ന് വ്യക്തമായില്ല. വാർത്താസമ്മേളനത്തിൽ ഇത് സംബന്ധിച്ചുള്ള ചോദ്യത്തിന് മന്ത്രി സുധാകരൻ വ്യക്തമായ മറുപടിയൊന്നും പറഞ്ഞില്ല.

## 5. മലപ്പുറം ജില്ല മാഫിയകളുടെ പിടിയിൽ

തളിക്ഷേത്ര സംഭവത്തെക്കുറിച്ചുള്ള അന്വേഷണം സി.ബി.ഐ.യെ ഏൽപ്പിക്കണം. എന്നാൽ മാത്രമേ ഇതിനു പിന്നിലെ ഗൂഢാലോചന വെളിച്ചത്ത് വരികയുള്ളൂ എന്ന് എൻ.സി.പി. വൈസ് പ്രസിഡന്റ് എം.പി. ഗംഗാധരൻ പറഞ്ഞു. കരിപ്പൂർ വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവളം ആയതോടെ ജില്ല മാഫിയകളുടെ പിടിയിലായിരിക്കുകയാണ്. മതസൗഹാർദ്ദം തകർക്കാനുള്ള ശക്തികൾക്കാവശ്യമായ പണം ഒഴുക്കുന്നത് ഇത്തരം മാഫിയകളാണ്.

ബോധപൂർവ്വം കുഴപ്പം ഉണ്ടാക്കുന്ന രാജ്യദ്രോഹികളാണ് തളിയിലുണ്ടായതുപോലുള്ള സംഭവങ്ങൾ ചെയ്യുന്നത്. ഇവർക്കെതിരെ സമൂഹം ഒന്നായി ജാഗ്രത കാണിക്കണമെന്നു ദേവസ്വം മന്ത്രി ജി. സുധാകരൻ വ്യക്തമാക്കി. തളി ക്ഷേത്രസംരക്ഷണസമിതിഭാരവാഹികളായ എൻ.എം. കദംബൻ നമ്പൂതിരി, പാർത്ഥസാരഥി, പി.വി. ശശിധരൻ എന്നിവരുമായും ദേവസ്വം മന്ത്രി ജി. സുധാകരൻ ചർച്ച നടത്തി. ജില്ലാ കലക്ടർ സുമന എൻ. മേനോൻ, ആർ.ഡി.ഒ. ടി.ടി. വിജയകുമാർ, ജില്ലാ പോലീസ് സൂപ്രണ്ട് പി. വിജയൻ, ഡി.വൈ.എസ്.പി. എം.ആർ. മണിയൻ എന്നിവരും സന്നിഹിതരായിരുന്നു. സി.പി.ഐ.എം. ജില്ലാ സെക്രട്ടേറിയറ്റ് അംഗം സി. ദിവാകരൻ, ഏരിയ സെക്രട്ടറി എൻ.പി. ഉണ്ണികൃഷ്ണൻ, ഏരിയാ കമ്മിറ്റി അംഗങ്ങളായ കെ.ടി സെയ്ത്, എ. ഹരി, പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ടി.കെ. റഷീദലി എന്നിവരോടൊപ്പമാണ് മന്ത്രി സ്ഥലം സന്ദർശിച്ചത്. സി.പി.എം. ഏരിയ സെക്രട്ടറി എൻ.പി. ഉണ്ണികൃഷ്ണൻ, പെരിന്തൽമണ്ണ നഗരസഭാ ചെയർമാൻ സി. ദിവാകരൻ, മലബാർ ദേവസ്വം എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി എ. വേണുഗോപാലൻ എന്നിവരും മന്ത്രിയോടൊപ്പം ഉണ്ടായിരുന്നു.



## 6. വിവിധ നേതാക്കളുടെ ക്ഷേത്രസന്ദർശനം

തളിക്ഷേത്ര ഗോപുരവാതിൽ തീവച്ചു നശിപ്പിച്ച വാർത്തയറിഞ്ഞ് മന്ത്രിമാർക്കു പുറമെ പ്രതിപക്ഷ നേതാവും മറ്റു രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക നേതാക്കളും ക്ഷേത്രത്തിലോടിയെത്തി സംഭവ വികാസങ്ങൾ മനസ്സിലാക്കുകയും അനിഷ്ടസംഭവങ്ങൾ ഉണ്ടാവാതിരിക്കാൻ പരിശ്രമിക്കുകയും ചെയ്തു. പ്രതിപക്ഷനേതാവിന്റെയും മറ്റു യു.ഡി.എഫ്. നേതാക്കളുടെയും രാഷ്ട്രീയത്തിനതീതമായ തളിക്ഷേത്ര നിലപാടുകളെ ഇടതുപക്ഷ മന്ത്രിമാർ അഭിനന്ദിക്കുകയുണ്ടായി. കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തല, കോൺഗ്രസ് നേതാവ് എം.എം. ഹസ്സൻ തുടങ്ങിയവരും ക്ഷേത്രം സന്ദർശിച്ചു. ക്ഷേത്ര ഭാരവാഹികളെയും ഭക്തജനങ്ങളെയും സമാശ്വസിപ്പിക്കുകയും അക്രമികളെ ഉടനെ പിടികൂടണമെന്ന് ആവശ്യപ്പെടുകുയം ചെയ്തു.

അങ്ങാടിപ്പുറം തളി മേഹാദേവക്ഷേത്ര ഗോപുരവാതിൽ സാമൂഹ്യ വിരുദ്ധർ കത്തിച്ച സംഭവം അപലപനീയമാണെന്ന് വി. ശശികുമാർ എം.എൽ.എ. അഭിപ്രായപ്പെട്ടു. മതസൗഹാർദ്ദവും സമാധാനാന്തരീക്ഷവും ആഗ്രഹിക്കുന്ന മുഴുവൻ ആളുകളെയും ആശങ്കയിലാഴ്ത്തുന്ന ചെയ്തികളാണിത്. ഇതിനുത്തരവാദികളായവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ പോലീസ് നടപടികൾ സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അങ്ങാടിപ്പുറത്തും പരിസരത്തും സമാധാനാന്തരീക്ഷം കാത്തുസൂക്ഷിക്കാൻ നല്ലവരായ മുഴുവൻ ആളുകളെയും രംഗത്ത് വരുത്തണമെന്നും എം.എൽ.എ. ആവശ്യപ്പെട്ടു.

## 7. ശക്തമായ പ്രതിഷേധങ്ങൾ

തളിക്ഷേത്ര ഗോപുരവാതിൽ തീവെച്ചു നശിപ്പിച്ചതിനെതിരെ ശക്തമായ പ്രതിഷേധങ്ങളാണ് നാടെങ്ങും അലയടിച്ചത്. തളി ക്ഷേത്ര വാതിൽ കത്തിനശിച്ച സംഭവത്തിൽ ജനതാദൾ (എസ്) പെരിന്തൽമണ്ണ നിയോജകമണ്ഡലം കമ്മിറ്റി പ്രതിഷേധിച്ചു. പ്രതികളെ ഉടൻ പിടികൂടി നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്ന് യോഗം ആവശ്യപ്പെട്ടു. എം. ചോഴി അദ്ധ്യക്ഷനായിരുന്നു. യുവജനതാദൾ സംസ്ഥാന പ്രസിഡന്റ് സബാഹ് പുൽപ്പറ്റ, കെ.പി. സന്തോഷ്, വി.കെ. മുഹമ്മദ് കുട്ടി എന്നിവർ പ്രസംഗിച്ചു.

അങ്ങാടിപ്പുറം തളി ക്ഷേത്രം എസ്.കെ.എസ്.എസ്.എഫ് സംസ്ഥാന നേതാക്കൾ സന്ദർശിച്ചു. ജനറൽ സെക്രട്ടറി നാസർ ഫൈസി കൂടത്തായി, വൈസ് പ്രസിഡന്റ് ആനമങ്ങാട് മുഹമ്മദ് കുട്ടി ഫൈസി, അബ്ദുറസാഖ് ബുസ്താനി, സത്താർ പന്തല്ലൂർ, ഷെമീർ മേലാക്കം എന്നിവർ സംഘത്തിലുണ്ടായിരുന്നു. ക്ഷേത്ര സംരക്ഷണ സമിതി ജില്ലാ പ്രസിഡന്റ് അരവിന്ദാക്ഷൻ, എൻ.സി. വി. നമ്പൂതിരി, ഭാസ്കരൻ, ശിവദാസൻ തുടങ്ങിയവർ നേതാക്കളെ സ്വീകരിച്ചു.

പെരിന്തൽമണ്ണ ലൂർദ് മാതാ ദേവാലയ വികാരി ഫാദർ മാർട്ടിൻ എലത്തിപ്പറമ്പിന്റെ നേതൃത്വത്തിൽ ഇടവകയിലെ വിവിധ സംഘടനാ നേതാക്കളും സിസ്റ്റർമാരും തളിക്ഷേത്രം സന്ദർശിച്ചു.


ഗോപുരവാതിൽ തീവച്ച് നശിപ്പിച്ച സംഭവത്തിൽ ഇടവക വികാരിയും മറ്റും അപലപിച്ചു. തളിക്ഷേത്ര വാതിൽ തീകത്തിയ സംഭവത്തിൽ സി.ബി.ഐ അന്വേഷണം നടക്കണമെന്ന് മുൻ മന്ത്രിയും എൻ.സി.പി. അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗവുമായ എം.പി. ഗംഗാധരൻ ആവശ്യപ്പെട്ടു.

കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തല ക്ഷേത്രം സന്ദർശിച്ചു. കെ.പി.സി.സി. ജനറൽ സെക്രട്ടറി എം.കെ. രാഘവൻ, ഡി.സി.സി. പ്രസിഡന്റ് യു. അബൂബക്കർ, കെ.പി.സി.സി. സെക്രട്ടറിമാരായ കെ.പി. അബ്ദുൾ മജീദ്, വി.വി. പ്രകാശ്, പി.ടി. അജയ് മോഹൻ, നിർവ്വാഹക സമിതി അംഗം ഇ. മുഹമ്മദ് കുഞ്ഞി, കെ. പി.സി.സി. അംഗം സേതുമാധവൻ, ഡി.സി.സി. സെക്രട്ടറിമാരായ വി.എം. കരീം, രാധാകൃഷ്ണൻ മാസ്റ്റർ, അഡ്വ. ബെന്നി തോമസ്, പി.സി. മരക്കാറലി, ഐ.എൻ.ടി.യു.സി. ജില്ലാ പ്രസിഡന്റ് ടി. സദാശിവൻ, കർഷക കോൺഗ്രസ് ജില്ലാ ജനറൽ സെക്രട്ടറി പുള്ളിശ്ശേരി അബ്ദുൾ റഹ്മാൻ, സമദ് മങ്കട, സക്കീർ ഹുസൈൻ എന്നിവരും രമേശ് ചെന്നിത്തലയോടൊപ്പം ഉണ്ടായിരുന്നു. ആരാധനാലയങ്ങളുടെ സുരക്ഷിതത്വം ഉറപ്പു വരുത്താൻ സർക്കാർ തയ്യാറാകണമെന്ന് കെ.പി.സി.സി. ജനറൽ സെക്രട്ടറി എം.കെ. രാഘവൻ പറഞ്ഞു.


മലപ്പുറത്തെ സൗഹൃദാന്തരീക്ഷം തകർക്കാൻ അനുവദിക്കുകയില്ലെന്ന് പുരോഗമന കലാസാഹിത്യ സംഘം പ്രത്യേക ജില്ലാ




## തളി ക്ഷേത്രത്തിൽ 30 വർഷത്തിലധികമായി സേവനമനുഷ്ഠിച്ച ജീവനക്കാർ



*സി.വി. ബാലകൃഷ്ണൻ (ക്ലർക്ക്)*



*വി.കെ. ഉണ്ണികൃഷ്ണൻ നമ്പൂതിരി (ശാന്തി)*



*എം. നാരായണൻ നമ്പീശൻ (കഴകം)*

കൺവെൻഷൻ വ്യക്തമാക്കി. സംസ്ഥാന സെക്രട്ടറി സി.ആർ. ദാസ് സംസാരിച്ചു. സമൂഹത്തിൽ ഛിദ്രങ്ങൾ വിളയാടുന്നുവെന്നും ബോധപൂർവ്വം സമൂഹത്തിൽ കുഴപ്പമുണ്ടാക്കുന്ന സമൂഹ വിരുദ്ധ ശക്തികൾ സജീവമായി ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെടുന്നതാണ് തളി സംഭവമെന്നും സി.പി.ഐ.എം. കേന്ദ്ര കമ്മിറ്റി അംഗം എ. വിജയരാഘവൻ എം.പി. അഭിപ്രായപ്പെട്ടു. തീവെയ്ക്കപ്പെട്ട അങ്ങാടിപ്പുറം തളി മഹാദേവക്ഷേത്ര ഗോപുരം സന്ദർശിച്ച ശേഷം പത്രലേഖകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. മതസൗഹാർദ്ദം നിലനിൽക്കുന്നതും ഛിദ്രവാസന ഏശാത്തതുമായ പ്രദേശങ്ങളിൽ ബോധപൂർവം കുഴപ്പമുണ്ടാക്കുകയാണ് ഇക്കൂട്ടരുടെ ലക്ഷ്യം. ജനങ്ങൾ ജാഗ്രത പുലർത്തിയതുകൊണ്ട് ഇവരുടെ ലക്ഷ്യം നിറവേറിയില്ല. പോലീസും നാട്ടുകാരും ഒരുപോലെ ഉണർന്നു പ്രവർത്തിച്ച് ഇത്തരം ഛിദ്രശക്തികളുടെ പ്രവർത്തനം ആവർത്തിക്കാതിരിക്കാൻ സമൂഹം ഒറ്റക്കെട്ടായി നിലനിൽക്കണമെന്നും വിജയരാഘവൻ പറഞ്ഞു. വി. ശശികുമാർ എം.എൽ.എ യോടൊപ്പമാണ് അദ്ദേഹം സംഭവസ്ഥലം സന്ദർശിച്ചത്. സി.പി.ഐ.എം. ഏരിയാ സെക്രട്ടറി എൻ.പി. ഉണ്ണികൃഷ്ണൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വക്കേറ്റ് ടി.കെ. റഷീദലി, ബ്ലോക്ക് പഞ്ചായത്ത് അംഗം കെ.ടി. നാരായണൻ എന്നിവരും സന്നിഹിതരായിരുന്നു.

തളിക്ഷേത്ര ഗോപുരവാതിൽ സാമൂഹ്യവിരുദ്ധർ തീവച്ചതിനോടനുബന്ധിച്ചു നടന്ന സംഭവ വികാസങ്ങൾ ഹൈന്ദവ ജനതയുടെ ഉയർത്തെഴുന്നേൽപ്പിനെയാണ് വ്യക്തമാക്കുന്നത്. അര നൂറ്റാണ്ടു മുൻപ് തളിക്ഷേത്ര പുനരുദ്ധാരണം ആരംഭിച്ചപ്പോൾ ഭരണകൂടവും സംഘടിത മതസ്ഥരും അതിനെ അടിച്ചമർത്താനാണ് ശ്രമിച്ചത്. എന്നാൽ ഇന്ന് ഏതു വെല്ലുവിളികളെയും നേരിടാൻ ഹിന്ദു സമാജം ശക്തമായെന്നു മനസ്സിലാക്കിയപ്പോൾ ഭരണകൂടവും സംഘടിത മതസ്ഥരും പ്രതിപക്ഷവും നിരീശ്വരവാദികളും എല്ലാം ഹിന്ദുക്കളുടെ പിന്നിൽ അണിനിരന്നു. ഞാൻ മുൻപേ, ഞാൻ മുൻപേ എന്ന രീതിയിലാണ് ഓരോരുത്തരും തളിക്ഷേത്രം സന്ദർശിക്കാനും ഭക്തജനങ്ങളെയും ക്ഷേത്ര ഭാരവാഹികളെയും സമാധാനിപ്പിക്കാനും അക്രമികളെ എത്രയും വേഗം പിടികൂടി മാതൃകാപരമായി ശിക്ഷിക്കണമെന്ന് ആവശ്യപ്പെടാനും മുന്നോട്ടു വന്നത്. കലങ്ങിയ വെള്ളത്തിൽ മീൻപിടിച്ച് രാഷ്ട്രീയ നേട്ടമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ ഭരണകൂടത്തിനെതിരെ ജനങ്ങളെ തിരിച്ചു വിടാനാണ് പ്രതിപക്ഷം ശ്രമിക്കാറ്. എന്നാൽ ഇവിടെ പ്രതിപക്ഷവും അതിനു തയ്യാറായില്ല. 1968ലെ ഹിന്ദുവല്ല, 2007ൽ എന്ന് എല്ലാവരും തിരിച്ചറിഞ്ഞു. തളി സംഭവത്തിനു പിന്നിൽ തീവ്രവാദികളുടെ കൈ ഉണ്ടെന്ന് അധികൃതർ സംശയിച്ചിരുന്നുവെങ്കിലും അതു തെളിയിക്കാനോ അക്രമികളെ പിടികൂടാനോ ഇതുവരെ സാധിച്ചില്ലെന്നത് ലജ്ജാകരം തന്നെ.

## 8. ഗോപുരവാതിൽ പുനർനിർമ്മിച്ചു

സാമൂഹ്യ വിരുദ്ധർ തീ വച്ചു നശിപ്പിച്ച തളിക്ഷേത്ര ഗോപുരവാതിൽ പൂർവ്വാധികം ഭംഗിയോടെ പുനർനിർമ്മിക്കുകയുണ്ടായി. അഞ്ചു ലക്ഷം രൂപയോളം അതിനു ചെലവ് വന്നു. 2007 സെപ്തംബർ 3ന് മാതൃഭൂമി മാനേജിംഗ് ഡയറക്ടർ തളിക്ഷേത്രം സന്ദർശിക്കുകയും ക്ഷേത്ര ഗോപുരവാതിൽ പുനർനിർമ്മിക്കുന്നതിനാവശ്യമുള്ള സാമ്പത്തിക സഹായം നൽകാമെന്ന് വ്യക്തമാക്കുകയും ചെയ്തു. തളിക്ഷേത്രം ഇന്ന് ഹിന്ദുവിന്റെ അഭിമാനസ്തംഭമായി വിരാജിക്കുന്നു.



# 27. ദഹനപ്രായശ്ചിത്തവും ദ്രവ്യകലശവും

അങ്ങാടിപ്പുറം ശ്രീ തളി മഹാദേവക്ഷേത്രത്തിൽ ഗോപുരവാതിൽ തീവെച്ച് നശിപ്പിക്കൽ തുടങ്ങിയ അനിഷ്ടസംഭവങ്ങൾ നടന്നതിന്റെ പശ്ചാത്തലത്തിൽ 2008 ജൂലായ് 4, 5, 6 തീയതികളിൽ ശ്രീ മുല്ലപ്പള്ളി നാരായണൻ നമ്പൂതിരി, ആമയൂർ വേണുഗോപാലപ്പണിക്കർ, അങ്ങാടിപ്പുറം വേലായുധപ്പണിക്കർ എന്നിവരുടെ നേതൃത്വത്തിൽ ഒരു അഷ്ടമംഗല്യപ്രശ്നം നടത്തുകയുണ്ടായി. ഒരു കാലത്തും നശിക്കാത്ത അതിവിശിഷ്ടമായ ചൈതന്യകലകൾ അന്തർലീനമായ ഈ സങ്കേതം മറ്റു ശിവാലയങ്ങളിൽനിന്നു വളരെ വ്യത്യസ്തമാണെന്ന് പ്രശ്നചിന്തയിൽ കാണുകയുണ്ടായി.

പ്രശ്നവശാൽ നിർദ്ദേശിക്കപ്പെട്ട പരിഹാരകർമങ്ങൾ എല്ലാം ചെയ്യുകയുണ്ടായി. 2010 ജനുവരി 6 മുതൽ 11 കൂടിയുള്ള 6 ദിവസങ്ങളിലായി ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ അണ്ടലാടി ശങ്കരൻ നമ്പൂതിരിപ്പാടിന്റെ മുഖ്യകാർമികത്വത്തിൽ ദ്രവ്യകലശവും ദഹനപ്രായശ്ചിത്തവും നടക്കുകയുണ്ടായി. ഈ താന്ത്രിക ക്രിയകൾക്ക് 5 ലക്ഷത്തിലേറെ രൂപ ചെലവായി.

കേരളത്തിലെ, പ്രത്യേകിച്ചു മലബാറിലെ ക്ഷേത്രാധിഷ്ഠിതമായ ഹൈന്ദവ നവോത്ഥാനത്തിനു പ്രചോദനമായിട്ടുള്ള അങ്ങാടിപ്പുറം ശ്രീ തളി മഹാദേവ ക്ഷേത്ര ചൈതന്യവർധനവിന് ഈ താന്ത്രിക കർമ്മങ്ങൾ വലിയ പങ്കാണു വഹിച്ചത്. പരിഹാര കർമ്മങ്ങളോട് അനുബന്ധിച്ച് ആചാര്യവരണം, മുളയിടൽ, പ്രാസാദശുദ്ധി, ഗണപതിഹോമം, മുളപൂജ, പ്രോക്തഹോമം, ബിംബശുദ്ധി, കലശപൂജ, കലശാഭിഷേകം, ഹോമകലശാഭിഷേകം, സ്ഥലശുദ്ധി, പ്രായശ്ചിത്തശാന്തി, അത്ഭുതശാന്തി ഹോമങ്ങൾ, തത്ത്വഹോമം, തത്ത്വകലശപൂജ, പരികലശാഭിഷേകം, ബ്രഹ്മകലശാഭിഷേകം, ശ്രീഭൂതബലി തുടങ്ങിയവ നടക്കുകയുണ്ടായി. ഇതോടെ ക്ഷേത്രത്തിനും ദേവനും ഭക്തജനങ്ങൾക്കും ഐശ്വര്യവും ഉണർവും ഉത്സാഹവും കൈവരികയുണ്ടായി. ഭഗവാൻ കൂടുതൽ പ്രസന്നനായി ഭക്തജനങ്ങളുടെ എല്ലാ അഭീഷ്ടങ്ങളും സാധിപ്പിച്ചുവരുന്നു.

## 28. മഹാരുദ്രയജ്ഞം

ചരിത്രപ്രസിദ്ധമായ അങ്ങാടിപ്പുറം ശ്രീ തളി മഹാദേവ ക്ഷേത്രത്തിലെ പുനരുദ്ധാരണ പ്രവർത്തനത്തിന്റെ ഭാഗമായി ക്ഷേത്രശ്രീകോവിലും മുഖമണ്ഡപവും ചെമ്പു തകിട് പൊതിയുന്ന പണി പൂർത്തിയാക്കുകയുണ്ടായി. ക്ഷേത്ര ശ്രീകോവിലിന്റെയും മുഖമണ്ഡപത്തിന്റെയും സമർപ്പണവും ദ്രവ്യകലശവും 2014 ഫിബ്രുവരി 14, 15 തീയതികളിൽ നടക്കുകയുണ്ടായി.

2014 ഫിബ്രവരി 16 മുതൽ 26 വരെ ശ്രീ തളി മഹാദേവ ക്ഷേത്രത്തിൽവെച്ച് മഹാരുദ്രയജ്ഞം നടക്കുകയുണ്ടായി.

"ദൈവാധീനം ജഗത്സർവം

മന്ത്രാധീനം തു ദൈവതം"

ലോകം മുഴുവൻ ദൈവത്തിനധീനമാണ്. ആ ദൈവമാകട്ടെ മന്ത്രങ്ങൾക്ക് അധീനവുമാണ്. അനാദികാലം മുതൽക്ക് നാദപ്രപഞ്ചത്തിന്റെ പ്രത്യേകത മനസ്സിലാക്കിയ ഋഷിവര്യന്മാർ നിരന്തരമായി നടത്തിയ ധ്യാന മനനങ്ങളുടെ അനന്തരഫലമായാണ് വേദമന്ത്രങ്ങൾ നമുക്കു ലഭിച്ചത്. അവയുടെ ശക്തി നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതിലും എത്രയോ അപ്പുറത്താണ്.

വേദമന്ത്രങ്ങളിൽ അത്യുത്തമമായ മഹാമന്ത്രമാണ് "ശ്രീരുദ്രം". വേദശാഖയായ കൃഷ്ണയജുർവേദ തൈത്തിരീയ സംഹിതയിൽ പ്രതിപാദിച്ചിട്ടുള്ള പ്രധാനമായ മഹാമന്ത്രമാണ് ശ്രീരുദ്രം. ഇതിൽ പതിനൊന്ന് അനുവാകങ്ങളാണ് ഉള്ളത്. ദുർലഭവും അതിവിശിഷ്ടവുമായ മനുഷ്യജന്മം ലഭിച്ചിട്ടും ശ്രേയസ്സുകൾ ലഭിക്കാത്ത കഷ്ടതകളും ദുഃഖങ്ങളും നാം അനുഭവിക്കുന്നു. ജഗന്നിയന്താവായ ശ്രീപരമേശ്വരനെ പ്രീതിപ്പെടുത്തി ദേവന്റെ അഭയം ലഭിക്കാനുള്ള പ്രാർഥനയാണ് ശ്രീരുദ്രത്തിലെ ഒന്നാം അനുവാകത്തിൽ പ്രതിപാദിക്കുന്നത്. രണ്ടു മുതൽ ഒൻപതുവരെയുള്ള അനുവാകങ്ങളിൽ സർവവ്യാപിയായ ഭഗവാന് അർപ്പിക്കപ്പെടുന്ന ധ്യാനനമസ്കാരാദികളെ പ്രതിപാദിക്കുന്നു. പത്തും പതിനൊന്നും അനുവാകങ്ങളിൽ ജല-വാത-ഭൂത-മൃത്യു-ജ്വരാദികളിൽനിന്നും നാനാവിധ ആഭിചാരങ്ങളിൽനിന്നും അഭയം ലഭിക്കുന്നതിനുള്ള പ്രാർഥനകളെയും നമസ്കാരങ്ങളെയും പ്രതിപാദിക്കുന്നു.





*തെക്കേമഠം മൂപ്പിൽ സ്വാമിയാർ ക്ഷേത്രത്തിൽ ദർശനം നടത്തുന്നു*

സർവവേദങ്ങളുടെയും അന്തഃസത്തയാണ് "ശ്രീരുദ്രം". മഹാമന്ത്രം സർവപാപനിവർത്തകവും സർവാഭീഷ്ടപ്രദവും ദിവ്യജ്ഞാനഹേതുവുമാണെന്ന് ശ്രുതി-സ്മൃതി-ഇതിഹാസ പുരാണങ്ങൾ പറയുന്നു. വേദപരാമൃഷ്ടമായ "ഹംസജ്യോതിസ്സ്" തന്നെയാണ് രുദ്രൻ. ശ്രീരുദ്രം ജപിക്കുന്ന ഭക്തൻ ദുർമാർഗങ്ങളിൽനിന്നു മുക്തനായിത്തീരുന്നു. ശ്രീരുദ്രം ജപിച്ചാൽ അമരത്വം ലഭിക്കുമെന്ന് യാജ്ഞവാൽക്യ മഹർഷി വ്യക്തമാക്കിയിട്ടുണ്ട്.

മനുഷ്യർക്ക് ആധ്യാത്മിക-ഭൗതിക-ദൈവിക നവനവജനിതതാപത്രയ നിവൃത്തിക്കും ജാതകവശാലും പ്രശ്നവശാലും ഉണ്ടാകുന്ന സർവദോഷപരിഹാരത്തിനുമുള്ള പ്രായശ്ചിത്ത കർമങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതാണ് "രുദ്രൈകാദശിനി" എന്ന മഹാപ്രായശ്ചിത്തം. പതിനൊന്നു ഋത്വിക്കുകൾ മഹാന്യാസ മന്ത്രം ജപിച്ച് രുദ്രമന്ത്രങ്ങളാൽ ഷോഡശോപചാര പൂജ ചെയ്ത് അർച്ചന, പ്രദക്ഷിണം, നമസ്കാരം എന്നിവ ചെയ്യുന്ന ക്രമമാണ് ഇതിനുള്ളത്. "ചവകാ"നുവാകം ജപിച്ചു പ്രാർത്ഥിച്ച് ശ്രീരുദ്രം മുഴുവനും ഒരാവർത്തിയും 'ചമക'ത്തിലെ ഓരോ അനുവാകത്തെയും ചേർത്തു ജപിച്ച് പതിനൊന്ന് ആവർത്തി പൂർത്തിയാകുമ്പോൾ ആകെ



ഒരുനൂറ്റി ഇരുപത്തൊന്ന് ആവർത്തി ജപം തികയുന്നു. ഇതനുസരിച്ചുള്ള വിധിപ്രകാരം ഹോമവും ചമക പ്രശ്നത്താൽ 'വസോർധാര'യും ചെയ്യുന്ന അത്യുത്തമ കർമ്മമാണ് "രുദ്രൈകാദശിനി."

ശ്രീരുദ്രൈകാദശിനയെത്തന്നെ പതിനൊന്നു പ്രാവശ്യം ആവർത്തിക്കുന്ന യജ്ഞത്തിന് അതിരുദ്രം എന്നു പറയുന്നു. അങ്ങാടിപ്പുറം തളി ക്ഷേത്രത്തിൽ തന്ത്രി ബ്രഹ്മശ്രീ അണ്ടലാടി ശങ്കരൻ നമ്പൂതിരിപ്പാടിന്റെ മുഖ്യകാർമ്മികത്വത്തിൽ 11 വേദപണ്ഡിതന്മാർ ചേർന്നാണ് മഹാരുദ്രയജ്ഞം നടത്തിയത്. എല്ലാ ദിവസവും 6 മണിക്ക് ആരംഭിച്ച അഭിഷേകം 10 മണിവരെ നീണ്ടുനിന്നിരുന്നു. അവസാന ദിവസം അഷ്ടഗന്ധം, ജലം, പാൽ, തൈര്, നെയ്യ്, തേൻ, പഞ്ചഗവ്യം, ചെറുനാരങ്ങാനീര്, ഇളനീർ, കരിമ്പിൻ നീര്, നല്ലെണ്ണ, പഞ്ചാമൃതം എന്നീ ദ്രവ്യങ്ങൾ കൊണ്ടുള്ള വിശേഷ കലശധാരയും നടന്നിരുന്നു.





ശൈവപ്രീതിക്കുവേണ്ടി നടത്തിയ ഈ മഹത്തായ കർമ്മത്തോടൊപ്പം എല്ലാ ദിവസവും ശിവസഹസ്രനാമ ലക്ഷാർച്ചനയും നടന്നിരുന്നു. ദീപാരാധനയ്ക്കുശേഷം എല്ലാ ദിവസവും ഭഗവതിസേവയും ഉണ്ടായിരുന്നു. വ്യക്തികളുടെയും കുടുംബത്തിന്റെയും നാടിന്റെയും ഐശ്വര്യത്തിനു വേണ്ടിയാണ് ഈ മഹായജ്ഞം നടത്തിയത്. തുടർന്ന് എല്ലാ വർഷവും ശിവരാത്രിക്കു തൊട്ടുമുമ്പുള്ള 11 ദിവസങ്ങളിലായി ശ്രീരുദ്രയജ്ഞം നടന്നു വരുന്നുണ്ട്.

## 29. തളിക്ഷേത്ര സാരഥികൾ

### 1. കേളപ്പജി (1969–71)

തളിക്ഷേത്ര സമരത്തിന്റെ വീരനായകനായ കേരള ഗാന്ധി കേളപ്പജി ഇഹലോകവാസം വെടിഞ്ഞ് ഭഗവൽപാദങ്ങളിൽ 1969 മാർച്ച് 23 മുതൽ 1971ൽ വിലയം പ്രാപിക്കുന്നതുവരെ തളി ക്ഷേത്രത്തിന്റെ പ്രസിഡന്റായി മഹത്തായ സേവനമാണ് അനുഷ്ഠിച്ചത്.



## 2. അഡ്വ. ടി. നാരായണൻ നമ്പ്യാർ (1971–75)

കേളപ്പജിയുടെ നിര്യാണത്തെത്തുർന്ന് തളിക്ഷേത്ര സംരക്ഷണ സമിതിയുടെ അദ്ധ്യക്ഷ പദവി അലങ്കരിച്ചത് അഡ്വ. ടി. നാരായണൻ നമ്പ്യാർ ആണ്. അതികായനായ കേളപ്പജിയുടെ വിയോഗം തളിക്ഷേത്ര പുനരുദ്ധാരണ രംഗത്ത് വലിയ ഒരു വിടവാണ് സൃഷ്ടിച്ചത്. ഈ അവസരത്തിൽ തളിക്ഷേത്ര പുനരുദ്ധാരണമെന്ന മഹത്തായ ദൗത്യം ഏറ്റെടുത്ത ശ്രീ. ടി. നാരായണൻ നമ്പ്യാരുടെ ത്യാഗോജ്ജ്വലമായ ജീവിതം ഏവർക്കും മാതൃകയായിട്ടുള്ളതാണ്. തളിക്ഷേത്ര പുനരുദ്ധാരണ രംഗത്ത് അദ്ദേഹം വഹിച്ച പങ്ക് ഒരിക്കലും വിസ്മരിക്കാൻ കഴിയുകയില്ല. ശ്രീ മഹാദേവന്റെ ദിവ്യ സന്നിധിയിൽ ഇദ്ദേഹം നിത്യാനന്ദം അനുഭവിച്ചു കൊണ്ട് വസിക്കുന്നുണ്ടാവും.

## 3. വേലായുധ മേനോൻ കൊറാത്ത് (1975–88)

ശ്രീ നാരായണൻ നമ്പ്യാരുടെ ദേഹവിയോഗത്തിനു ശേഷം തളിക്ഷേത്ര സംരക്ഷണ സമിതിയുടെ അദ്ധ്യക്ഷപദവി ഏറ്റെടുത്ത ശ്രീ. വി.എം. കൊറാത്ത് തളിക്ഷേത്ര സമരം ആരംഭിച്ചതുമുതൽ കേളപ്പജിയുടെ വലം കൈ ആയി പ്രവർത്തിച്ച മഹാത്മാവാണ്. തളിക്ഷേത്ര പുനരുദ്ധാരണത്തിൽ അദ്ദേഹത്തിന്റെ മഹത്തായ പ്രവർത്തനങ്ങൾ ഏവർക്കും മാതൃകയായിട്ടുള്ളതാണ്. ശ്രീ. വി.എം. കൊറാത്തും മംഗളമൂർത്തിയായ ശ്രീമഹാദേവന്റെ തിരുസന്നിധിയിൽ നിത്യാനന്ദം അനുഭവിച്ചു കൊണ്ട് കഴിയുന്നുണ്ടാവും.



## 4. സി.പി. ജനാർദ്ദനൻ (1989 – 1997)

ആലസ്യത്തിൽ ആണ്ടു കിടന്ന ഹൈന്ദവ ജനതയെ ഉണർത്തിയെടുക്കുന്നതിനും ധീരന്മാരായി കർമ്മരംഗത്തിറക്കുന്നതിനും നേതൃത്വം നൽകിയ മലബാറിലെ ഹിന്ദുക്കളുടെ വീരനായകനായ സി.പി. ജനാർദ്ദൻ, തളിക്ഷേത്ര സമരത്തിന്റെ അണിയറ ശിൽപ്പികളിൽ പ്രധാനിയാണ്. വി.എം. കൊറാത്തിനു ശേഷം തളിക്ഷേത്ര സംരക്ഷണ സമിതിയുടെ അദ്ധ്യക്ഷ പദവി ഏറ്റെടുത്ത സി.പി. ജനാർദ്ദനൻ 1997 വരെ ആ മഹത്തായ ദൗത്യം ഏറ്റെടുത്തു. സി.പി. ജനാർദ്ദനന്റെ ദിവ്യാത്മാവ് ശ്രീ മഹാദേവന്റെ തിരുസന്നിധിയിൽ നിത്യാനന്ദം അനുഭവിച്ചു കഴിയുന്നു.

## 5. ശ്രീ. എൻ.എം. കദംബൻ നമ്പൂതിരിപ്പാട്

1997 ൽ തളിക്ഷേത്രത്തിന്റെ അദ്ധ്യക്ഷ പദവി ഏറ്റെടുത്ത ശ്രീ. എൻ.എം. കദംബൻ നമ്പൂതിരിപ്പാട് തളിക്ഷേത്ര സംരക്ഷണ സമിതി അദ്ധ്യക്ഷൻ എന്ന നിലയിലും കേരള ക്ഷേത്ര സംരക്ഷണ സമിതി നായകൻ എന്ന നിലയിലും നിസ്വാർത്ഥ സേവനമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ശ്രീ. കദംബൻ നമ്പൂതിരിപ്പാട് ക്ഷേത്ര സംരക്ഷണരംഗത്തും ഹൈന്ദവ ജനതയുടെ സമുദ്ധാരണത്തിലും നടത്തിവരുന്ന പ്രവർത്തനങ്ങൾ ഏവർക്കും പ്രചോദനമേകുന്നു.

## 6. അഡ്വ. രാഘവൻ നായർ

തളിക്ഷേത്ര സംരക്ഷണ സമിതിയുടെ ആദ്യ സെക്രട്ടറിയായ രാഘവൻ നായരുടെ ത്യാഗോജ്ജ്വലമായ ജീവിതം ഏവർക്കും പ്രചോദനമരുളട്ടെ.

## 7. വി.കെ. ബാലചന്ദ്രൻ

തളിക്ഷേത്ര സംരക്ഷണ സമിതിയുടെ ആദ്യ സെക്രട്ടറിയായ അഡ്വ. രാഘവൻ നായർക്കു ശേഷം പതിറ്റാണ്ടുകൾ തളിക്ഷേത്ര

സംരക്ഷണ സമിതിയുടെ സെക്രട്ടറിയായി പ്രവർത്തിച്ച വി.കെ. ബാലചന്ദ്രൻ മാസ്റ്റർ തളിക്ഷേത്രത്തിന്റെ സമുദ്ധാരണത്തിൽ വഹിച്ച പങ്ക് അവിസ്മരണീയമാണ്. കേരള ക്ഷേത്ര സംരക്ഷണ സമിതി ഉപാദ്ധ്യക്ഷൻ എന്ന നിലയിൽ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിലും ഹൈന്ദവജനതയെ സമുദ്ധരിക്കുന്നതിനും വലിയ പങ്കാണ് വഹിച്ചത്. അദ്ദേഹത്തിന്റെ ദിവ്യാത്മാവ് ഭഗവൽപാദങ്ങളിൽ വിലയം പ്രാപിച്ച് നിത്യാനന്ദം അനുഭവിക്കുന്നു.

## 8. ശ്രീ. കെ. നാരായണൻ കുട്ടി

വി.കെ. ബാലചന്ദ്രൻ മാസ്റ്റർക്കു ശേഷം തളി ക്ഷേത്ര സംരക്ഷണ സമിതിയുടെ സെക്രട്ടറി പദം അലങ്കരിച്ചുവരുന്ന ശ്രീ. കെ. നാരായണൻകുട്ടി തളിക്ഷേത്രത്തിന്റെ ആധുനികവൽക്കരണത്തിൽ വലിയ പങ്കാണ് വഹിക്കുന്നത്. ക്ഷേത്രത്തിന്റെ പ്രൗഢി വർദ്ധിപ്പിക്കുന്നതോടൊപ്പം ക്ഷേത്ര ചൈതന്യം വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികളാണ് ഇപ്പോൾ നടത്തിവരുന്നത്.